www.malankaralibrary.com



SINCE 1976

# ഐക്യദീപം
AIKYADEEPAM

വില 10 രൂപ 2022 ഒക്ടോബർ – നവംബർ


## വിശ്വാസത്തിന്റെ ക്രൂരഭാവങ്ങൾ

## വിശ്വാസവും യുക്തിയും സാങ്കേതികവിദ്യയും

## ചോരമയം തീണ്ടാത്ത ആരാധനക്രമം

## കേരളം അന്ധവിശ്വാസങ്ങളുടെ വിളനിലമോ?

www.malankaralibrary.com



www.malankaralibrary.com



ഐക്യദീപം
aikyadeepam

2022 ഒക്ടോബർ – നവംബർ
പുസ്തകം 53 ലക്കം 10

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

മാനേജർ
ഫാ. മാത്യു പുനക്കുളം

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ

സർക്കുലേഷൻ മാനേജർ
ഫാ. തോമസ് ഇടത്തുംപടി

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്

ഉപദേശക സമിതി
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ
ഫാ. ഡോ. തോമസ് പാറയ്ക്കൽ
റവ. സി. അലീന എസ്.ഐ.സി.
റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു
ജയിസ് കോഴിമണ്ണിൽ
വർഗ്ഗീസ് ഐസക് തെക്കേടത്ത്

Annual Subscription Rs.120.00
Single Copy Rs. 10.00
Overseas: $40.00 or  2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. UBIN0811017
SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd.
Vadavathoor

Designed by : Greeshma Designs
Kottayam. Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral,
Tiruvalla - 689 101.
Phone: 0469-2600626
E-mail: aikyadeepamtvla@gmail.com

# ഉള്ളടക്കം
contents

4 എഡിറ്റോറിയൽ

5 ഇടയശബ്ദം

08
**വിശ്വാസവും യുക്തിയും സാങ്കേതികവിദ്യയും**
ഡോ. കെ. എം. ഫ്രാൻസിസ്



11
**ചോരമയം തീണ്ടാത്ത ആരാധനക്രമം**
പീറ്റർ സി. എബ്രഹാം



14
**കേരളം അന്ധവിശ്വാസങ്ങളുടെ വിളനിലമോ ?**
ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്



18
**കാലഘട്ടത്തിന്റെയും ഐക്യത്തിന്റെയും പ്രവാചകൻ**
ഫാ. ജോർജ്ജ് തേക്കടയിൽ



22
**കുറ്റവാളികളുടെ മനസ്സ് മനഃശാസ്ത്ര കണ്ണുകളിലൂടെ**
സി. ഡോ. ഗ്രേസ് എസ്.ഐ.സി.



## സ്ഥിരം പംക്തികൾ

34. **സുറിയാനി സഭാ പാരമ്പര്യം**
ഫാ. ജോസഫ് കളരിപ്പറമ്പിൽ

37. **ജാലകം**
മെർലിൻ മേരി മാത്യു

38. **ആരോഗ്യം**
ഡോ. ജോ എബ്രഹാം

40. **ബാലദീപം**
ഡോ. ബാബു ഫിലിപ്പ്

42. **സുറിയാനി ഭാഷാ പഠനം**
ഫാ. ഡോ. രാജു പറക്കോട്ട്

44. **പുസ്തക അവലോകനം**
ഷാജി ജോർജ്ജ്

50. **മല്പാനോട് ചോദിക്കാം**

www.malankaralibrary.com

# എഡിറ്റോറിയൽ



## Editorial



തമസിന്റെ മൂടുപടം മനസ്സിൽ നിന്ന് നീക്കി അവിടെയൊരു ദീപത്തിന്റെ തെളിമ സൃഷ്ടിക്കുവാൻ കഴിയുന്നവനാരോ അവനാണ് ഗുരു. സൂര്യനുദിക്കുമ്പോൾ രാത്രി എവിടെയോ പോയി മറയുന്നത് പോലെ, ചില അന്ധകാരങ്ങൾ മാഞ്ഞു പോകേണ്ടതാണ്. എന്നാൽ ചില അന്ധകാരങ്ങൾ മാറുന്നില്ലായെങ്കിൽ ചിലരുടെ കണ്ണുകളെ അത് പിന്നെയും അന്ധമാക്കുന്നുവെങ്കിൽ വിദ്യാദീപം ആ മനസ്സുകളിൽ ഇനിയും ജ്വലിച്ചിട്ടില്ല. 'വിശ്വാസം അതല്ലേ എല്ലാം' എന്ന പരസ്യവാക്യം നാം മറന്നിട്ടുണ്ടാവില്ല... വിശ്വാസം ജീവിതത്തിന് അത്യാവശ്യമാണ്... അത് ദൈവത്തോടും മനുഷ്യനോടും. ദൈനംദിനം നാം കണ്ടുമുട്ടുന്നവരിലും അടുത്തിടപഴകുന്നവരിലും സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും കണികകൾ ഉണ്ടെങ്കിൽ മാത്രമേ സാമൂഹ്യജീവിതം സാധ്യമാകൂ. ഒരു ഹോട്ടലിൽ ഭക്ഷണം കഴിക്കുമ്പോൾ അല്ലെങ്കിൽ ഒരു ബാർബർഷോപ്പിൽ തലമുടി വെട്ടുമ്പോൾ നമ്മൾ അവരെ വിശ്വസിക്കുകയാണ്. നമ്മുടെ ജീവന് ഒരു പോറൽ പോലും ഏൽക്കാതെ അവർ തിരികെ നൽകുമെന്ന ചിന്ത. ഇതൊരു വിശ്വാസം ആണ്. ഈ വിശ്വാസം ഇന്ന് തകർക്കപ്പെടുകയാണ്. ജീവന് കൊടുക്കേണ്ട വിലയോ മാന്യതയോ നൽകപ്പെടുന്നില്ല.


വിശ്വാസങ്ങൾ അന്ധവിശ്വാസങ്ങൾ ആകുമ്പോൾ സാമൂഹിക ജീവിതം അപകടകരമാംവിധം ഭയാനകമാകുന്നു. ഇന്ന് കേരളത്തിൽ നാം കേൾക്കുന്ന പല സംഭവങ്ങളും വിശ്വാസം അന്ധതയുടെ അനുഭവത്തിലേക്ക് കടക്കുന്നു എന്നതിന്റെ സൂചനകളാണ്. മതവിശ്വാസം യുക്തികൊണ്ട് അളക്കേണ്ടത് അല്ല എങ്കിൽ പോലും യുക്തിക്ക് നിരക്കാത്തതും പൊതുബോധത്തിന് എതിരുമായ പല കാര്യങ്ങളും ഇന്ന് തല ഉയർത്തുകയാണ്.

ചില ആനുകാലിക സംഭവങ്ങളിലെ വർദ്ധിച്ചുവരുന്ന അന്ധവിശ്വാസത്തിന്റെ സ്വാധീനം നമ്മൾ കാര്യമായി ചിന്തിക്കേണ്ടതാണ്. കേരളം എവിടേക്കാണ് നീങ്ങുന്നത്? വിശ്വാസങ്ങളുടെ പേരിൽ മറ്റുള്ളവരുടെ ജീവൻ പോലും അപഹരിക്കുവാൻ ഓരോ കാരണങ്ങൾ കണ്ടെത്തുന്നു എന്നത് നമ്മെ ഭയപ്പെടുത്തേണ്ട യാഥാർത്ഥ്യമാണ്. നടന്ന സംഭവങ്ങളെ ഇഴകീറി പരിശോധിക്കാൻ അല്ല മറിച്ച് സമൂഹത്തിന് അന്ധതയിൽനിന്ന് പ്രകാശത്തിലേക്കുള്ള വാതിൽ ചൂണ്ടിക്കാണിക്കുന്ന ഒരു കൈവിരൽ ആകുവാനുള്ള എളിയ ശ്രമമാണിത്. ഈ ലക്കം ഐക്യദീപം ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്നു.

സ്നേഹം ഇനിയും ശക്തമാകട്ടെ... വിശ്വാസം കൂടുതൽ ദൃഢമാകട്ടെ... സ്നേഹം കൊണ്ടു സ്വയം മുറിഞ്ഞും... വിശ്വാസം കൊണ്ട് വീണ്ടും അലിഞ്ഞും നമുക്ക് യാത്ര തുടരാം.

ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
ചീഫ് എഡിറ്റർ

www.malankaralibrary.com



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)

## ഇടയശബ്ദം

# വിശ്വാസം അന്ധവിശ്വാസമാകുമ്പോൾ

മനുഷ്യൻ ഏറെ നിഗൂഢനായ ഒരു ജീവിയായി തുടരുന്നു. അവന്റെ മനസിലും ബുദ്ധിയിലും വ്യാപാരങ്ങളിലും എന്താണ് സംഭവിക്കുന്നതെന്ന് അറിയാൻ കഴിയുന്നില്ല. നിഗൂഢതയും പൊയ്മുഖങ്ങളും ബാല്യകാല തിക്താനുഭവങ്ങളും സമൂഹത്തിൽ നിലനിൽക്കുന്ന ശൈലികളും പെരുമാറ്റങ്ങളും മനുഷ്യനെ സ്വാധീനിക്കുന്നു. എല്ലാ മനുഷ്യരുടെയും ഇടയിൽ ഏതെങ്കിലും തരത്തിലുള്ള യുക്തിയില്ലാത്ത ചിന്തകളും പെരുമാറ്റങ്ങളും ഉണ്ട്. ഇവയെ ആരും അപഗ്രഥിക്കുകയോ ഗൗരവമായി കാണുകയോ ചെയ്യുന്നില്ലായിരിക്കാം. എന്നാൽ ചിലർ ഇവയെ വിശ്വാസത്തിന്റെയും പെരുമാറ്റത്തിന്റെയും ഭാഗമാക്കിയിരിക്കുന്നു. ഇത് സ്വജീവിതത്തിൽ എന്തെങ്കിലും വിഷയങ്ങൾ ഉണ്ടാക്കിയാൽ ആരെയും ബാധിക്കണമെന്നില്ല. എന്നാൽ സഹജീവികളുടെയും കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും നന്മയെയും സുസ്ഥിതിയെയും ബാധിക്കുമെങ്കിൽ അവയെ തിരുത്തുകതന്നെ വേണം. ഈ അടുത്തനാളിൽ വിദ്യാഭ്യാസത്തിനും യുക്തിചിന്തകൾക്കും കേൾവികേട്ട കേരളത്തിൽ നടന്ന നരഹത്യ എത്ര സങ്കടത്തോടും നടുക്കത്തോടുമാണ് നാം കേട്ടത്. സാക്ഷരതയ്ക്കു കേൾവികേട്ട നമ്മുടെ സംസ്ഥാനത്ത് ഇത്രമാത്രം ആത്മികസങ്കേതങ്ങൾ ഉള്ള നമ്മുടെ നാട്ടിൽ എന്തേ ഇതു സംഭവിച്ചു. യുക്തിക്കപ്പുറം മറ്റൊന്നുമില്ല എന്നു ചിന്തിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ ഭരിക്കുന്ന കേരളത്തിൽ ഇപ്രകാരമുള്ള സംഭവങ്ങൾ ഏറെ വിരളമെങ്കിലും അവയെ ഗൗരവമായും യുക്തിഭദ്രമായും യഥാർത്ഥ ആത്മീയ അന്തസത്തകൊണ്ടും നേരിടേണ്ടതുണ്ട്. ഈ ലക്കം ഐക്യദീപം ഈ കാര്യങ്ങളിലേക്ക് അൽപ്പം വെളിച്ചം തരുവാൻ ശ്രമിക്കുകയാണ്. ഏറെ പ്രസക്തമായ ഈ പഠനം എല്ലാവർക്കും ഉപകാരപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

മനുഷ്യന്റെ സ്വഭാവത്തെയും പ്രവൃത്തികളെയും നിയന്ത്രിക്കുന്നതിൽ ഭയത്തിനു വലിയ സ്വാധീനം ഉണ്ട്. പലതരത്തിലുള്ള ഭയങ്ങൾ ഉണ്ട്. ഇരുട്ട്, മൃഗങ്ങൾ എന്നിവയെ ഭയക്കുന്ന തരത്തിലുള്ള 100 ലധികം ഫോബിയാസ് – അല്ലെങ്കിൽ അടിസ്ഥാനമില്ലാത്ത പെരുമാറ്റവൈകല്യങ്ങൾ ഉണ്ട്. അൽപ്പം ഭയം നല്ലതാണ്. അതു പ്രകൃതിതന്നെ നമുക്കു നല്കിയതാണ്. അതിന്റെ ഉദ്ദേശം നമ്മൾ അൽപ്പം കൂടി സൂക്ഷ്മമായി, ശ്രദ്ധയോടെ പെരുമാറണം, പ്രവർത്തിക്കണം എന്നതാണ്. പരീക്ഷ പേടിയുള്ളവരുണ്ട്. നന്നായി ഒരുങ്ങുവാനുള്ള ഒരു അവസരം എന്നതല്ലാതെ അമിതമായ ഉത്ക്കണ്ഠയ്ക്കുള്ളതാവരുത്. വലിയ പരീക്ഷകൾ കഴിഞ്ഞ് ചില കുട്ടികളെങ്കിലും അമിതമായി വ്യസനിച്ചിരിക്കുന്നതും അപൂർവ്വമായിട്ടെങ്കിലും സ്വജീവൻ അപഹരിക്കുന്ന തലം വരെ എത്തുന്നതും നാം കണ്ടിട്ടുണ്ട്. പരാജയത്തെ ഭയപ്പെടുന്ന ഈ പ്രവണത പരിഹരിക്കണം. നമ്മുടെ മുൻരാ

മനുഷ്യന്റെ സ്വഭാവത്തെയും പ്രവൃത്തികളെയും നിയന്ത്രിക്കുന്നതിൽ ഭയത്തിനു വലിയ സ്വാധീനം ഉണ്ട്. പലതരത്തിലുള്ള ഭയങ്ങൾ ഉണ്ട്. ഇരുട്ട്, മൃഗങ്ങൾ എന്നിവയെ ഭയക്കുന്ന തരത്തിലുള്ള 100 ലധികം ഫോബിയാസ് – അല്ലെങ്കിൽ അടിസ്ഥാനമില്ലാത്ത പെരുമാറ്റവൈകല്യങ്ങൾ ഉണ്ട്. അൽപ്പം ഭയം നല്ലതാണ്. അതു പ്രകൃതിതന്നെ നമുക്കു നല്കിയതാണ്. അതിന്റെ ഉദ്ദേശം നമ്മൾ അൽപ്പം കൂടി സൂക്ഷ്മമായി, ശ്രദ്ധയോടെ പെരുമാറണം, പ്രവർത്തിക്കണം എന്നതാണ്.

www.malankaralibrary.com

ഷ്ട്രപതി അതിനെ വിളിച്ചത് First Attempt In Learning എന്നാണ്. അതായത് അറിവിന്റെ സമാഹരണത്തിലെ ആദ്യത്തെ സംരംഭം എന്ന്. എത്ര ശരിയാണ്. മനുഷ്യൻ ഭയത്തെ നേരിടുന്നതിന് അനേകം മാർഗങ്ങൾ തേടുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് സമൂഹത്തിൽ നിലനിൽക്കുന്ന ചില അന്ധവിശ്വാസങ്ങൾ. ആരംഭത്തിൽ പല നല്ല കാര്യങ്ങൾ പഠിപ്പിക്കുവാൻ പൂർവ്വികർ ശ്രമിച്ചിരുന്ന സങ്കേതങ്ങളായിരുന്നു. എന്നാൽ അവ ദോഷങ്ങളോ ശിക്ഷകളോ ആപത്തുകളോ ഒക്കെയായി കൂട്ടിക്കുഴച്ച് മനുഷ്യമനസ്സുകളിൽ തിരികി കയറ്റി. അപ്പോൾ നന്മ കാണുന്നതിനു പകരം ദോഷങ്ങളോ ആപത്തുകളോ മാത്രം കാണാൻ തുടങ്ങി. അതു ഫലനീഭവിച്ച് സംസ്കാരങ്ങളുടെ ഭാഗമായി. അവ നാം അറിയാതെ നമ്മുടെ ജീവിതശൈലികളുടെ ഭാഗമായി.

മനുഷ്യന്റെ സ്വഭാവത്തിൽ ഏറെ പ്രകടമാകുന്ന ഒരു പ്രത്യേകതയാണ് ആർത്തി. കുട്ടിയായിരിക്കുമ്പോൾ മുതൽ നമുക്കുള്ള രീതിയാണ് എല്ലാം സ്വന്തമാക്കുവാൻ. കുട്ടി അവന്റെ വിലയും മഹത്വവും പ്രാധാന്യവും മനസ്സിലാക്കുന്നത് അവനെന്തെല്ലാം ഉണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണ്. എല്ലാം അവനെ കേന്ദ്രീകരിച്ചാവണം. എല്ലാം അവനുവേണ്ടിയാണെന്നുള്ള ചിന്തയാണ്. തീർച്ചയായും കുട്ടി വളരുമ്പോൾ അവൻ മറ്റുള്ളവരെ കാണുകയും അവരുടെ ആവശ്യങ്ങൾ കാണുകയും ചെയ്യേണ്ടതും പങ്കുവയ്ക്കലിന്റെ അരൂപി വളർത്തിയെടുക്കുകയും ചെയ്യേണ്ടതാണ്. വിദ്യാഭ്യാസം, ആത്മികപോഷണം ഇവയെല്ലാം ഈ സംസ്കൃതിയിലേക്ക് അവനെ കൊണ്ടുവരുന്നതിനാണ്. എന്നാൽ മനുഷ്യൻ വളരുന്തോറും ആർത്തി കൂടിവരുന്നതായി നാം കാണുന്നു. തികച്ചും സ്വാർത്ഥതയും തൻപ്രമാണിത്വവും വർദ്ധിക്കുന്നു. അധികാരമുപയോഗിച്ചും സ്വാധീനം ഉപയോഗിച്ചും മറ്റു കുൽസിതമാർഗങ്ങൾ വഴിയും ഈ ആർത്തിയുടെ ദുർഭൂതത്തെ ഇറക്കിവിടുന്നു. അത് ഒരു പരിധി കഴിഞ്ഞാൽ പിന്നെ നിയന്ത്രിക്കുവാൻ സാധിക്കാതെ എല്ലാത്തരത്തിലുമുള്ള തിന്മയിലേക്കും കുറ്റകൃത്യങ്ങളിലേക്കും എത്തിച്ചേരുന്നു. തോക്കുകൾ, ലഹരിവസ്തുക്കൾ, മന്ത്രവാദങ്ങൾ, സംഘടിതമായ ഗുണ്ടായിസം, അധികാരദുർവിനിയോഗങ്ങൾ, ആത്മീയമായോ അല്ലാത്തതോ ആയ സ്വാധീനങ്ങൾക്ക് അടിമയായി സുബോധം നഷ്ടപ്പെടുന്ന അവസ്ഥകൾ തുടങ്ങിയവ വഴി മനുഷ്യന്റെ ദുർബലമായ അവസ്ഥയെ ചൂഷണം ചെയ്ത് കൊഴുത്തുമെഴുക്കുന്നു. സമൂഹത്തിൽ തിന്മ പെരുകുന്നതിന്റെ കാരണം പ്രധാനമായും ഭയത്തിൽനിന്നും വരുന്ന പെരുമാറ്റങ്ങളും അവയ്ക്കുള്ള കുൽസിതമായ മുൻകരുതലുകളുടെ, പ്രതിരോധങ്ങളുടെ നടപടികളുമാണ്. ഏറ്റവും കൂടുതൽ ക്രൂരകൃത്യം ചെയ്യുന്നവരാണ് ഏറ്റവും കൂടുതൽ ഭയമുള്ളവർ.

നന്മയെ പരിപോഷിപ്പിക്കുവാനും തിന്മയെ നിയന്ത്രിക്കുവാനും സമൂഹത്തിൽ നിയമങ്ങളും നിയമവ്യവസ്ഥിതികളും ഉണ്ട്. ആരുടെയും അവകാശങ്ങൾ കവർന്നെടുക്കുവാൻ ഒരു ജനാധിപത്യവ്യവസ്ഥിതിയിൽ സാദ്ധ്യമല്ല. എന്നാൽ അതിനെ മറികടക്കുവാൻ മനുഷ്യൻ സ്വാധീനവും പണവും അധികാരവും ഉപയോഗിക്കുന്ന അവസ്ഥകൾ നമ്മുടെ കൺമുൻപിലുണ്ട്. ആയതുകൊണ്ട് തെറ്റുചെയ്താലും പിടിക്കപ്പെടാതിരുന്നാൽ മതിയെന്നും, അല്ലെങ്കിൽ രക്ഷപ്പെട്ടാൽ മതിയെന്നും ചിന്തിച്ച് മനുഷ്യൻ പെരുമാറുന്നു. നിയമവ്യവസ്ഥിതി ദുർബലമാകുമ്പോൾ ധാരാളം നൊമ്പരങ്ങൾ സമൂഹത്തിൽ ഉണ്ടാകും. അന്യായമായവ പലതും സംഭവിക്കും. ദുർബലരുടെ അവസ്ഥ ദയനീയമായിത്തീരും. സമൂഹം തണുത്തുറഞ്ഞു പോകും. മനഃസാക്ഷി മരവിക്കും. തിന്മയെ നന്മയെന്നും നന്മയെ തിന്മയെന്നും കരുതും. അവയ്ക്കു കുടപിടിക്കുവാൻ മതാചാരങ്ങളെയും വിശ്വാസരീതികളെയും ആശ്രയിക്കും. ദൈവത്തെ മനുഷ്യൻ സൃഷ്ടിക്കും. ആ ദൈവത്തിന്റെ മുമ്പിൽ അഴിഞ്ഞാടും. മിണ്ടാപ്രാണിയായ ദൈവത്തെയാണ് മനുഷ്യനിഷ്ടം. സീനായ്മലയിൽ കാളക്കുട്ടിയെ ഉണ്ടാക്കിയപ്പോൾ ജീവനുള്ള ദൈവം ഇടപെട്ടത് അതു തിന്മയായതുകൊണ്ടാണ്. മനുഷ്യന്റെ ആഗ്രഹം തന്റെ ഇംഗിതത്തിന് തലയാട്ടുന്ന, തന്റെ ഇഷ്ടങ്ങൾ സാധിച്ചുതരുന്ന, ഒരിക്കലും മനഃസാക്ഷിയിൽ ഭാരമുണ്ടാക്കാത്ത ഒരു ദൈവത്തെയാണ്. കാളക്കുട്ടിയായ ദൈവം അതായിരുന്നു. അതിന്റെ മുമ്പിൽ അഴിഞ്ഞാ

## ഓർമ്മപ്പെരുന്നാൾ

നവംബർ 03



**അഭി. പൗലോസ് മാർ പീലക്സിനോസ് തിരുമേനി**

**ഓർമ്മത്തിരുന്നാൾ (1998)**

www.malankaralibrary.com

ടാനും തിന്നുകുടിക്കുവാനും ഒക്കെ സാധിക്കും. മനുഷ്യൻ മെരുക്കിയെടുത്ത ഒരു ദൈവം. ഉരിയാടാത്ത ദൈവം. ഒന്നും കാണാത്ത ഒരു രൂപം. മനുഷ്യന് എന്നും ഇഷ്ടം ഇങ്ങനെയുള്ള ഒരു രൂപത്തെയാണ്. നാം ഇന്നു കാണുന്ന എല്ലാ തിന്മകളുടെയും കാരണം മനുഷ്യൻ യഥാർത്ഥ, ജീവനുള്ള ദൈവത്തിൽ വിശ്വസിക്കാത്തതുകൊണ്ടാണ്.

ദൈവവിശ്വാസത്തിന്റെ മാറ്റുരയ്ക്കുന്ന കല്ലാണ് സഹോദരസ്നേഹം, പ്രകൃതിസ്നേഹം, സമാധാനം, വികസനം ഇവ. മനുഷ്യനെയും സഹജീവികളെയും പ്രകൃതിയേയും സ്നേഹിക്കുവാൻ പഠിപ്പിക്കാത്ത മതവിശ്വാസം, ഈശ്വരവിശ്വാസം എന്നിവ അപകടകരമാണ്. അത് മതവുമായും ഈശ്വരനന്മയുമായും ആത്മികതയുമായും പുലബന്ധം പോലും ഇല്ല. ഇവിടെ മതവികാരങ്ങളെ ഉപയോഗിച്ച് മറ്റുള്ളവരെ വരുതിക്ക് നിർത്തുവാനും സ്വയസാമ്രാജ്യം പടുത്തുയർത്തുവാനുമാണ് ശ്രമിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് മതവും മതവിശ്വാസങ്ങളും ആപൽക്കരമാകുന്നതും നന്മയ്ക്കുപകരം തിന്മയും ജീവനുപകരം മരണവും സമാധാനത്തിനു പകരം യുദ്ധവും സഹവർത്തിത്വത്തിനു പകരം അസഹിഷ്ണുതയും ഉണ്ടാകുന്നത്. കഴിഞ്ഞ കുറെ കാലങ്ങളായി മതത്തെ സൗകര്യപൂർവ്വം ഉപയോഗിച്ച് അധികാരവും സ്വാധീനവും കൈവരിക്കുന്ന ദയനീയ കാഴ്ച നാം കണ്ടുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ ബുദ്ധിയെയും യുക്തിയെയും അടിച്ചമർത്തി മതത്തിന്റെ മൂടുപടം അണിഞ്ഞ് ചിലർ മാത്രം തിന്നുകൊഴുക്കുകയും മറ്റുള്ളവർ ദുരുപയോഗിക്കപ്പെടുകയും ചെയ്യുന്നു. മതം, മതവിശ്വാസം ഇവ ചൂഷണം ചെയ്യുന്നതിനു യാതൊരു അറപ്പും കാണിക്കാത്ത നമ്മുടെ സമൂഹത്തിൽ അനാചാരങ്ങൾ വർദ്ധിക്കുകയേയുള്ളൂ. വിശ്വാസം യുക്തികൊണ്ട് ഭദ്രമായതാണ്. ദൈവം മനുഷ്യനു ബുദ്ധി നൽകിയിട്ടുണ്ടെങ്കിൽ ആ ബുദ്ധിക്കു വിപരീതമാകുന്നതൊന്നും ദൈവീകവുമല്ല. ബുദ്ധിയും വിശ്വാസവും ഒരുമിച്ചു പോകേണ്ടതുതന്നെയാണ്. കാരണം രണ്ടിന്റെയും ഉറവിടം ദൈവം തന്നെയാണ്.

വി. തോമസ് അക്വീനാസ് എന്ന വലിയ ദൈവശാസ്ത്രജ്ഞൻ ഈ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ പഠനങ്ങൾ നൽകിയിട്ടുണ്ട്. വിശ്വാസം യുക്തിഭദ്രമാണ്. എന്നാൽ വിശ്വാസം യുക്തിക്കതീതവുമാണ്. അത് യുക്തിക്ക് വിപരീതമല്ല, അതീതമാണ്. അതുപോലെ യുക്തിയുടെ അടിസ്ഥാനത്തിലല്ല ഞാൻ വിശ്വസിക്കുന്നത് – മറിച്ച് ഞാൻ വിശ്വസിക്കുന്നത് യുക്തിപരമായി എനിക്കു സമർത്ഥിക്കുവാനും മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുവാനും സാധിക്കും. "Faith without reason is blind and reason without faith is empty." വിശ്വാസമില്ലാത്ത യുക്തി ശൂന്യവും യുക്തിയില്ലാത്ത വിശ്വാസം അന്ധവുമാണ്. വിശ്വാസം അന്ധവിശ്വാസമാകാതിരിക്കുവാൻ അതു യുക്തിയിൽ സ്ഫുടം ചെയ്തതായിരിക്കണം. ഈ മേഖലയിൽ ഇന്നു വലിയ തെറ്റുകൾ സംഭവിക്കുന്നു. യുക്തിയെ പൂർണമായി ഉപേക്ഷിച്ച് വിശ്വാസത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ അവസാനിപ്പിക്കണം. സിദ്ധരെന്നു വിളിക്കപ്പെടുമ്പോൾ ഒരുപാടു ലാഭം ഉണ്ടാകും. പേരും പ്രശസ്തിയും വർദ്ധിക്കുന്നതോടൊപ്പം പണവും സ്വാധീനവും വർദ്ധിക്കുന്നു. അനേകം കുട്ടിദൈവങ്ങൾക്കു പിറവി സംഭവിക്കും. പാവപ്പെട്ട മനുഷ്യർ വഞ്ചിതരാകും.

എന്താണിതിനു പോംവഴി. കുറുക്കുവഴികളും ആൾദൈവങ്ങളുടെ പിറകെയുള്ള പരക്കംപാച്ചിലും ഒട്ടും ദൈവീകമല്ല. ദൈവം എല്ലാവരുടേതുമാണ്. ആ



ദൈവം ആർക്കെങ്കിലും തന്നെത്തന്നെ വിറ്റിട്ടില്ല. ഇന്ന് അതൊക്കെ ഉണ്ടാകുമ്പോൾ പ്രീതിപ്പെടുത്താവുന്ന ഒരു മാനുഷിക ദൈവമല്ല നമ്മുടെ ദൈവം എന്നും ഓർക്കുക. വെളിപാടിന്റെ ദൈവമാണ്. താൻ സ്നേഹവും കൂട്ടായ്മയും ജീവനും സത്യവും സ്വാതന്ത്ര്യവുമാണെന്ന് തെളിയിച്ചിരിക്കുന്നു. അല്ലാത്തവയെല്ലാം തിന്മയിലേക്കു ചാഞ്ഞിരിക്കുന്നു. ദൈവം കണക്ക് പറഞ്ഞ് തന്റെ മഹത്വം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നവനല്ല. നമ്മെ പൂർണമായി സൃഷ്ടിച്ചു എന്നു മാത്രമല്ല ദൈവത്തോടുപോലും അനുസരണക്കേടു കാണിക്കുമ്പോൾ ക്ഷമിക്കുന്ന ദൈവത്തിന്റെ സ്വഭാവമാണ് നമ്മെ അത്ഭുതപ്പെടുത്തുന്നത്. ഈ ദൈവത്തെ സ്നേഹിക്കണം. ഈ ദൈവം സ്വാതന്ത്ര്യം നൽകുന്നവനാണ്. നമ്മുടെ സന്തോഷത്തിൽ പങ്കുചേരുന്നവനും ദുഃഖത്തിൽ പങ്കുപറ്റുന്നവനുമായ ദൈവമാണ്. ആരെയും മാറ്റിനിർത്തുന്നില്ല. എല്ലാവരും ഏകോദരസഹോദരങ്ങളാണ്. സഹജീവികളെ ഉപദ്രവിക്കുന്നതും വെറുപ്പു കാണിക്കുന്നതും ദൈവീകതയുടെ ലക്ഷണമല്ല. ഇനിയും ഇങ്ങനെയുള്ളവ നമ്മുടെ സമൂഹത്തിൽ ഉണ്ടാവാതിരിക്കട്ടെ. ●

www.malankaralibrary.com






ഡോ. കെ.എം. ഫ്രാൻസിസ്

ഭൗതികശാസ്ത്രത്തിൽ മനുഷ്യന് ഉപകാരപ്രദമായ അനേകം സംഭാവനകൾ നൽകിയ സർ ഐസക്ക് ന്യൂട്ടന്റെ പ്രധാനപ്പെട്ട പ്രമേയമാണ് മൂന്ന് യാഥാർത്ഥ്യങ്ങളുടെ പ്രശ്നം (Three body problem). സൗരയൂഥത്തിൽ അനേകം ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ഉണ്ട്. അവ പരസ്പരം ആകർഷിക്കപ്പെട്ടാൽ അവയുടെ സഞ്ചാരപഥം മാറിപ്പോകും. എന്നാൽ ഇത്തരം ഒരു പ്രശ്നത്തിൽപ്പെടാതെ സൂര്യൻ, ഭൂമി, ചന്ദ്രൻ എന്നിവ അതിന്റെ സന്തുലിതാവസ്ഥ നിലനിർത്തി ഭൂമിയിലെ ജീവജാലങ്ങളുടെ നിലനില്പ്പും വളർച്ചയും ഭദ്രമാക്കുന്നു. ഈ സന്തുലിതാവസ്ഥയെ വ്യാഖ്യാനിക്കുന്ന ഒരു ഗണിതശാസ്ത്രതത്വം കണ്ടെത്താനാണ് ന്യൂട്ടൺ ശ്രമിച്ചത്.

ഇന്ന് മനുഷ്യസമൂഹം, പ്രത്യേകിച്ച് ദൈവവിശ്വാസികൾ നേരിടുന്ന ഒരു പ്രതിസന്ധി ഇതിന് സമാനമാണ്. 1. ദൈവവിശ്വാസം 2. യുക്തിചിന്ത 3. സാങ്കേതികവിദ്യയും അത് സൃഷ്ടിച്ച ഭൗതിക ജീവിതസുഖങ്ങളുടെ സാധ്യതയും സമൂഹത്തിലെ മൂന്ന് യാഥാർത്ഥ്യങ്ങളാണ്. ഈ യാഥാർത്ഥ്യങ്ങളെ സമതുലിതാവസ്ഥയിൽ കൊണ്ടുവന്ന് എങ്ങനെ പൊതുനന്മ വർദ്ധിപ്പിക്കാം? അതിനാവശ്യമായ താത്വിക കാഴ്ചപ്പാട് എന്താണ്?

## അക്കാദമിയും ജറുസലേമും

അക്കാദമിക്ക് ജറുസലേമിൽ എന്ത് കാര്യം? എന്നത് ക്രിസ്ത്യൻ സഭാപിതാവായ തെർതുല്യന്റെ വാക്കുകളാണ്. ഇവിടെ അക്കാദമിയെന്നാൽ അർത്ഥമാക്കുന്നത് യുക്തിചിന്തയെ വളർത്തിയിരുന്ന ഗ്രീക്ക് അക്കാദമികളാണ്. ജറുസലേം എന്നാൽ വിശ്വാസിസമൂഹം എന്ന അർത്ഥമാണ്.

www.malankaralibrary.com

യേശുക്രിസ്തുവിനെ, മനസ്സിലാക്കാൻ "വിശ്വാസം മാത്രം" പര്യാപ്തമാണോ? ഈ ചോദ്യത്തിന് വിശ്വസിക്കുന്നത് മനസ്സിലാക്കാൻ യുക്തിയുടെ ആവശ്യമില്ലെന്ന് പല സഭാപിതാക്കന്മാരും വാദിച്ചു. അതുകൊണ്ട് അക്കാദമിക് പഠനം യേശുവിനെ മനസ്സിലാക്കാൻ ഉപയുക്തമല്ല എന്ന് ചിലർ വാദിച്ചു. ഈ വാദം മൂലം ക്രിസ്ത്യാനികൾ വിവരംകെട്ട പമ്പര വിഡ്ഢികളാണെന്ന ധാരണ റോമാസാമ്രാജ്യത്തിൽ പ്രബലമായി. പക്ഷെ ആദിമസഭയിൽത്തന്നെ ഇത് തെറ്റാണെന്ന് തിരിച്ചറിയുകയും വെളിപാടുകൾ യുക്തിയുടെ വെളിച്ചത്തിൽ പരിശോധിക്കുവാനും വ്യാഖ്യാനിക്കുവാനും ആരംഭിച്ചു. ഇത്തരത്തിൽ വിശ്വാസം നൽകുന്ന വെളിപാടുകൾ യുക്തികൊണ്ട് വിവേചിക്കുമ്പോൾ ലഭിച്ച ഉത്തരങ്ങളാണ് ദൈവശാസ്ത്രമായി രൂപംകൊണ്ടത്. തത്വചിന്തകർ വിശ്വാസത്തെ ചോദ്യം ചെയ്യുമ്പോൾ നാം ഒളിച്ചോടരുത്. വി. പത്രോസ് ഇപ്രകാരം പറയുന്നു: "നിന്റെ പ്രത്യാശയുടെ കാരണമെന്തെന്ന് ചോദിക്കുന്നവനോട് ഉത്തരം പറയാൻ സദാ ജാഗരൂകനായിരിക്കുവിൻ" (1 പത്രോസ് 3:15). വിശ്വാസം ചോദ്യം ചെയ്യപ്പെടുമ്പോൾ യുക്തി ഉപയോഗിച്ച് നല്കുന്ന മറുപടികളാണ് ഇന്ന് നാം ദൈവശാസ്ത്രമായി പഠിക്കുന്നത്.

എന്നാൽ ഓരോ മറുപടി നല്കുമ്പോഴും പുതിയ ചോദ്യങ്ങളുമായി തത്വശാസ്ത്രം മുന്നോട്ടു വരും. അപ്പോൾ പുതിയ ഉത്തരവുമായി വിശ്വാസികൾ മുന്നോട്ടുവരണം.

എന്നാൽ മാർട്ടിൻ ലൂഥറിന്റെ നവീകരണവാദങ്ങളിൽ ചില ശരികളുണ്ടെങ്കിലും 1. വിശ്വാസം മാത്രം മതി; യുക്തിവേണ്ട 2. ബൈബിൾ മാത്രം മതി; സഭാപിതാക്കന്മാരുടെ പാരമ്പര്യങ്ങളോ വ്യാഖ്യാനങ്ങളോ പ്രയോജനമല്ല എന്നീ രണ്ടു വാദങ്ങൾ ക്രിസ്തുമത വിശ്വാസത്തെ സമൂഹത്തിന്റെ മുൻപിൽ പരിഹാസപാത്രമാക്കി.

വിശ്വാസത്തെ യുക്തികൊണ്ട് മനസ്സിലാക്കാൻ പരിശ്രമിക്കാതെവരുമ്പോഴാണ് അന്ധവിശ്വാസം രൂപംകൊള്ളുന്നതെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 'വിശ്വാസവും യുക്തിയും' എന്ന ചാക്രിക ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു. യുക്തിയില്ലാതായാൽ വിശ്വാസം അന്ധവിശ്വാസമാകുന്നതുപോലെ വിശ്വാസമില്ലാതായാൽ തത്വശാസ്ത്രം മനുഷ്യന്റെ നിലനിൽപ്പിന് അപകടമാകുമെന്നും മാർപ്പാപ്പ പ്രസ്തുത ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണമായി യുക്തികൊണ്ട് ഒരു പറുദീസ കെട്ടിപ്പടുക്കാൻ മുന്നോട്ടുവന്ന മാർക്സിയൻ തത്വശാസ്ത്രം ചീട്ടുകൊട്ടാരംപോലെ തകർന്നടിഞ്ഞതിന് ചരിത്രം സാക്ഷിയായി. അനേകരെ കൊന്നൊടുക്കി സൃഷ്ടിച്ച സോവിയറ്റ് യൂണിയൻ അപ്രത്യക്ഷമായി. മറിച്ച് മനുഷ്യനെ മറക്കുന്ന യുക്തിയെ ഉപേക്ഷിച്ച വിശ്വാസം ദൈവത്തിന് മനുഷ്യരെ കൊന്നൊടുക്കുന്ന അന്ധവിശ്വാസമായി പരിണമിക്കുന്നു.

വിശുദ്ധഗ്രന്ഥ വ്യാഖ്യാനം തന്നെ വഴിതെറ്റിപോകുന്നത് വിശ്വാസത്തെ നേർയുക്തികൊണ്ട് മനസ്സിലാക്കാൻ ശ്രമിക്കാതിരിക്കുമ്പോഴാണ്. മാതാവിന്റെ രൂപത്തിൽനിന്ന് കണ്ണുനീർവരുന്നു, യേശുവിന്റെ രൂപത്തിൽനിന്ന് രക്തം വരുന്നു, യേശുവിന്റെ രൂപത്തിലെ മുടി വളരുന്നു മുതലായ അനേകം നുണകളിൽ മനുഷ്യൻ കുടുങ്ങിപ്പോകുന്നു. യഥാർത്ഥ യുക്തിയില്ലെങ്കിൽ വിശുദ്ധഗ്രന്ഥം മുഴുവൻ വൈരുദ്ധ്യമായി തോന്നും. ഉദാഹരണമായി യേശു ആരുടെ രക്ഷകനാണ്? ക്രിസ്ത്യാനിയുടെയോ മനുഷ്യവർഗ്ഗത്തിന്റെയോ പ്രകൃതിയുടെയോ പ്രപഞ്ചം മുഴുവന്റെയോ? വി. യോഹന്നാൻ പറയുന്നു: "തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിക്കുന്നു." എന്നാൽ മറ്റൊരിടത്ത് വി. യോഹന്നാൻ പറയുന്നു: "നിങ്ങൾ ലോകത്തെയോ അതിലുള്ള വസ്തുക്കളെയോ സ്നേഹിക്കരുത്; അങ്ങനെ സ്നേഹിച്ചാൽ ദൈവത്തിന്റെ സ്നേഹം നിങ്ങളിൽനിന്ന് അപ്രത്യക്ഷമാകും." ഒരു സ്ഥലത്ത് ദൈവം ലോകത്തെ സ്നേഹിക്കുന്നു, മറ്റൊരു സ്ഥലത്ത് ലോകത്തെ സ്നേഹിക്കരുതെന്ന് പറയുന്നു. ഇത്തരം വൈരുദ്ധ്യം എന്തുകൊണ്ട്? സുവിശേഷത്തിൽ ലോകം എന്ന് ഉദ്ദേശിക്കുന്നത് ക്രമബദ്ധമായ പ്രപഞ്ചം (ordered universe or cosmos) എന്നാൽ ലേഖനത്തിൽ ലോകം എന്നത് ലോകാരൂപി (spirit of world) എന്ന അർത്ഥത്തിലാണ്. ലോകാരൂപിയെന്നത് ദ്രവ്യാസക്തി, സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാണ്.



www.malankaralibrary.com


ഇത്തരത്തിൽ വിശുദ്ധഗ്രന്ഥത്തിലെ അനേകം വാക്യങ്ങളുടെ അർത്ഥം ഗ്രഹിക്കാൻ തത്വചിന്തയുടെ സഹായം കൂടാതെ സാധ്യമല്ല. മാത്രമല്ല യുവാക്കൾ യുക്തിപരമായ മറുപടികൾ ആഗ്രഹിക്കുന്നു. അവർക്ക് യുക്തിപരമായ മറുപടിയും ഈ ലോക ജീവിതത്തിലെ ലക്ഷ്യവും ചൂണ്ടിക്കാണിക്കാതിരുന്നാൽ അവർ വിശ്വാസം ഉപേക്ഷിക്കും.

## വിശ്വാസവും സാങ്കേതികവിദ്യയും

സാങ്കേതികവിദ്യയുടെ ആധുനിക നാമമാണ് "സിലിക്കൺ വാലി." യുക്തിചിന്ത ശാസ്ത്രത്തിലേക്കും ശാസ്ത്രം സാങ്കേതിക വിദ്യയായും സാങ്കേതിക വിദ്യ മനുഷ്യന് ഉപഭോഗം ചെയ്യാനുള്ള വസ്തുക്കളായും പരിണമിച്ചു. ഇന്നു ജനങ്ങൾ സാങ്കേതിക വിദ്യയെ രക്ഷകനായി കാണുന്നു. ഇവിടെ മനുഷ്യ ബന്ധങ്ങൾക്ക് വില നഷ്ടപ്പെടും. അതാണ് കുടുംബങ്ങളുടെ തകർച്ചയ്ക്കും സമൂഹത്തിന്റെതന്നെ നിലനില്പ്പിനും അപകടമായി മാറുന്നത്. ഗർഭത്തിലെ ശിശുവിനെ ഇല്ലാതാക്കാനും ഗർഭം ധരിക്കാതെ ലൈംഗീകത നടത്താനും ആണിന് പെണ്ണാകാനും പെണ്ണിന് ആണാകാനും സാങ്കേതിക വിദ്യ സഹായിക്കുന്നു. കുഞ്ഞുങ്ങളില്ലാതെ പല യൂറോപ്യൻ രാജ്യങ്ങളും അപ്രത്യക്ഷമാകാൻ പോകുന്നു. ചൈന വൃദ്ധന്മാരുടെ സമൂഹമാകുന്നു. കേരള ക്രൈസ്തവർ ഭാവിയിൽ അപ്രത്യക്ഷമായേക്കാം.

## ജറുസലേം, അക്കാദമി, സിലിക്കൺവാലി

വിശ്വാസം, യുക്തി, സാങ്കേതികവിദ്യ എന്നിവ സൂര്യൻ, ഭൂമി, ചന്ദ്രൻ എന്നീ മൂന്ന് ഗോളങ്ങൾപോലെ പരസ്പരം ആകർഷിച്ചുകൊണ്ട് പരിപോഷിപ്പിച്ചുകൊണ്ട് സന്തുലിതാവസ്ഥയിൽ പുരോഗമിക്കണം. ദൈവവും മനുഷ്യനുമായുള്ള ബന്ധമാണ് (relationship) വിശ്വാസം. ഈ ബന്ധത്തിലെ സ്നേഹാനുഭവമാണ് മനുഷ്യനും മനുഷ്യനുമായുള്ള ബന്ധത്തിന്റെ അടിത്തറ. യുക്തിക്കും സാങ്കേതികവിദ്യയ്ക്കും മനുഷ്യബന്ധങ്ങളെ സൃഷ്ടിക്കാൻ കഴിയില്ല. എന്നാൽ യുക്തിയില്ലാത്ത വിശ്വാസം അന്ധവിശ്വാസമാകും, സാങ്കേതികവിദ്യയില്ലാത്ത വിശ്വാസവും യുക്തിയും പ്രയോജനരഹിതമാകും. ഇവ മൂന്നും സന്തുലിതാവസ്ഥയിൽ നിലനിന്ന് മനുഷ്യവർഗ്ഗത്തിന്റെ പൊതുനന്മ വർദ്ധിപ്പിക്കാൻ നമുക്ക് പരിശ്രമിക്കാം. ●



# കർദ്ദിനാൾ പദവിയിൽ 10 വർഷങ്ങൾ

**2022 നവംബർ 24 ന്**
**കർദ്ദിനാൾ പദവിയിൽ**
**ദൈവാനുഗ്രഹത്തിന്റെ**
**പത്തു വർഷങ്ങൾ പൂർത്തിയാക്കുന്ന**
**മലങ്കര സുറിയാനി കത്തോലിക്കാ**
**സഭയുടെ തലവനും പിതാവുമായ**
**മോറാൻ മോർ ബസേലിയോസ്**
**കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ**
**ബാവായ്ക്ക്**
**തിരുവല്ല അതിഭദ്രാസനത്തിന്റെയും**
**ഐക്യദീപത്തിന്റെയും**
**പ്രാർത്ഥനാശംസകൾ**

www.malankaralibrary.com



# ചോരമയം തീണ്ടാത്ത ആരാധനക്രമം



പീറ്റർ സി. ഏബ്രഹാം

അദൃശ്യമെങ്കിലും അപരിമേയമായ ഒരു അസ്തിത്വം മാനവികതയുടെ രക്ഷാകര സാന്നിദ്ധ്യമായി ആദികാലം മുതൽക്കേ അനുഭവപ്പെട്ടുപോന്നിട്ടുണ്ട്. ഈ തിരിച്ചറിവാണ് മതാത്മക സംവിധാനങ്ങളുടെ ആരംഭം. അദൃശ്യമായ ഈ ഉണ്മയുടെ പേർക്കുള്ള പരമമായ സ്നേഹാദരവാണ് ആരാധന. ക്രൈസ്തവ മതത്തിന്റെ ആധാരഗ്രന്ഥമായ വിശുദ്ധ ബൈബിളിൽ ആരാധനയുടെ ഭാവതീക്ഷ്ണത നിറഞ്ഞു കാണാം. ദുരാചാരങ്ങളിലൂടെ നുഴഞ്ഞെത്തുന്ന രക്തപങ്കിലമായ ബലിയർപ്പണങ്ങളെ ദൈവികപ്രബോധനം നിരാകരിക്കുകയും ദുരീകരിക്കുകയും ചെയ്യുന്നു. അബ്രഹാം ഏകജാതനായ ഇസഹാക്കിനെ ബലി കഴിക്കാൻ സന്നദ്ധനായി എന്നത് യാഥാർത്ഥ്യമെങ്കിലും ആ ബലി ദൈവം തന്നെ തടയുകയാണ്. അതിനാൽത്തന്നെ, അത്തരമൊരാചാരം അർത്ഥശൂന്യമാണ്. പാപപരിഹാരാർത്ഥം മൃഗബലി അനിവാര്യമാണെന്ന യഹൂദമത തീവ്രവാദങ്ങളെ രക്തരഹിതബലിയായ വിശുദ്ധ കുർബാനയർപ്പണത്തിലൂടെ യേശുക്രിസ്തു ഇല്ലാതാക്കി.

പുതിയ നിയമത്തിലൂടെ ദൈവാരാധനയ്ക്ക് ക്രിസ്തു നിതാന്ത പാവനമായ ഒരു നൂതനത്വം കല്പിച്ചുതന്നു. ക്രിസ്തുവിനെ കുരിശിലേറ്റിയത്, അവിടുന്ന് സ്വയം സാദൃശ്യപ്പെടുത്തിയ ദൈവാലയത്തെ തകർക്കുന്നതിനു തുല്യമായിരുന്നു. അതോടെ പരമ്പരാഗതമായ ദൈവാലയ സങ്കല്പം തന്നെ ഇല്ലാതാക്കപ്പെടുകയായിരുന്നു. മനുഷ്യകരങ്ങൾ നിർമ്മിക്കാത്ത ഒരു പുതിയ ദൈവാലയവും അതിൽ നിത്യനൂതനത്വമാർന്ന ആരാധനയും ഉടലെടുത്തു. യേശുക്രിസ്തുവിന്റെ തിരുശരീരമാണ് ആ പുതിയ ദൈവാലയം. അവിടുത്തെ തിരുശരീരരക്തങ്ങളാ

www.malankaralibrary.com

കുന്ന തിരുബലിയുടെ രക്തരഹിതമായ കൂദാശാനുഭവമാണ് ഈ പുതിയ ആരാധന. അതുകൊണ്ടാണ് ക്രിസ്തു പ്രബോധിപ്പിച്ചത്, ആരാധിക്കേണ്ടത് ആ മലയിലോ ഈ മലയിലോ അല്ല, മറിച്ച് സത്യത്തിലും ആത്മാവിലുമാണ് എന്ന്.

ദൈവം കലവറയില്ലാത്ത സ്നേഹത്തിന്റെ പരംപൊരുളാണെന്നും അനന്തമായ കരുണയുടെ ഉറവിടമാണെന്നും പുതിയ നിയമജനകനായ ദൈവപുത്രൻ പഠിപ്പിച്ചു. പഴയനിയമത്തിലെ പത്ത് കല്പനകളിൽ ഒന്നായ 'കൊല്ലരുത്' എന്ന ദൈവശാസനയ്ക്കുമേൽ സഹോദരനെ 'ഭോഷാ' എന്നു വിളിച്ചാൽ പോലും സ്വർഗ്ഗം നഷ്ടമാകും എന്ന പുതിയ ഭാഷ്യം നല്കുകയാണ് ദൈവപുത്രൻ. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ അവൻ ബലിവേദിയിലേക്ക് ആനയിക്കപ്പെട്ടത്, ആരാധനയ്ക്കായി ലോകത്ത് ഒരിടത്തും ഒരു നാളും മൃഗബലിയോ നരബലിയോ അനുവർത്തിക്കപ്പെടാതിരിക്കാൻ വേണ്ടിയായിരുന്നു. കരണത്തടിക്കുന്നവനു മുമ്പിൽ പോലും മറുകരണം കാട്ടുകയല്ലാതെ അക്രമമാർഗം പാടില്ലെന്നു ശഠിക്കുന്ന സ്നേഹസംഹിതയായ ബൈബിൾ അടിസ്ഥാനമാക്കുന്ന ക്രൈസ്തവർക്ക് ആരാധിക്കാനും അതേ സാത്വികതയുടെ മാർഗമാണുള്ളത്.

ശുദ്ധ ക്രൈസ്തവികതയിൽ ഭൗതികാഗ്രഹഭ്രമം കടന്നുകൂടിയതാണ് പില്ക്കാലത്തെ എല്ലാ ദുരാചാരങ്ങൾക്കും കാരണം. ജീവിതഗതിഭേദങ്ങൾ ഏതും ദൈവപിതാവിൽ നിന്നുള്ള അനുഗ്രഹമാണെന്നു കരുതി സർവ്വതും സമചിത്തതയോടെ കുറഞ്ഞു തുടങ്ങി. രോഗദാരിദ്ര്യാദി പീഡാസഹനങ്ങൾ ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്കുള്ള വരമാണെന്നറിയാതെ അവയെ അതിവേഗം അതിജീവിക്കാൻ കല്പിതമായ നിയതമാർഗ്ഗങ്ങൾക്കപ്പുറത്തുള്ള കുറുക്കുവഴികൾ അങ്ങനെ തേടാൻ തുടങ്ങി. ഇതാണ് ആഭിചാരം, കൂടോത്രം, മന്ത്രവാദം, ജ്യോതിഷം, മഷിനോട്ടം, ജാലവിദ്യ, കൈനോട്ടം, ശകുന വ്യാഖ്യാനം, അതീന്ദ്രിയ ദർശനം തുടങ്ങിയ ദൈവനിഷിദ്ധ മാർഗ്ഗങ്ങളെ ആശ്രയിക്കാൻ അവരെ പ്രേരിപ്പിക്കുന്നത്. പുറമേ സഭാംഗമായി മേനിനടിക്കുകയും നിഗൂഢമാർഗ്ഗങ്ങളിലൂടെ ഇത്തരം മൂഢവിശ്വാസങ്ങൾ കാര്യസാദ്ധ്യത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നവർ ക്രൈസ്തവർക്കിടയിലും ഉണ്ടെന്നത് സങ്കടകരമാണ്. അത്തരക്കാരെ താക്കീത് ചെയ്തുകൊണ്ട് ക്രിസ്തു കല്പിച്ചിട്ടുണ്ട്: "ദൈവത്തേയും മാമോനേയും സേവിക്കാൻ നിങ്ങൾക്കു കഴിയുകയില്ല" എന്ന്. 1 കൊറിന്തോസ് 10:21 ലും ഇതേ ആശയം വ്യക്തമാക്കുന്നു. "ഒരേ സമയം കർത്താവിന്റെ പാനപാത്രവും പിശാചുക്കളുടെ പാനപാത്രവും കുടിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല."

> **കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ അവൻ ബലിവേദിയിലേക്ക് ആനയിക്കപ്പെട്ടത്, ആരാധനയ്ക്കായി ലോകത്ത് ഒരിടത്തും ഒരുനാളും മൃഗബലിയോ നരബലിയോ അനുവർത്തിക്കപ്പെടാതിരിക്കാൻ വേണ്ടിയായിരുന്നു.**

സഭാന്തരീക്ഷത്തിലും ഇത്തരം ഭ്രാന്തമായ എത്രയോ ദുരാചാരങ്ങൾ വേരുറപ്പിച്ചിരിക്കുന്നു. കന്നിമൂലയിൽത്തന്നെ കല്ലിടാനും വിവാഹം പോലുള്ള കൂദാശകൾക്ക് ചില ദിനങ്ങൾ നന്നല്ലെന്നു ചിന്തിക്കാനും വിദ്യാരംഭം വിജയദശമി നാളിൽത്തന്നെ നടത്താനും രാഹുവും ശകുനവും നോക്കാനും ആശാരിയെ പരമാചാര്യനായി കണ്ട് കിണറു മൂടാനും വാസഗൃഹത്തിൽ അഴിച്ചുപണി നടത്താനും ചരടു പൂജിച്ചു കൈയ്യിൽ കെട്ടാനും ഒക്കെ ക്രിസ്ത്യാനികളും ഉത്സാഹിക്കുന്നത് എന്തൊരു വിരോധാഭാസമാണ്! ഇതു തികഞ്ഞ മൗഢ്യത്തിൽനിന്നും ഭയത്തിൽനിന്നും ദൈവഭയമില്ലായ്മയിൽനിന്നും ഉടലെടുക്കുന്നതാണ്. സകലത്തിന്റെയും സ്രഷ്ടാവും അചഞ്ചലനിയന്ത്രിതാവുമായ സർവ്വശക്തനെ മറന്ന് സൃഷ്ടവസ്തുക്കളിലും ഇത്തരം മ്ലേച്ഛാചാരങ്ങളിലും ആശ്രയം വയ്ക്കുന്നവർ വിശ്വാസദാർഢ്യമില്ലാത്ത കാറ്റത്തുലയുന്ന കേവലം ഞാങ്ങണകൾ തന്നെ. മീഖാ പ്രവചനം 6:6–8 ഈ സന്ദിഗ്ദ്ധ ചിന്താകുലതയെപ്പറ്റി പറയുന്നു: "കർത്താവിന്റെ മുമ്പിൽ ഞാൻ എന്തു കാഴ്ചയാണ് കൊണ്ടുവരേണ്ടത്? ദഹനബലിക്കുള്ള ഒരു വയസുള്ള കാളക്കിടാവുമായിട്ടാണോ ഞാൻ വരേണ്ടത്? ആയിരക്കണക്കിനു മുട്ടാടുകളിലും പതിനായിരക്കണക്കിന് എണ്ണപ്പുഴകളിലും അവിടുന്ന് സംപ്രീതനാകുമോ!" നേർച്ചപ്പണം നല്കിയും മെഴുകുതിരി കത്തിച്ചും ഒന്നും ദൈവത്തെ വരുതിയിലാക്കാമെന്ന് ആരും കരുതേണ്ടാ. രഹസ്യാത്മകത നിറഞ്ഞ കൗദാശിക ശുശ്രൂഷകളുടെ ആത്മശാന്തിക്കുമേലേ, ചെണ്ടമേളക്കൊഴുപ്പും നാടുനടുക്കുന്ന ആകാശവിസ്ഫോടനങ്ങളും കോഴിവെട്ടും അടിമവയ്പും കയ്യ്, കാല് തുടങ്ങിയ രൂപങ്ങൾ ഉണ്ടാക്കിയുള്ള സമർപ്പണവും ചൂലുകൊണ്ടുള്ള തൂപ്പു നേർച്ചയും മുടിയഴിച്ചിട്ടുള്ള സ്ത്രീകളുടെ സംഭ്രാന്തനൃത്ത കോലാഹലങ്ങളും ഇപ്പോൾ തുലാഭാരം വരെയും ക്രൈസ്തവാന്തരീക്ഷത്തിന്റെ പാവനസ്വത്വത്തെ കലുഷമാക്കുകയാണ്. അനാവശ്യ ആർഭാടങ്ങൾ ഭാരതീയതയുടെ പേരുപറഞ്ഞ് പള്ളികൾക്കിന്ന് അനിവാര്യമായിക്കഴിഞ്ഞു. പാവപ്പെട്ടവനെ കൗദാശികാനുഭവങ്ങളിൽനിന്ന് അകറ്റിനിർത്തുമാറ് കൂദാശാനുഷ്ഠാനങ്ങൾപോലും ഒരു

www.malankaralibrary.com

സാമൂഹ്യാചാരം എന്ന നിലയിൽ പരിണമിച്ച് ചെല വേറിയതായിക്കഴിഞ്ഞു. ഇപ്പോൾ മലങ്കര കത്തോലിക്കാസമൂഹത്തിൽപ്പോലും റാസയിൽ ശില്പബിംബങ്ങൾ പ്രത്യേക കുപ്പായം ധരിച്ച അംഗങ്ങൾ ചുമന്നുകൊണ്ടു നടക്കാൻ തുടങ്ങിക്കഴിഞ്ഞു. ഒരു റാസയിൽ വിശുദ്ധവസ്ത്രമണിഞ്ഞ പുരോഹിതൻ ഭക്ത്യാദരവോടെ എഴുന്നള്ളിച്ചുകൊണ്ടുപോകുന്ന ദൈവസാന്നിദ്ധ്യത്തിന്റെ വിശുദ്ധ കുർബാനയുള്ളപ്പോൾ എന്തു മേന്മയാണ് സൃഷ്ടവസ്തുക്കളായ ഈ വിഗ്രഹത്തിനുള്ളത്! യാതൊരു വിഗ്രഹങ്ങളുടെയും പ്രതിഷ്ഠ പാടില്ലെന്നും ഐക്കൺ ചിത്രങ്ങൾ മാത്രമേ ദൈവാലയങ്ങളിൽ പ്രോത്സാഹിപ്പിക്കപ്പെടാവൂ എന്നും അന്ത്യോക്യൻ വ്യവസ്ഥയിലുണ്ട്. ബലികളിലല്ല, കരുണയിലാണ് ഞാൻ പ്രീതിപ്പെടുന്നതെന്ന ക്രിസ്തോക്തികൾ നമ്മിൽനിന്നും എത്ര അകലെയാണ്.

ദൈവതിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിറവേറ്റപ്പെടുമ്പോൾ അവയ്ക്കനുസൃതമായി ആത്മവിചാരങ്ങളെ ക്രമബദ്ധമാക്കാനുള്ള അഭ്യസനവേദികളായി തീരേണ്ട ധ്യാനനിലയങ്ങൾ പലതും ഇന്ന് ഉദ്ദിഷ്ടലാഭ സാദ്ധ്യത്തിനുള്ള അർത്ഥനാലയങ്ങളായി മാറുന്നുണ്ട്. നിയമാനുസൃതമായ ആചാരങ്ങൾ ഒഴിവാക്കാനാവില്ല. അവയിൽ അപകടകരമായ മാന്ത്രികത ആരോപിച്ച് മതാചാരങ്ങളിൽനിന്നും അവഭ്രംശപ്പെടുന്നതിനെയാണ് അന്ധവിശ്വാസമായി കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വ്യാഖ്യാനിച്ചു തരുന്നത്. അമാനുഷസിദ്ധിവൈഭവങ്ങളുള്ള ആത്മീയപ്രവർത്തകർ എല്ലാ മതങ്ങളിലുമുണ്ട്. അപ്പസ്തോലിക കാലത്തെ അതിശയരോഗശാന്തി, ഭൂതോച്ചാടനം, ഭാവിയെപ്പറ്റിയുള്ള പ്രവചനദർശനങ്ങൾ തുടങ്ങിയ ദൈവികധർമ്മങ്ങൾ ഇന്നും ക്രൈസ്തവ ആത്മീയ സിദ്ധന്മാരാൽ അനുവർത്തിക്കപ്പെടുന്നുണ്ട്. നന്മ ചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ചവന്റെ പിൻഗാമികൾതന്നെയാണവർ. എന്നാൽ ഇവക്കു വേണ്ടിയുള്ള അനാരോഗ്യകരമായ ആകാംക്ഷയിൽനിന്നും വിശ്വാസികൾ മുക്തരാവണം. ആന്തരിക സമാധാനവും ഉണർവ്വും നല്കുന്ന കൂദാശാനുഭവങ്ങളും പ്രാർത്ഥനാജീവിതവും വിട്ട് ബാഹ്യവും പ്രത്യക്ഷവുമായ ക്ഷിപ്രസാദ്ധ്യതകൾ തേടുന്നവരാണ് തിരുത്തപ്പെടേണ്ടവർ.

സ്വാർത്ഥാഭിവൃദ്ധി സ്വപ്നംകണ്ട് നരബലിയും നരഭോജനവും നടത്തുന്ന നാട്ടിൽ സഭാമക്കളും ഒരാത്മപരിശോധനയ്ക്ക് തുനിയേണ്ട കാലമാണിത്. ജീവിതം ബലിയാക്കിയ വിശുദ്ധരായ രക്തസാക്ഷികൾ രക്ഷകനായ ക്രിസ്തുവിനെപ്രതി വധിക്കപ്പെട്ടവരാണ്. മാംസാഹാരം ക്രൈസ്തവർക്കു നിഷിദ്ധമല്ല. അതു മൃഗബലിയുമല്ല. എന്നാൽ സ്വന്തം അഭിമാനസംരക്ഷണാർത്ഥം പരിശുദ്ധരും അമൂല്യരും നിസ്സഹായരുമായ ഉദരശിശുക്കളെ നിഷ്ക്കരുണം കൊന്ന് വേസ്റ്റ് ബക്കറ്റുകളിൽ തള്ളാൻ ക്യൂ നില്ക്കുന്ന ക്രൈസ്തവ മാതാക്കൾ ഇതേ നരബലിയല്ലേ ചെയ്യുന്നത്! ജ്ഞാനത്തിന്റെ ഗ്രന്ഥം (12:3–6) വ്യക്തമാക്കുന്നു: "മന്ത്രവാദം, അവിശുദ്ധമായ അനുഷ്ഠാനങ്ങൾ, നിഷ്ഠൂരമായ ശിശുഹത്യ, മനുഷ്യക്കുരുതി നടത്തി രക്തമാംസങ്ങൾ ഭുജിക്കൽ എന്നീ മ്ലേച്ഛാചാരങ്ങൾ നിമിത്തം അങ്ങയുടെ വിശുദ്ധ ദേശത്തിലെ ആദ്യനിവാസികളെ അങ്ങു വെറുത്തു. നിസ്സഹായരായ കുഞ്ഞുങ്ങളെ വധിച്ച മാതാപിതാക്കളെ ഞങ്ങളുടെ പൂർവ്വികരാൽ നശിപ്പിക്കാൻ അങ്ങു മനസ്സായി."

വിശ്വകർമ്മാവായ പരമദൈവത്തിൽ അഭയം തേടുകയും അവന്റെ മഹിമപ്രതാപത്തിൽ അഭിരമിക്കുകയും കൂദാശാനുഭവങ്ങൾ വഴി ആനന്ദിക്കുകയും സർവ്വഭയത്തിൽനിന്നും മുക്തരാവുകയും ചെയ്യുന്ന കലർപ്പില്ലാത്ത ഒരു സംസ്ക്കാരസവിശേഷത ക്രൈസ്തവസഭയുടെ മുഖമുദ്രയായി മാറണം. "യാക്കോബിന് ആഭിചാരം ഏല്ക്കുകയില്ല; ഇസ്രായേലിനെതിരെ ക്ഷുദ്രവിദ്യ ഫലിക്കുകയുമില്ല" എന്ന മീഖാ പ്രവചനത്തിന്റെ സാഫല്യം അപ്പോൾ നമ്മുടെ സഭാന്തരീക്ഷത്തെ നിർമ്മലീകരിക്കുകയും ഭൂമിയിലെ സ്വർഗ്ഗമാക്കി മാറ്റുകയും ചെയ്യും.

●

## ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, പുറമറ്റം**

www.malankaralibrary.com



# കേരളം അന്ധവിശ്വാസങ്ങളുടെ വിളനിലമോ?



ഫാ. വർഗീസ് വള്ളിക്കാട്ട്

## കേരളം അന്ധവിശ്വാസങ്ങളുടെ വിളനിലമോ?

കേരളം അന്ധവിശ്വാസങ്ങളുടെ വിളനിലമോ എന്ന ചോദ്യം വിവിധ ഇടങ്ങളിൽനിന്നും ഉയർന്ന ദിനങ്ങളാണ് ഇത്. ഇലന്തൂരിൽ നടന്ന ഇരട്ടക്കൊലപാതകങ്ങൾ 'നരബലി'യുടെ ഭാഗമായിരുന്നു എന്ന പ്രതികളുടെ കുറ്റസമ്മതമൊഴിയാണ് ഏവരെയും നടുക്കിയതും ഇത്തരം ഒരു ചോദ്യം അനേകരുടെ മനസ്സിൽ ഉയർത്തിവിട്ടതും. ഇക്കാലത്തും നരബലി നടക്കുന്ന ഒരു സമൂഹമാണ് കേരളത്തിലുള്ളത് എന്ന അനുമാനമാണ് കേരളം അന്ധവിശ്വാസത്തിന്റെ വിളനിലമോ എന്ന ചോദ്യത്തിലേക്കു സമൂഹത്തിൽ പലരെയും തള്ളിവിട്ടത്. എന്തുകൊണ്ടോ, ഈ സംഭവഗതിയിൽ ആദ്യംമുതലെ ചില പന്തികേടുകൾ ഉള്ളതായി തോന്നി. മുൻ കുറിപ്പുകളിൽ അവ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചിട്ടുമുണ്ട്. കുറ്റകൃത്യങ്ങൾ അന്വേഷിക്കേണ്ടത് പൊലീസാണ്. അവർ അക്കാര്യം നിർവഹിക്കട്ടെ. എന്നാൽ, എളുപ്പവഴിയിൽ ക്രിയ ചെയ്യാനുള്ള നീക്കങ്ങൾക്കെതിരെ സമൂഹം ജാഗ്രത പുലർത്തേണ്ടതുണ്ട്.

## അന്ധവിശ്വാസം എന്നാൽ എന്താണ്?

അന്ധവിശ്വാസത്തെ കൃത്യമായി നിർവ്വചിക്കുക എളുപ്പമല്ല. സമൂഹത്തിന്റെ കാഴ്ചപ്പാടുകളെയും സാമാന്യബോധത്തെയും വെല്ലുവിളിക്കുന്നതും യുക്തിക്കു നിരക്കാത്തതുമായ കാര്യങ്ങളെയാണ് സാധാരണയായി 'അന്ധവിശ്വാസം' എന്നു വിളിക്കുന്നത്. പലതരത്തിലുള്ള വിശ്വാസങ്ങൾ ജീവിതത്തെ

www.malankaralibrary.com

ചൂഴ്ന്നുനിൽക്കാറുണ്ട്. അവയിൽ പലതും വ്യക്തികളുടെ ജീവിതസാഹചര്യങ്ങളുമായി കൂടിക്കലർന്നാണ് കാണപ്പെടുന്നത്. യുക്തി, സങ്കല്പശക്തി, വിശ്വാസം എന്നിവയൊക്കെത്തന്നെ മനുഷ്യപ്രകൃതിയുടെ ഭാഗമാണ്. ഓരോരുത്തരിലും, വ്യത്യസ്തസമൂഹങ്ങളിലും അവയെല്ലാം ഏറിയും കുറഞ്ഞും കാണപ്പെടുന്നു. ശരിയായ പരിശീലനവും അച്ചടക്കവുമില്ലെങ്കിൽ ഇവയെല്ലാം, ഒരു പരിധിവരെ, അന്ധമോ ബധിരമോ മൂകമോ ഒക്കെയാകാം.

## വിശ്വാസവും അന്ധവിശ്വാസവും വിദ്യാഭ്യാസവും

വിശ്വാസത്തേയും അന്ധവിശ്വാസത്തേയും വേർതിരിക്കുക എളുപ്പമല്ല. മതജീവിതവുമായി ബന്ധപ്പെട്ട വിശ്വാസആചാരങ്ങളും സമൂഹത്തിന്റെ വിദ്യാഭ്യാസനിലവാരവും വ്യക്തികളുടെ ബോധമണ്ഡലത്തെയും പെരുമാറ്റരീതികളെയും വലിയതോതിൽ സ്വാധീനിക്കാം. നിലനിൽക്കുന്നതിൽനിന്നും ഉന്നതവും ശാസ്ത്രീയവുമായ ഒരു ബോധമണ്ഡലത്തിലേക്കു സമൂഹം വളരുമ്പോഴാണ് നിലവിലുള്ള പല വിശ്വാസആചാരങ്ങളും ശരിയായിരുന്നില്ല എന്ന തിരിച്ചറിവിലേക്കു വ്യക്തികളും സമൂഹവും എത്തുന്നത്. മനുഷ്യന്റെ യുക്തിയിലും മതബോധത്തിലും ലോകവീക്ഷണത്തിലും ക്രമാനുഗതമായ മാറ്റങ്ങളും വളർച്ചയും ഉണ്ടാകുന്നുണ്ട്. 'പ്രബുദ്ധത' എന്ന പദം ഇത്തരം വളർച്ചയെയാണ് സൂചിപ്പിക്കുന്നത്. ഇതിന്റെ ഫലമായി സമൂഹത്തിലുണ്ടാകുന്ന ഗുണപരമായ മാറ്റത്തെയാണ് 'നവോത്ഥാനം' എന്നു വിളിക്കുന്നത്.



വിദ്യാഭ്യാസത്തിന്റെ ഫലമായി, സമൂഹം സ്വയം വിലയിരുത്താനും ആത്മവിമർശനബുദ്ധ്യാ സ്വയം വിശകലനം ചെയ്യാനും പ്രാപ്തമാകുമ്പോഴാണ് പ്രബുദ്ധതയുടെ വെളിച്ചം സമൂഹത്തെ ദീപ്തമാക്കുന്നത്. സമൂഹത്തിന്റെ ഇരുളടഞ്ഞ പല മേഖലകളെയും നവമായി ആർജിച്ച ആത്മബോധത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യാനും, മാറ്റങ്ങൾ ആവശ്യപ്പെടാനും അപ്പോൾ മനുഷ്യനു കഴിയും.

## ജാത്യാചാരങ്ങളുടെ ഇന്നലെകളിൽനിന്ന് പ്രബുദ്ധതയിലേക്ക്

ജാതി ശ്രേണിയിൽ ഉറപ്പിക്കപ്പെട്ടിരുന്ന ഇന്ത്യൻ സമൂഹത്തിൽ, മാറ്റങ്ങൾ കണ്ടുതുടങ്ങുന്നതു 16, 17 നൂറ്റാണ്ടുകൾമുതലാണ്. ക്രിസ്ത്യൻ മിഷനറിമാരുടെ നേതൃത്വത്തിൽ നടപ്പിൽവരുത്തിയ പാശ്ചാത്യവിദ്യാഭ്യാസവും, മനുഷ്യരുടെ തുല്യ അന്തസ്സിനെയും സ്ത്രീ-പുരുഷ പാരസ്പര്യത്തെയും അടിസ്ഥാനപ്രമാണങ്ങളാക്കിയുള്ള സാമൂഹിക ഇടപെടലുകളും ജാതിഭേദത്തെ അതിലംഘിക്കുന്ന ആധുനിക വിദ്യാഭ്യാസസമ്പ്രദായങ്ങളും അയിത്തത്തെ അപ്രസക്തമാക്കുന്ന ആധുനിക വൈദ്യശാസ്ത്രരീതികളും കേരളത്തിൽമാത്രമല്ല ഇന്ത്യയുടെ ഇതരഭാഗങ്ങളിലും വൻതോതിലുള്ള സാമൂഹികമാറ്റത്തിനു നാന്ദി കുറിച്ചു. ജാത്യാചാരങ്ങൾ പലതും ക്രമേണ, അനാചാരങ്ങളായി പരിഗണിക്കപ്പെടുകയും അവയ്ക്കെതിരെ സാമൂഹിക അവബോധവും നിയമനിർമ്മാണം ഉൾപ്പെടെയുള്ള പ്രതിരോധസംവിധാനങ്ങളും പ്രബലപ്പെട്ടുവരികയും ചെയ്തു.

പതിനേഴാം നൂറ്റാണ്ടുമുതൽ ക്രൈസ്തവസമുദായത്തിനുള്ളിൽ മതപരവും സാമൂഹികവുമായ പല മാറ്റങ്ങളുമുണ്ടായി. യൂറോപ്യൻ മിഷനറിമാർ കൊണ്ടുവന്ന വൈദികപരിശീലനരീതികളും ആരാധനാരീതികളും 1599 ലെ ഉദയമ്പേരൂർ സുനഹദോസ് ഏർപ്പെടുത്തിയ വിശ്വാസപരിശീലന-ശിക്ഷണ സമ്പ്രദായങ്ങളും സഭാജീവിതത്തിൽ വലിയതോതിൽ അസ്വസ്ഥതയുണ്ടാക്കിയെങ്കിലും മലയാളക്കരയിൽ സാവകാശത്തിലുള്ളതെങ്കിലും സമഗ്രമായ ഒരു സാമൂഹികമാറ്റത്തിനു തുടക്കം കുറിക്കുകയായിരുന്നു. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും തുടർചലനങ്ങളുണ്ടാക്കാൻ കഴിഞ്ഞു എന്നതാണ് മിഷനറിമാരുടെ പ്രവർത്തനങ്ങളെ ഇന്നും പ്രസക്തമാക്കി നിലനിർത്തുന്നത്.

## സാമൂഹിക മാറ്റത്തിന്റെ തുടർചലനങ്ങൾ

മിഷനറിമാർ തുടങ്ങിവച്ച സാമൂഹിക മാറ്റത്തിന്റെ പ്രക്രിയ ഇതര സമുദായങ്ങളിലും ചലനമുണ്ടാക്കി. പല നവീകരണ, പുനരുജ്ജീവന ശ്രമങ്ങളും പരമ്പ

www.malankaralibrary.com

രാഗത ഹിന്ദു സമുദായത്തിനുള്ളിൽനിന്നുതന്നെ വളർന്നുവരികയും ചെയ്തു. മിഷനറിമാരുടെ പ്രബോധനങ്ങളെ എതിർത്തും ഘണ്ഡിച്ചും ചെറുത്തുനിന്നും ഹിന്ദുമത പുനരുജ്ജീവനത്തിനുള്ള പരിശ്രമങ്ങൾ ശക്തമായി. അത്തരം ശ്രമങ്ങൾ പലപ്പോഴും പ്രബുദ്ധരായ ചില വ്യക്തികളിൽ തുടങ്ങി, പ്രസ്ഥാനങ്ങളായി വളർന്നു. ഒപ്പം, ഹിന്ദു ജീവിതരീതിയിലും ആചാരങ്ങളിലും വിശ്വാസങ്ങളിലും നവീകരണവും പരിഷ്കരണവും കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ടായി. ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനവും അതുണ്ടാക്കിയ വ്യത്യസ്ത പ്രതികരണങ്ങളും സമൂഹത്തിൽ പ്രബുദ്ധതയുടെയും നവോത്ഥാനത്തിന്റെയും ചലനങ്ങളുണ്ടാക്കി എന്നതാണ് കേരള നവോത്ഥാനത്തിന്റെ വസ്തുനിഷ്ഠ യാഥാർഥ്യം.

ശ്രീ. ചട്ടമ്പി സ്വാമി, ശ്രീനാരായണ ഗുരു, ശ്രീ. അയ്യങ്കാളി, പൊയ്കയിൽ ശ്രീ. കുമാരഗുരു, ശ്രീ. മന്നത്തു പദ്മനാഭൻ, ശ്രീ. വി. ടി. ഭട്ടതിരിപ്പാട്, ഡോ. പൽപ്പു, മഹാകവി കുമാരനാശാൻ തുടങ്ങി അനേകംപേർ ജാതി ഹിന്ദുത്വത്തിന്റെ അയിത്താചാരങ്ങളെയും അനുബന്ധമായി ഉണ്ടായിരുന്ന അന്ധവിശ്വാസങ്ങളെയും എതിർത്തുകൊണ്ടും അനിവാര്യമായ സാമുദായിക മാറ്റത്തിനുവേണ്ടി ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടും മുന്നോട്ടുവന്നതിന്റെ ഫലമാണ് ഹിന്ദു സമുദായത്തിലും അതുവഴിയായി കേരളത്തിന്റെ പൊതുസമൂഹത്തിലും ഉണ്ടായ നവോത്ഥാന മുന്നേറ്റങ്ങൾ. ഈ മാറ്റങ്ങളുടെ അന്തർധാരയായി വർത്തിച്ചത് ക്രൈസ്തവസഭയും മിഷനറിമാരും യേശുക്രിസ്തുവിന്റെ സുവിശേഷവുമായിരുന്നു എന്നത് പലപ്പോഴും വിസ്മരിക്കപ്പെട്ടുപോകുകയോ തമസ്കരിക്കപ്പെടുകയോ ചെയ്യുന്നുണ്ട്.

## കേരളം തിരിച്ചുനടക്കുന്നുവോ?

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം മുതൽ, ജാതി ഹിന്ദുത്വവും സവർണ്ണ മേധാവിത്വ ചിന്തയും ഇന്ത്യയിൽ വീണ്ടും ശക്തമാവുകയും മതേതര ഇന്ത്യയുടെ മുഖ്യധാരയിൽ ഹിന്ദു സ്വത്വരാഷ്ട്രീയം ശക്തിയാർജിക്കുകയും ചെയ്തത്, സമകാലിക സമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ, ഹൈന്ദവ പുനരുജ്ജീവന ചിന്ത അയിത്താചാരങ്ങളെയോ അന്ധവിശ്വാസങ്ങളെയോ തിരികെ കൊണ്ടുവരുന്നതായി തെളിവുകളില്ല. പശു ആരാധന, ന്യൂനപക്ഷങ്ങളോടുള്ള അനിഷ്ടം, മതത്തിന്റെ ബാഹ്യവൽക്കരണവും മതചിഹ്നങ്ങളുടെ വർധിച്ച പ്രചാരവും തുടങ്ങിയ പ്രവണതകൾ ശക്തമാണുതാനും. എങ്കിലും, ഹിന്ദുമതം ഒരു തിരിച്ചുപോക്കിലാണ് എന്നു പറയാൻ കഴിയില്ല.

## ഇതര സമുദായങ്ങളിൽ എന്തുനടക്കുന്നു?

ക്രൈസ്തവമതത്തിലും സഭകളിലും പൊതുവായി ഒരു ആത്മീയ ഉണർവ്വ് പ്രകടമാണെങ്കിലും മതാത്മകജീവിതം കൂടുതലായി വ്യക്തിനിഷ്ഠവും ഭക്തിയധിഷ്ഠിതവുമാണ്. സാമൂഹികപ്രബോധനങ്ങളും പ്രതിബദ്ധതയും കുറയുന്നതായിട്ടാണ് കാണുന്നത്. സമൂഹത്തിൽ മാറ്റം കൊണ്ടുവരുവാനുള്ള സുവിശേഷത്തിന്റെ ശക്തി വ്യക്തികളിൽ അവസാനിച്ചുപോകുന്നുവോ എന്ന് സമുദായം ആത്മശോധന ചെയ്യേണ്ടതാണ്. പൊതുസമൂഹത്തിലും പൊതുരംഗത്തും ക്രൈസ്തവപ്രാതിനിധ്യവും സ്വാധീനവും കുറഞ്ഞുവരുന്നു എന്ന നിരീക്ഷണം ശക്തമാണ്.

ഇസ്ലാംമതം പൊതുവേ പരമ്പരാഗതമായി പുലർത്തിപ്പോരുന്ന സാമുദായിക സ്വത്വാധിഷ്ഠിത ജീവിതരീതിയിൽ കാതലായ മാറ്റങ്ങളില്ലാതെ തുടരുന്നു. ഒപ്പം കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ സജീവമായ സാന്നിധ്യവും സ്വാധീനവും പുലർത്തിപ്പോരുന്നു. സമീപകാലത്തുണ്ടായിട്ടുള്ള ഒരു മാറ്റം, സമുദായത്തിനുള്ളിൽ ശക്തമാകുന്ന നവീന സലഫി - വഹാബി ചിന്തയുടെ സ്വാധീനവും തൽഫലമായി ശക്തിപ്പെട്ടുവരുന്ന 'പൊളിറ്റിക്കൽ ഇസ്ലാമി'ന്റെ വളർച്ചയുമാണ്. സമുദായ നേതൃത്വം അതീവ ജാഗ്രത പുലർത്തിയില്ലെങ്കിൽ, സമുദായത്തിൽ

## ആദരാഞ്ജലികൾ



**ശോശാമ്മ പറപ്പള്ളിൽ**

**(അമ്മിണിക്കുട്ടി)**

(തിരുവല്ല അതിഭദ്രാസനത്തിലെ മുഖ്യ വികാരി ജനറാൾ മോൺ. ഡോ. ഐസക് പറപ്പള്ളിൽ അച്ചന്റെ വത്സലമാതാവ്)

www.malankaralibrary.com

ഒരു ഭാഗം തീവ്രസ്വഭാവമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളിലേക്ക് മാറിപ്പോയേക്കാം. ഇത് സമുദായത്തിനും രാഷ്ട്രത്തിനും അപരിഹാര്യമായ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

### അന്ധവിശ്വാസമാണോ പ്രശ്നം?

മുകളിൽ ചൂണ്ടിക്കാണിച്ച വസ്തുതകൾ വ്യക്തമാക്കുന്നത് കേരളത്തിന്റെ പൊതു സമൂഹമോ പ്രബലസമുദായങ്ങളോ അന്ധവിശ്വാസത്തെ പ്രോത്സാഹിപ്പിക്കുകയോ വളർത്തുകയോ ചെയ്യുന്നില്ല എന്നു തന്നെയാണ്. അങ്ങനെയെങ്കിൽ, ഇലന്തൂരിൽ ഉണ്ടായതുപോലുള്ള മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന നരഹത്യകൾ വർധിച്ചുവരുന്നതിനു കാരണം സമൂഹത്തിൽ പടരുന്ന അന്ധവിശ്വാസമാണോ? ആണെങ്കിൽ അത് എന്തുതരം അന്ധവിശ്വാസമാണ്? സമൂഹത്തിൽ കുറ്റകൃത്യങ്ങൾ വർധിക്കുന്നു എന്നതല്ലേ യഥാർത്ഥ പ്രശ്നം? അതിനുള്ള കാരണം യഥാർത്ഥത്തിൽ അന്ധവിശ്വാസമാണോ, അതോ മറ്റെന്തെങ്കിലുമാണോ?

'പണമുണ്ടാക്കാൻ ഏതറ്റം വരെയും പോകുന്നതിൽ തെറ്റില്ല' എന്ന കാഴ്ചപ്പാട് സമൂഹത്തിൽ പടരുന്നുണ്ട്. ഇത് ഒരു അന്ധവിശ്വാസമാണെങ്കിൽ, അത് കേരളത്തിൽ അങ്ങേയറ്റം പ്രബലമാണ്. ഇതിനുള്ള രാഷ്ട്രീയ സാഹചര്യവും രാഷ്ട്രീയ പിന്തുണയും വർധിച്ചുവരുന്നു എന്നതല്ലേ കേരളത്തെ കുറ്റകൃത്യങ്ങളുടെ വിളനിലമാക്കുന്നത്? എല്ലാത്തരം കുറ്റകൃത്യങ്ങളും പണമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിക്കപ്പെടുന്നു! നമ്മുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ലക്ഷ്യവും അതുതന്നെയായി മാറിയിരിക്കുന്നു!

രാഷ്ട്രീയ പാർട്ടികൾ കോർപറേറ്റുവൽക്കരിക്കപ്പെടുകയും രാഷ്ട്രീയപ്രവർത്തകർ പാർട്ടിയുടെ ശമ്പളക്കാരായി മാറുകയും രാഷ്ട്രീയപ്രവർത്തനം ഒരു തൊഴിലായി പരിഗണിക്കപ്പെടുകയും ചെയ്തതോടെ, പ്രാദേശികതലം മുതലുള്ള എല്ലാ സർക്കാർ–അർദ്ധസർക്കാർ ഭരണസംവിധാനങ്ങളും പാർട്ടിക്കുവേണ്ടി വിനിയോഗിക്കപ്പെടാനുള്ളതാണെന്ന തലതിരിഞ്ഞ കാഴ്ചപ്പാടിൽനിന്നു വളർന്നുവന്ന രാഷ്ട്രീയ– ഉദ്യോഗസ്ഥ– ക്രിമിനൽ കൂട്ടുകെട്ടും, അഴിമതിയും, കേരളസമൂഹത്തെ മുൻപെങ്ങും ഇല്ലാത്തവിധം ക്രിമിനൽവൽക്കരിച്ചിരിക്കുന്നു എന്നതല്ലേ യാഥാർഥ്യം? ഫലമോ? ഏതു വിധേനയുള്ള പണസമ്പാദനവും 'രാഷ്ട്രീയമായി ശരി'യാണ് എന്ന കാഴ്ചപ്പാട് ശക്തമായിരിക്കുന്നു! ക്രിമിനലുകളെ മാറ്റിനിർത്തി രാഷ്ട്രീയ പ്രവർത്തനം അസാധ്യമായിരിക്കുന്നതുപോലെ, രാഷ്ട്രീയ സംരക്ഷണം കിട്ടാത്ത കുറ്റകൃത്യങ്ങളില്ല എന്ന നില വന്നിരിക്കുന്നു!

സ്വർണ്ണ കള്ളക്കടത്ത്, മയക്കുമരുന്നു കള്ളക്കടത്ത്, മനുഷ്യക്കടത്ത്, തീവ്രവാദം, വർധിച്ചുവരുന്ന കൊലപാതകങ്ങൾ, തട്ടിക്കൊണ്ടുപോകൽ, സ്ത്രീപീഡനം തുടങ്ങി ഏതുതരം സംഘടിത കുറ്റകൃത്യത്തിനും സംസ്ഥാനത്തെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുണ്ട് എന്ന അവസ്ഥ സംജാതമായിരിക്കുന്നു.

### രാഷ്ട്രീയ കുറ്റകൃത്യങ്ങളും അന്ധവിശ്വാസവും

അന്ധവിശ്വാസത്തിൽ അജ്ഞതമൂലമുള്ള അന്ധതയുടെ പ്രശ്നമാണ് ഉള്ളതെങ്കിൽ, നമ്മൾ ഇന്നഭിമുഖീകരിക്കുന്ന പ്രശ്നം എല്ലാം കാണുകയും അറിയുകയും ചെയ്യുന്നവർ കണ്ണടയ്ക്കുന്നതുമൂലം സംഭവിക്കുന്ന സമൂഹത്തിന്റെതന്നെ വർധിച്ചുവരുന്ന ക്രിമിനൽവൽക്കരണമാണ്! ഇത് സാമൂഹികവും രാഷ്ട്രീയവുമായ കാരണങ്ങളാൽ ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതും കേരളത്തിലെ സവിശേഷമായ രാഷ്ട്രീയത്തിന്റെയും സങ്കീർണ്ണമായ സാമൂഹിക സാഹചര്യങ്ങളുടെയും ഉൽപ്പന്നവും അവയുടെ അവിഭാജ്യഘടകവുമാണ്. സർവ്വാംഗം ചികിത്സ ആവശ്യമുള്ള കടുത്ത രോഗമായി മാറിയിരിക്കുന്നു കേരളസമൂഹത്തിന്റെ ക്രിമിനൽവൽക്കരണം എന്ന മാരക വ്യാധി. ഏതെങ്കിലും ഒരു കുറ്റകൃത്യത്തെ അന്ധവിശ്വാസത്തിന്റെ ലേബലിൽ ചേർത്തുകൊണ്ട് ഈ സങ്കീർണസാഹചര്യത്തെ നേരിടാൻ കഴിയും എന്നു ചിന്തിക്കുന്നത്, കേവലം തൊലിപ്പുറത്തുള്ള ചികിത്സ മാത്രമായിരിക്കും. ●

## ആദരാഞ്ജലികൾ



**സി. ലിയോ**
**എസ്. ഐ. സി.**

**തിരുമൂലപുരം, തിരുവല്ല**

www.malankaralibrary.com



# കാലഘട്ടത്തിന്റെയും ഐക്യത്തിന്റെയും പ്രവാചകൻ

**ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സഭാദർശനവും സഭൈക്യദർശനവും സമാന്തരദിശയിൽ മുമ്പോട്ടു പോയ വസ്തുതകളാണ്. കാരണം സഭയെന്നാൽ മനുഷ്യകുലത്തിന്റെ ഐക്യത്തിന്റെയും രക്ഷയുടെയും കൂദാശയാണെന്ന ബോധ്യം അഭി. പിതാവിനുണ്ടായിരുന്നു.**



**ഫാ. ജോർജ് തേക്കടയിൽ**

## ആമുഖം

ആശീർവ്വദിക്കപ്പെട്ടവൻ, അനുഗ്രഹിക്കപ്പെട്ടവൻ എന്ന അർത്ഥമുള്ള ബനഡിക്ട് എന്ന നാമത്തിൽ ബഥനി സന്യാസസഭയിൽ വ്രതത്രയങ്ങൾ ജീവിതത്തിലേറ്റി തന്റെ സമർപ്പണജീവിതം ആരംഭിച്ച ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ജീവിതം മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മാത്രമല്ല മാർത്തോമ്മാ നസ്രാണിസഭകളുടെയും കേരളത്തിലെ ക്രൈസ്തവസഭകളുടെയും, കേരള സംസ്ഥാനത്തിന്റെതന്നെ ചരിത്രത്തിന്റെ ഭാഗമായി തീർന്നു. മാർ ഈവാനിയോസ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പൽ, തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായമെത്രാൻ, അതിപ്രഗത്ഭനും പുനരൈക്യപ്രസ്ഥാനത്തിന്റെ അമരക്കാരനും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും തിരുവനന്തപുരം അതിഭദ്രാസന അദ്ധ്യക്ഷനുമായിരുന്ന ആർച്ചുബിഷപ്പ് ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അമരക്കാരനും കേരള കത്തോലിക്കാ മെത്രാൻസമിതിയുടെയും ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെയും അദ്ധ്യക്ഷനുമൊക്കെയായി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി നിറഞ്ഞുനിന്നു. കേരള സംസ്ഥാനത്തിന്റെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, സാമ്പത്തിക രംഗങ്ങളിലെല്ലാം പിതാവ് തനതായ വ്യക്തിമുദ്ര പതിപ്പിച്ചു. ഇന്ത്യാമഹാരാജ്യത്തിലെ ഭരണാധികാരികളുടെ ഉപദേശകനായി വിവിധ ഗവൺമെന്റ് സമിതികളിൽ നിയമിതനായി.

ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സഭാദർശനവും സഭൈക്യദർശനവും സമാന്തരദിശയിൽ മുമ്പോട്ടു പോയ വസ്തുതകളാണ്. കാരണം സഭയെന്നാൽ മനുഷ്യകുലത്തിന്റെ ഐക്യത്തിന്റെയും രക്ഷയുടെയും കൂദാശയാണെന്ന ബോധ്യം അഭി. പിതാവിനുണ്ടായിരുന്നു. സഭയുടെ ദൗത്യം ലോകത്തെ മുഴുവൻ സുവിശേഷവെളിച്ചത്തിലേക്ക് നയിക്കുക എന്നതാണെന്ന ബോധ്യമായിരുന്നു അഭി. പിതാവിന്റേത്. ലോകത്തെ സുവിശേഷീകരിക്കാൻ ആദ്യം വേണ്ടത് ക്രിസ്തുശിഷ്യർ ഐക്യത്തിലാവുക എന്ന അടിസ്ഥാന ബോധ്യമാണ്. "ഒരിടയനും ഒരു തൊഴുത്തും" (യോഹ. 10:16) എന്ന ഏക ഇടയനായ ക്രിസ്തുവിന്റെ സ്വപ്നംതന്നെയായിരുന്നു ജാഗരൂകനായ അജപാലകനായിരുന്ന ഗ്രിഗോറിയോസ് പിതാവിന്റെ സ്വപ്നവും. യേശുക്രിസ്തുവിന്റെ പ്രാർത്ഥന തന്നെയായിരുന്നു ഗ്രിഗോറിയോസ് പിതാവിന്റെ പ്രാർത്ഥനയും. "അവരെല്ലാവരും

www.malankaralibrary.com

ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു'' (യോഹ. 17:21). ദൈവം ഒന്നായിരിക്കുന്നതുപോലെ (യോഹ. 17:22) ദൈവജനവും ഒന്നായിരിക്കണമെന്ന ബോധ്യം ഗ്രിഗോറിയോസ് പിതാവിനുണ്ടായിരുന്നു. ദൈവജനം ഒന്നായാൽ മാത്രമെ ഭാരതത്തിന്റെ സുവിശേഷീകരണം യാഥാർത്ഥ്യമാവൂ എന്ന് അഭി. പിതാവ് പലയവസരങ്ങളിലും തന്റെ പ്രസംഗങ്ങളിൽ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. തന്റെ മുൻഗാമി ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെപ്പോലെ മാർ ഗ്രിഗോറിയോസ് പിതാവും സഭകളുടെ ഐക്യം പ്രത്യേകിച്ച് മാർത്തോമ്മാ നസ്രാണി പാരമ്പര്യമുള്ള സഭകളുടെയെല്ലാം ഐക്യത്തിനുവേണ്ടി അതിയായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്തിരുന്നു.

## മൂന്ന് റീത്തുകളെയും (വ്യക്തിഗതസഭകൾ) ഒന്നിപ്പിച്ചു മുമ്പോട്ടു പോകാനുള്ള ശ്രമങ്ങൾ

കത്തോലിക്കാസഭാകൂട്ടായ്മ 24 വ്യക്തിഗത സഭകളുടെ കൂട്ടായ്മയാണ്. അതിൽ ലത്തീൻ സഭയാണ് പാശ്ചാത്യസഭയും അംഗബലംകൊണ്ട് വലുതും സാർവത്രികമായി വ്യാപിച്ചുകിടക്കുന്നതും. ബാക്കി സഭകളെല്ലാം പൗരസ്ത്യസഭാ പാരമ്പര്യത്തിലുള്ളതും അംഗബലംകൊണ്ട് ചെറുതുമാണ്. ഇന്ത്യയിൽ മൂന്ന് വ്യക്തിഗത സഭകളാണുള്ളത്; ലത്തീൻസഭ, സീറോ മലബാർസഭ, മലങ്കര സുറിയാനി കത്തോലക്കാസഭ. സീറോ മലബാർ സഭയും സീറോ മലങ്കര സഭയും ഒരേ അപ്പസ്തോലിക പാരമ്പര്യമുള്ള സഭകളാണെങ്കിലും ആരാധനക്രമ പൈതൃകം വ്യത്യസ്തമാണ്. മാർത്തോമ്മാ പാരമ്പര്യസഭ ക്രിസ്തുവർഷ ആരംഭകാലത്തു തന്നെ ഇന്ത്യയിൽ ഉണ്ടായിരുന്നുവെങ്കിലും 16-ാം നൂറ്റാണ്ടോടുകൂടി ഇവിടെ എത്തിയ ലത്തീൻ സഭ ഇന്ത്യയിൽ കുറേക്കൂടെ വിശാലമായ തലത്തിൽ വളർന്നുവന്നു. അതിന് പല കാരണങ്ങളുമുണ്ട്. കത്തോലിക്കാസഭാ കൂട്ടായ്മയിലാണെങ്കിലും പ്രായോഗിക ജീവിതത്തിൽ ചില അസ്വാരസ്യങ്ങളും അഭിപ്രായഭിന്നതകളും ഈ സഭകൾ തമ്മിലുണ്ടെന്നുള്ളത് മറച്ചുവയ്ക്കാനാവില്ല.

രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി സഭാത്മക ചിന്താഗതികളിൽ വിപ്ലവാത്മകമായ മാറ്റങ്ങളും ചലനങ്ങളും ലോകമെമ്പാടും ഉണ്ടായി. ഭാരതസഭയിലും അതിന്റെ അലയടികൾ ഉണ്ടായി. 1960-കളിൽ ഭാരതത്തിൽ ഏകറീത്തു വാദം കൊടുമ്പിരിക്കൊണ്ട കാലമായിരുന്നു. ഇപ്പോൾപോലും അങ്ങനെ ചിന്തിക്കുന്നവരുണ്ട്. സീറോ മലബാർ സഭയ്ക്കും സീറോ മലങ്കര സഭയ്ക്കും ഭാരതത്തിൽ മുഴുവൻ സ്വാതന്ത്ര്യത്തോടെ സുവിശേഷീകരണപ്രവർത്തനങ്ങൾ നടത്താനും, സ്വതന്ത്രമായി പള്ളികൾ സ്ഥാപിക്കാനും മെത്രാന്മാരെയും വികാരിയച്ചന്മാരെയും നിയമിക്കാനുമൊക്കെ സ്വാതന്ത്ര്യം കിട്ടിയിട്ട് ഏതാനും വർഷങ്ങൾ മാത്രമേ ആയിട്ടുള്ളൂ. ഇപ്പോൾപോലും ചിലയിടങ്ങളിൽ പൊട്ടിത്തെറികളും അസ്വസ്ഥതകളും ഉണ്ടെന്ന കാര്യം വസ്തുതയാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാത്മകദർശനങ്ങളെ വേണ്ടവിധം ഉൾക്കൊള്ളാൻ ഇന്നും ചില മെത്രാന്മാർക്കും വലിയൊരു ഭാഗം വൈദികർക്കും അല്മാ



www.malankaralibrary.com

യർക്കും ആവുന്നില്ല എന്ന കാര്യം വിസ്മരിക്കരുത്.

യേശുക്രിസ്തുവിലൂടെ മനുഷ്യവർഗത്തിന്റെ ഐക്യമാണ് ക്രിസ്തുവിന്റെ സഭയുടെ പ്രധാനവും പ്രഥമവുമായ ലക്ഷ്യമെങ്കിൽ അതിന് ക്രൈസ്തവർ തമ്മിലുള്ള ഐക്യം പ്രധാനമാണ്. ഒരേ വിശ്വാസവും ഒരേ കൂദാശകളും ഒരേ ഹയരാർക്കിയും ഒരേ ധാർമ്മിക പ്രബോധനങ്ങളുമുള്ള കത്തോലിക്കാസഭയിലെ വ്യക്തിഗത സഭകൾ ഏകമനസ്സോടെയും ഐക്യത്തിലുമായിരിക്കണമെന്ന ചിന്ത മാർ ഗ്രിഗോറിയോസ് പിതാവിനുണ്ടായിരുന്നു. 1969 ൽ ബാംഗ്ലൂർ ധർമ്മാരാം സെമിനാരിയിൽ വച്ച് കത്തോലിക്കാസഭ ഒരു അഖിലേന്ത്യാ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. "കത്തോലിക്കാസഭയിലെ റീത്തുകളും ഭാരതത്തിലെ സുവിശേഷപ്രവർത്തനങ്ങളും" എന്നതായിരുന്നു ചർച്ചാവിഷയം. ഒരു റീത്തിലെ പള്ളികൾ ഉള്ളിടത്ത് മറ്റ് റീത്തിലുള്ള പള്ളികളും വൈദികരും വേണ്ട എന്ന നിലപാടുള്ളവരും അതിന് വിപരീതമായി എല്ലാ റീത്തുകൾക്കും പള്ളികൾ സ്ഥാപിക്കാനും സുവിശേഷം പ്രഘോഷിക്കാനും സ്വാതന്ത്ര്യം വേണമെന്നു വാദിക്കുന്നവരും തമ്മിൽ വലിയ അഭിപ്രായവ്യത്യാസം ഉണ്ടാവുകയും പൊതുവെ കലുഷിതമായ സാഹചര്യം ഉടലെടുക്കുകയും ചെയ്തു. പ്രധാനമായും ലത്തീൻ, സീറോ മലബാർ സഭകളിലുള്ള പണ്ഡിതന്മാരാണ് ചൂടേറിയ ചർച്ചകളിൽ ഭൂരിപക്ഷവും. അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഇടപെടലുകൾ രംഗം ശാന്തമാക്കുകയും പരസ്പര ധാരണയിലെത്തുകയും ചെയ്തു. ഓരോ വ്യക്തിഗത സഭകൾക്കും അവരവരുടെ പള്ളികൾ സ്ഥാപിക്കാനും ഇടയന്മാരെ നിയമിക്കാനും സ്വതന്ത്രമായി ഇന്ത്യയിലെവിടെയും സുവിശേഷം പ്രഘോഷിക്കാനും സ്വാതന്ത്ര്യമുണ്ട് എന്ന ഒരു തീരുമാനത്തിൽ പ്രസ്തുത സമ്മേളനം എത്തിച്ചേർന്നു. എതിർദിശയിലുള്ള രണ്ട് തീവ്ര നിലപാടുകാരെ സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാതയിലേയ്ക്ക് നയിക്കുവാൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ വലിയ നേതൃത്വത്തിന് കഴിഞ്ഞു. ഐക്യം സ്വന്തം വീട്ടിൽ നിന്നും തുടങ്ങണമെന്ന ദർശനമായിരുന്നു അഭി. ഗ്രിഗോറിയോസ് പിതാവിന് ഉണ്ടായിരുന്നത് എന്നതിന്റെ ഏറ്റവും നല്ലൊരു ഉദാഹരണമാണ് ഈ സംഭവം.

മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി "ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി" എന്ന തിരുവെഴുത്തുവഴി പരിശുദ്ധ പതിനൊന്നാം പീയൂസ് മാർപ്പാപ്പ സ്ഥാപിച്ചത് 1932 ഫെബ്രുവരി 11–ാം തീയതിയാണ്. തിരുവനന്തപുരം അതിഭദ്രാസനവും തിരുവല്ല ഭദ്രാസനവുമായിരുന്നു മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ രണ്ട് ഭദ്രാസനങ്ങൾ. മലങ്കര സഭയുടെ ഐക്യത്തിനും വളർച്ചയ്ക്കും വേണ്ടി കേരളം മുഴുവനും മാത്രമല്ല തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലും മലങ്കര മക്കൾ പ്രവാസികളായി പോയിരുന്ന ഇന്ത്യയുടെ എല്ലാ പ്രദേശങ്ങളിലും ഓടിനടന്ന് വി. പൗലോസ് അപ്പസ്തോലന്റെ പ്രേഷിത തീക്ഷ്ണതയോടെ പിതാവ് പ്രയത്നിച്ചു. കേരളത്തിന് പുറത്തുള്ള പ്രദേശങ്ങളിൽ മലങ്കര സഭയുടെ മിഷനുകളും പള്ളികളും സ്ഥാപിക്കുന്നതിന് പലതരത്തിലുമുള്ള എതിർപ്പുകൾ ഉണ്ടായിട്ടുണ്ട്. അവയെ എല്ലാം അതിജീവിക്കുവാനും സഭയുടെ സജീവ സാന്നിധ്യം ഉറപ്പാക്കുവാനും അഭി. പിതാവിന്റെ നേതൃത്വത്തിന് കഴിഞ്ഞു. മലങ്കര സഭയുടെ ഇന്നത്തെ മാർത്താണ്ഡം, പുത്തൂർ, ഗുഡ്ഗാവ്, ഖഡ്കി–പൂനാ ഭദ്രാസനങ്ങൾക്കും അമേരിക്കൻ ഭദ്രാസനത്തിനും അടിത്തറ പാകിയ പ്രധാന ശില്പി അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവാണ് എന്ന സത്യം ഇന്നുള്ളവരും വരും തലമുറയും ഒരിക്കലും മറക്കാൻ പാടില്ല.

## മാർത്തോമ്മാ നസ്രാണിസഭകളുടെ ഐക്യവും നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനവും

"സ്നേഹം മമ ജീവിതം" എന്നതായിരുന്നു ഗ്രിഗോറിയോസ് പിതാവിന്റെ ദർശനവാക്യം. 1983 ൽ തിരുവനന്തപുരം ചാലയിൽ നടന്ന കലാപം, 1992 ൽ പൂന്തുറയിൽ നടന്ന വർഗീയ കലാപം തുടങ്ങിയ ഇടങ്ങളിൽ അഭി. പിതാവിന്റെ സ്നേഹമസൃണമായ ഇടപെടൽ വലിയ അത്യാഹിതങ്ങളിൽനിന്നാണ് നാടിനെ രക്ഷിച്ചത്. 1986 ൽ പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തിരുവനന്തപുരത്ത് എത്തിയപ്പോൾ ശംഖുമുഖം കടപ്പുറമായിരുന്നു പൊതു സമ്മേളനവേദി. എന്നാൽ ഇതിൽ കുപിതരായ കുറച്ചു ഹിന്ദു സഹോദരങ്ങൾ ശംഖുമുഖത്ത് വേദിയുണ്ടാക്കുന്നതിനെ ശക്തമായി എതിർത്തു. ഗ്രിഗോറിയോസ് പിതാവിന്റെ ഇടപെടൽ മൂലം പ്രശ്നം രമ്യമായി പരിഹരിക്കപ്പെടുകയും ശംഖുമുഖത്തുതന്നെ പരിശുദ്ധ മാർപ്പാപ്പയ്ക്കു പൊതുജനങ്ങളോട് സംവദിക്കാൻ അവസരമുണ്ടാവുകയും ചെയ്തു.

1983 ൽ നടന്ന നിലയ്ക്കൽ പ്രശ്നം വലിയൊരു സാമുദായിക കലാപത്തിലേക്ക് വഴുതി വീഴാൻ സാധ്യതയുണ്ടായിരുന്ന സംഭവമാണ്. നൂറ്റാണ്ടുകൾ മുൻപ് ജനങ്ങൾ താമസിച്ചിരുന്ന കേന്ദ്രമായിരുന്നു നിലയ്ക്കൽ (ചായൽ). മാർത്തോമ്മാ ശ്ലീഹാ തുടങ്ങിയ ഒരു ക്രൈസ്തവസമൂഹം നിലയ്ക്കലിലായിരുന്നു. പൂർവ്വകാല നാഗരിക ജീവിതത്തിന്റെ അവശിഷ്ടങ്ങൾ ഇന്ന് കൊടുംവനമായി മാറിയ നിലയ്ക്കലിൽ ഉണ്ടെന്നത് വസ്തുതയാണ്. തന്റെ പൂർവ്വപിതാക്കൾ ജീവിച്ചു മൺമറഞ്ഞ ഇടമായ നിലയ്ക്കലിൽ ഒരു ദൈവാലയം ഉണ്ടാകണമെന്ന വലിയൊരു സ്വപ്നം ഗ്രിഗോറിയോസ് പിതാവിനുണ്ടായിരുന്നു. സ്വപ്നസാക്ഷാൽക്കാരത്തിനായി പിതാവ് പ്രാർത്ഥിച്ചു, ഒപ്പം പ്രവർത്തിക്കുകയും ചെയ്തു.

മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ പുരാതന നിലയ്ക്കൽ പള്ളിയുടെ സ്മരണ നിലനിർത്തുന്നതിന് സഭാ വ്യത്യാസമില്ലാതെ ഏവർക്കും ആരാധിക്കുന്നതിനായി ഒരു എക്യുമെനിക്കൽ ദൈവാലയം

www.malankaralibrary.com

നിലയ്ക്കലിൽ സ്ഥാപിതമാകണം എന്നതായിരുന്നു ഗ്രിഗോറിയോസ് പിതാവിന്റെ സ്വപ്നം. ഋഷിവര്യനായ ബഹു. ഫിലിപ്പോസ് നടമലയച്ചനും പിതാവിന്റെ സ്വപ്നസാക്ഷാൽക്കാരത്തിനായി പ്രവർത്തിച്ചു തുടങ്ങി. മാർത്തോമ്മാ ശ്ലീഹായാൽ പരിപാവനമാക്കപ്പെട്ട നിരണത്തുനിന്ന് കത്തോലിക്കാ, ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ, സി.എസ്.ഐ. സഭകളിലെ അനേകം വൈദികരും സന്യസ്തരും അല്മായരുമായി മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഏഴര പള്ളികളിലേക്ക് ഒരു തീർത്ഥയാത്ര നടത്തുന്നതിന് പിതാവ് നേതൃത്വം നല്കി. ഒരു എക്യുമെനിക്കൽ പള്ളി പണിയുന്നതിലേക്ക് നിലയ്ക്കൽ വനത്തിൽ ഭൂമി ആവശ്യപ്പെട്ട് പിതാവ് ഗവൺമെന്റിന് പല പ്രാവശ്യം അപേക്ഷ നല്കി. കടുവാപ്പാറ എന്ന സ്ഥലത്ത് പത്തു ഹെക്ടർ സ്ഥലം ഗവൺമെന്റ് അനുവദിച്ചെങ്കിലും ക്രൈസ്തവസഭകളിൽത്തന്നെയുള്ള ചിലരുടെ എതിർപ്പുകൾ കാരണം അത് നടക്കാതെ പോയി. ചില കുബുദ്ധികളുടെ കുത്സിതനീക്കങ്ങൾ കാരണം സംഘർഷാവസ്ഥ ഉടലെടുക്കുകയും അത് കാട്ടുതീപോലെ സമൂഹത്തിൽ പടർന്നുകയറുകയും ചെയ്തു. സംഘർഷാവസ്ഥ ലഘൂകരിക്കുവാൻ പിതാവ് വലിയ അദ്ധ്വാനം നടത്തി. ഹൈന്ദവ നേതാക്കന്മാർ പിതാവിനു പൂർണ്ണ ഐക്യം വാഗ്ദാനം ചെയ്തു. ഒരു വശത്ത് ശബരിമല അയ്യപ്പന്റെ പൂങ്കാവനത്തിനടുത്ത് ഒരു കാരണവശാലും പള്ളി പണിയാൻ അനുവദിക്കില്ല എന്ന് ചില തീവ്ര ഹിന്ദുത്വവാദികളും ശാഠ്യം പിടിച്ചു. നിലയ്ക്കലിലും ചുറ്റുവട്ടമുള്ള പ്രദേശങ്ങളിലും വലിയ സംഘർഷപൂരിതമായ പ്രദേശങ്ങളിൽ നിന്നും അകലെയെവിടെയെങ്കിലും പള്ളി പണിയാൻ സ്ഥലം അനുവദിച്ചാൽ മതിയെന്ന പിതാവിന്റെ അഭ്യർത്ഥന ഗവൺമെന്റ് അംഗീകരിക്കുകയും 'തേവർമല' എന്ന സ്ഥലത്ത് പള്ളി വയ്ക്കാൻ അനുവാദവും കിട്ടി. അങ്ങനെ ഇന്ന് നാം കാണുന്ന നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയം തേവർമലയിൽ സ്ഥാപിതമായി. അങ്ങനെ എല്ലാ ക്രൈസ്തവർക്കും ജാതിമതഭേദമെന്യേ പ്രാർത്ഥിക്കുവാൻ ഒരു എക്യുമെനിക്കൽ ദൈവാലയം, ഗ്രിഗോറിയോസ് പിതാവിന്റെ സ്വപ്നസാക്ഷാൽക്കാരമായി സ്ഥാപിതമായി. 1984 ഏപ്രിൽ മാസം 8-ാം തീയതി നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയം സ്ഥാപിതമാവുകയും ഒൻപതു സഭാമേലദ്ധ്യക്ഷന്മാർ ചേർന്നുള്ള നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ് രൂപീകരിക്കപ്പെടുകയും ചെയ്തു.

### സഭകളുടെ ഐക്യമെന്ന സ്വപ്നം പ്രാവർത്തികമാക്കാൻ ശ്രമിച്ച ഗ്രിഗോറിയോസ് പിതാവ്

നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയത്തിന് വേണ്ടിയുള്ള പ്രയത്നങ്ങളും അതിന്റെ സ്ഥാപനവും ഗ്രിഗോറിയോസ് പിതാവിന്റെ എക്യുമെനിക്കൽ ദർശനങ്ങൾക്ക് ഏറ്റവും വലിയ ഉദാഹരണമാണ്. എല്ലാ ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരെയും വൈദികരെയും അല്മായരെയും ഒരേ മനസ്സോടെ ഒന്നിപ്പിച്ചു കൊണ്ടുവന്ന സംഭവമാണ് നിലയ്ക്കൽ എക്യുമെനിക്കൽ പള്ളിയും നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റും.

1989 ൽ വിവിധ ക്രൈസ്തവമേലദ്ധ്യക്ഷന്മാരെയും സഭാപ്രതിനിധികളെയും ഒന്നിച്ചുകൂട്ടി റോമിലേക്ക് ഒരു തീർത്ഥാടനം നടത്തിയ സംഭവം അക്കാലത്ത് വാർത്താമാധ്യമങ്ങളിലെ പ്രധാന തലക്കെട്ടുകളിൽ ഒന്നായിരുന്നു. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ സന്ദർശിക്കാനും മാർപ്പാപ്പയുടെ വി. ബലിയിൽ പങ്കെടുക്കാനും ഈ തീർത്ഥാടകസംഘത്തിന് കഴിഞ്ഞു. റോമിലെ തീർത്ഥാടക ദൈവാലയങ്ങൾ സന്ദർശിച്ച് ജനീവയിലെ ലോകസഭകളുടെ കൗൺസിൽ ആസ്ഥാനവും സന്ദർശിച്ചാണ് ഈ സംഘം മടങ്ങിയെത്തിയത്.

എല്ലാ സഭകളിലെയും സഭാതലവന്മാരും മറ്റ് സഭാപിതാക്കന്മാരുമായി വലിയൊരു ആത്മബന്ധം

*(ശേഷം പേജ് 47)*

## 25-ാം ചരമവാർഷികം

**13 നവംബർ 2022**



**റവ. ഫാ. എം. ജെ. എബ്രഹാം മടത്തിറമ്പിൽ (തമ്പിയച്ചൻ)**

| | |
|---|---|
| ജനനം | : 13-10-1937 |
| പൗരോഹിത്യ സ്വീകരണം | : 19-03-1963 |
| മരണം | : 13-11-1997 |

"ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭയേകേണം"

*പ്രാർത്ഥനയോടെ, മടത്തിറമ്പിൽ കുടുംബാംഗങ്ങൾ*

www.malankaralibrary.com



# കുറ്റവാളികളുടെ മനസ്സ് മനഃശാസ്ത്ര കണ്ണുകളിലൂടെ



സി. ഡോ. ഗ്രെയ്സ്
എസ്.ഐ.സി.

ശരീരത്തിന്റെയും ആത്മാവിന്റെയും സുസ്ഥിതിയെയാണല്ലോ ആരോഗ്യമെന്ന് വിശേഷിപ്പിക്കുന്നത്. ശാരീരികാരോഗ്യത്തിനു കൊടുക്കുന്ന പ്രാധാന്യം മാനസികാരോഗ്യത്തിനും കൊടുക്കുന്നതിൽ നമ്മൾ പരാജയപ്പെടുന്നു എന്നതിന്റെ തെളിവാണ് നമ്മുടെ നാട്ടിൽ ഇന്നു നടക്കുന്ന പല ദാരുണസംഭവങ്ങളും. കൂടത്തായി, ഇലന്തൂർ, പാറശാല സംഭവങ്ങളെല്ലാം വിരൽചൂണ്ടുന്നത് മനുഷ്യമനസ്സിന്റെ നിഗൂഢതകളിലേക്കും മാനസിക-വൈകാരിക തലങ്ങളിലെ വൈകല്യങ്ങളിലേക്കുമാണ് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ കുറ്റകൃത്യങ്ങൾ നടത്തിയ വ്യക്തികളെക്കുറിച്ച് രോഗനിർണയം നടത്തുവാനല്ല, പിന്നെയോ, ഈ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി ചില അനുമാനങ്ങൾ രൂപപ്പെടുത്തുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

വികലമായ ചിന്താഗതികൾ ഒരു വ്യക്തിയിൽ രൂപപ്പെടുന്നത് ആ വ്യക്തിയുടെ ചെറുപ്പകാലം മുതലാണ്. താളപ്പിഴകൾ ഉള്ള കുടുംബാന്തരീക്ഷവും മാനസിക, ശരീരിക, വൈകാരിക, ലൈംഗിക ദുരുപയോഗത്തിന് ഇരയാകലും കുട്ടികളിൽ ഉണ്ടാക്കുന്ന മാനസികാഘാതം തങ്ങളെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും ജീവിതസാഹചര്യങ്ങളെക്കുറിച്ചും തെറ്റായ ചിന്തകളും ബോധ്യങ്ങളും പെരുമാറ്റ രീതികളും രൂപപ്പെടുത്തിയെടുക്കും. പതിനേഴുവയസ്സു വരെ പ്രായമുള്ള കുട്ടികളിൽ ഉണ്ടാകുന്ന മാനസികാഘാതാനുഭവങ്ങളെ (traumatic experience) പ്രതികൂല ബാല്യകാലാനുഭവങ്ങൾ (Adverse childhood experiences) എന്നു വിശേഷിപ്പിക്കുന്നു.

www.malankaralibrary.com

മദ്യത്തിനും ലഹരിക്കും അടിമയായ മാതാപിതാക്കളുടെ മക്കൾ, ഗാർഹിക പീഡനങ്ങൾക്ക് ദൃക്സാക്ഷിയാകേണ്ടി വരുന്ന കുട്ടികൾ, ശാരീരിക–വൈകാരിക അവഗണന അനുഭവിക്കേണ്ടി വരുന്ന കുട്ടികൾ, ക്രൂരകൃത്യങ്ങളും അക്രമങ്ങളും നേരിട്ടു കാണേണ്ടിവരുന്നവർ, അതേപോലെ ഇത്തരത്തിലുള്ള ദുരുപയോഗത്തിന് ഇരയാകുന്നവർ എല്ലാവരും പ്രതികൂല–ബാല്യകാലാനുഭവങ്ങളുടെ ഫലമായുണ്ടായ മാനസികാഘാതങ്ങൾ ഉള്ളവരായിരിക്കും. വിദഗ്ധരായ മനഃശാസ്ത്രജ്ഞരുടെയോ (professional counsellors), മാനസികമായ പ്രശ്നങ്ങളിൽ മാർഗനിർദേശം നല്കാൻ പരിശീലനം ലഭിച്ച വ്യക്തികളുടെയോ ചികിത്സാരീതികളിലൂടെ ഇത്തരത്തിലുള്ള മാനസികപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ സാധിക്കും. മാനസികവൈകല്യമുള്ളവരെ ചികിത്സിക്കുന്നത് ഒരു പുരോഗമനപരമായ സമീപനമായിട്ട് നമ്മുടെ സമൂഹം മനസ്സിലാക്കുകയും അതിനനുസരിച്ച് പ്രതികരിക്കുകയും വേണം. യഥാസമയം ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ മാനസിക വൈകല്യങ്ങൾ ഉള്ള ഇത്തരം വ്യക്തികൾ സാമൂഹികദ്രോഹികളും കുറ്റവാളികളുമൊക്കെയായി മാറും. ഇതുകൂടാതെ, ഇത്തരത്തിലുള്ള ആളുകൾ കുടുംബജീവിതം ആരംഭിക്കുമ്പോൾ ഈ വൈകല്യങ്ങൾ അവരുടെ കുടുംബജീവിതത്തിൽ പ്രതിഫലിക്കും. തദ്ഫലമായി നമ്മുടെ സമൂഹത്തിൽ യുവജനങ്ങളിൽ യുക്തിരഹിതമായ ചിന്തകളും വിശ്വാസങ്ങളും വളരുകയും പിന്നീട് അപകടകരമാം വിധം വർദ്ധിച്ച് നശീകരണപ്രവണതയായി മാറുകയും ചെയ്യും.

വ്യക്തിത്വവികസനത്തെയും മാനസികാരോഗ്യത്തെയും ബാധിക്കുന്ന ഘടകങ്ങളാണ് ജനിതകഘടകങ്ങളും അതോടൊപ്പം നമ്മുടെ ചുറ്റുപ്പാടുകളും (Nature and Nurture) വ്യക്തികൾ കുറ്റവാസനയുള്ളവരായി ജനിക്കുകയാണോ അതോ സാഹചര്യങ്ങളിലൂടെ സൃഷ്ടിക്കപ്പെടുകയാണോ ചെയ്യുന്നത്? ഗവേഷണപഠനങ്ങൾ വിരൽചൂണ്ടുന്നത് ഇവ രണ്ടിന്റെയും സംയോജനമാണെന്നാണ്. ജനിതകമായ സ്വഭാവഗുണങ്ങൾ (Genes), ചുറ്റുപാടുകളുടെ സ്വാധീനം (environmental influences) വിദ്യാഭ്യാസത്തിന്റെ അഭാവം, പിന്നോക്കമായ സാമ്പത്തിക സ്ഥിതി, ദുരുപയോഗത്തിനിരയായിട്ടുള്ള അവസ്ഥ, തലച്ചോറിലെ രാസവ്യതിയാനങ്ങൾ എന്നിവ ഒരു വ്യക്തിയെ കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്നതിനുള്ള പ്രധാനഘടകങ്ങളാണ് എന്ന് കുറ്റകരമായ പെരുമാറ്റങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. മേല്പറഞ്ഞ ഘടകങ്ങളിൽ വ്യക്തിത്വവൈകല്യങ്ങളുടെ സ്വാധീനം വളരെ നിർണ്ണായകമാണ്. ഇങ്ങനെയുള്ളവരിൽ ആത്മാനുരാഗ വ്യക്തിത്വവൈകല്യം (Narcissistic personality disorder) സാമൂഹ്യവിരുദ്ധ വ്യക്തിത്വവൈകല്യം (Antisocial personality disorder) എന്നിവ കാണുവാൻ സാധിക്കും. ഈ വൈകല്യങ്ങൾ കൂടാതെ അന്ധവിശ്വാസങ്ങൾ (Superstitious beliefs) അപകടകരമാകുന്നതിനു



പിന്നിൽ Obsessive compulsive disorder ആയിരിക്കാനുള്ള സാധ്യത പഠനങ്ങൾ തെളിയിക്കുന്നു. അന്ധവിശ്വാസങ്ങളുടെ അനുഷ്ഠാനങ്ങൾക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്ന മാനസിക അവസ്ഥ അവന്റെ യുക്തിരഹിതമായ ചിന്തകളാണ്. സാധാരണജീവിതത്തിന് അതീതമായ സാഹചര്യങ്ങൾ കടന്നുവരുമ്പോൾ ആ സാഹചര്യത്തെ തരണം ചെയ്ത് തന്റെ നിയന്ത്രണത്തിലെത്തിക്കുവാനുള്ള മനസ്സിന്റെ വിഭ്രാന്താത്മകമായ ത്വരയിൽനിന്നുമാണ് അപകടകരമായ അന്ധവിശ്വാസാനുഷ്ഠാനങ്ങൾ ഉണ്ടാകാറുള്ളത്. ഉത്ക്കണ്ഠാരോഗത്തിന്റെ അവസ്ഥകളും ഇതിന് കാരണമാകാറുണ്ട്. അമിതമായ ഉത്ക്കണ്ഠ, ആശങ്ക, നിയന്ത്രണാതീതമായ ചിന്തകൾ, ഉറക്കമില്ലായ്മ എന്നിവ പ്രകടമാകുമ്പോൾ മുൻകരുതലുകൾ എടുക്കുവാൻ നാം ശ്രദ്ധിക്കണം. ഇങ്ങനെയുള്ള പ്രശ്ന

www.malankaralibrary.com

ങ്ങൾ നമുക്കോ നമ്മുടെ കുടുംബത്തിലുള്ളവർക്കോ ഉണ്ടെന്ന് തിരിച്ചറിയുമ്പോൾ മനഃശാസ്ത്രജ്ഞ നെയോ മനോരോഗവിദഗ്ധനെയോ നിർബന്ധമായും സമീപിച്ചിരിക്കണം.

അമേരിക്കയിലെ പ്രശസ്ത മനഃശാസ്ത്രജ്ഞ നായ Otto F Kernberg ആത്മാനുരാഗ വ്യക്തിത്വ വൈകല്യത്തെക്കുറിച്ച് (Narcissistic personality disorder) ഗഹനമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. വ്യക്തിത്വവൈകല്യത്തിലെ Malignant Narcissism എന്ന അവസ്ഥയെക്കുറിച്ച് അദ്ദേഹം വിശദീകരിക്കു കയും ഈ അവസ്ഥ മനുഷ്യരിൽ ഉണ്ടാക്കുന്ന പ്രത്യേകതകളെപ്പറ്റി പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1964 ൽ Eric Fromm എന്ന ജർമ്മൻ മനഃശാസ്ത്ര ജ്ഞനാണ് ഈ സംജ്ഞ ആദ്യമായി ഉപയോഗിച്ച ത്. Malignant എന്ന വാക്കിന് മാരകമായ അർത്ഥ മാണുള്ളത്. അതുപോലെ ക്രൂരമായ, അപകടകര മായ, ശത്രുതയുള്ള, ആൾമാറാട്ട സ്വഭാവവുമുള്ളതു മായ, മരണകരമായ എന്ന അർത്ഥങ്ങളൊക്കെ ഈ വാക്കിന് നല്കാം. Narcissisticഎന്നു പറഞ്ഞാൽ സ്വയകേന്ദ്രീകൃത സ്നേഹത്തോടെയുള്ള സഹാനു ഭൂതി ഇല്ലാത്ത എല്ലായ്പ്പോഴും സ്വയപ്രശംസ ആഗ്ര ഹിക്കുന്ന മറ്റുള്ളവരിൽനിന്ന് കടപ്പാട് പ്രതീക്ഷിക്കു ന്ന, മറ്റുള്ളവർക്ക് എന്ത് ബുദ്ധിമുട്ട് ഉണ്ടായാലും തനിക്ക് വേണ്ടത് നേടിയെടുക്കും എന്ന മനോഭാവ മാണ്. Kernberg ന്റെ പഠനമനുസരിച്ച് ഈ അവസ്ഥാ വിശേഷം ഉള്ളവരിൽ കാണപ്പെടുന്ന ചില വൈക ല്യങ്ങൾ ഇവയാണ്:

1. ഇവർ സാമൂഹ്യ വിരുദ്ധ വൈകല്യം (Antisocial personality disorder) ഉള്ളവരായിരിക്കും. നിയ മവിരുദ്ധ പ്രവർത്തനങ്ങളിലും കുറ്റകൃത്യങ്ങളിലും ഇവർ ഏർപ്പെടുന്നു. ഇക്കൂട്ടരിൽ ചെറിയ പ്രായ ത്തിൽത്തന്നെ അമിതമായ ദേഷ്യം, നിഷേധാത്മക മായ ചിന്തകൾ, കള്ളത്തരങ്ങൾ, ചതിക്കുന്ന പ്രവ ണത, കുറ്റബോധമില്ലായ്മ, തന്റെയും മറ്റുള്ളവരു ടെയും സുരക്ഷയെക്കുറിച്ച് അശ്രദ്ധമായ അവഗണ ന, കബളിപ്പിക്കൽ, എടുത്തുചാട്ടം എന്നീ പ്രവണത കൾ കാണുവാൻ സാധിക്കും.

2. ഇക്കൂട്ടർ ആത്മാനുരാഗ വ്യക്തിത്വവൈകല്യം (Narcissistic personality disorder) ഉള്ളവരായിരി ക്കും. തനിക്കുതന്നെ പ്രാധാന്യവും പ്രത്യേകതയും വളരെയധികം നല്കുന്ന, സ്വന്തം കഴിവിലും ശക്തിയിലും അമിതവിശ്വാസമുള്ള, കൗശലത്തിലൂടെ മറ്റുള്ളവരെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന, ധാർഷ്ട്യമുള്ള വ്യക്തിത്വമായിരിക്കും ഈ വൈക ല്യമുള്ളവരിൽ ഉള്ളത്.

3. മിഥ്യാഭയമുള്ള, സംശയമുള്ള, ആക്രമണസ്വഭാ വമുള്ള വ്യക്തിത്വം.

4. ക്രൂരതയിൽ ആനന്ദം കണ്ടെത്തുന്ന സ്വഭാവ വൈകൃതം (Ego syntonic sadism). തന്റെ ചിന്താ



രീതികളും വിശ്വാസങ്ങളും വികാരങ്ങളും പ്രവൃത്തി കളുമെല്ലാം ശരിയാണെന്നും യുക്തിക്കു നിരക്കുന്ന തുമാണെന്നുമുള്ള ബോധ്യമാണ് ഇവരെ നയിക്കു ന്നത്. അതിനാൽത്തന്നെ തങ്ങൾ ചെയ്യുന്നതെല്ലാം ശരിയാണെന്നുള്ള മിഥ്യാബോധത്തിലൂന്നിയാണ് ഇവർ ജീവിക്കുന്നത്. മനഃസാക്ഷി ഇല്ലാത്തതും തിന്മ നിറഞ്ഞതുമായ ഒരു അവസ്ഥാവിശേഷമാണിത്. Malignant Narcissism ഒരു രോഗലക്ഷണാവസ്ഥയാണ് (syndrome). സാമൂഹ്യ വിരുദ്ധ വ്യക്തിത്വ വൈക ല്യവും ആത്മാനുരാഗ വ്യക്തിത്വ വൈകല്യവും ക്രൂര തയിൽ ആനന്ദം കണ്ടെത്തുന്ന സ്വഭാവവൈകൃതവും അക്രമണോത്സുകതയും ഇക്കൂട്ടരിൽ പ്രകടമായിരി ക്കും. എന്നാൽ താൻ ഉദ്ദേശിക്കുന്ന കാര്യം നേടിയെ ടുക്കുവാൻ ഏതു ചതിയും തന്ത്രവും ഇക്കൂട്ടർ ഉപ യോഗിക്കും. കൃത്രിമത്വം നിറഞ്ഞുനില്ക്കുന്ന സ്വഭാ മാണിത്. കൗശലം കാണിച്ച് കാര്യം സാധിക്കുന്ന ഇക്കൂട്ടർ പുറമേ ആകർഷകമായ രീതിയിൽ പെരു മാറുവാൻ ശ്രമിക്കും. ഉപരിപ്ലവമായ ആകർഷണത യോടെ (Superficial charm) കാര്യസാധ്യത്തിനായി ഇക്കൂട്ടർ കൗശലത്തോടെ, ചതിവോടെ ഇടപ്പെടും. ഉദാ: Facebook ൽ മറ്റൊരാളായി (ആൾമാറാട്ടം) വഞ്ചന നടത്തുന്നത്. ഇത്തരം സ്വഭാവത്തിന് Grooming behaviour എന്ന് പറയും. ദുരുപയോഗം

www.malankaralibrary.com



ചെയ്യപ്പെടുവാൻ സാധ്യതയുള്ള ഒരു ഇരയിലേക്ക് പ്രവേശനം നേടുന്നതിനും ദുരുപയോഗം അംഗീകരിക്കുവാൻ അവരെ നിർബന്ധിക്കുന്നതിനും പിടിക്കപ്പെടുവാനുള്ള സാധ്യത കുറയ്ക്കുന്നതിനും ദുരുപയോഗം ചെയ്യുന്നയാൾ ഉപയോഗിക്കുന്ന കൃത്രിമ സ്വഭാവങ്ങളാണ് ഇത്തരത്തിലേത്.

മാനസികരോഗസംബന്ധമായ കാര്യങ്ങൾക്കായി മനഃശാസ്ത്രജ്ഞനെയോ മനോരോഗവിദഗ്ധനെയോ സമീപിക്കുന്നത് സമൂഹത്തിലെ തങ്ങളുടെ പദവിക്കും മാന്യതയ്ക്കും ന്യൂനതയുണ്ടാക്കുമെന്ന ഒരു ധാരണ നമ്മുടെ സമൂഹത്തിൽ രൂഢമൂലമായ ഒരു ചിന്താഗതിയാണ്. ശരീരത്തിന് രോഗം വരുമ്പോൾ ചികിത്സിക്കുന്ന നമ്മൾ മാനസികപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ വിദഗ്ധസഹായം തേടാതെയിരിക്കുന്നത് ശരിയായ പ്രവണതയല്ല എന്നു മാത്രമല്ല, ചികിത്സയ്ക്കെതിരെയുള്ള അത്തരം മനോഭാവങ്ങൾ നമ്മുടെ സമൂഹത്തിന്റെ ആരോഗ്യത്തെത്തന്നെ സാരമായി ബാധിക്കും. രാജ്യവ്യാപകമായ NAMI (National Alliance on Mental Illness) എന്ന സംഘടന മാനസികവൈകല്യങ്ങൾ ഇല്ലാതാക്കുവാൻ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

1. മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് തുറവിയോടെ സംസാരിക്കണം.

2. മാനസികാരോഗ്യത്തിന്റെ മേഖലകളിലെ തെറ്റിധാരണകൾ, പ്രത്യേകിച്ച് നിഷേധാത്മകചിന്തകളും അഭിപ്രായങ്ങളും പ്രവർത്തനങ്ങളും മാറ്റുവാനായി തുറന്നസംസാരവും ചർച്ചകളും ഉണ്ടാകുന്നതോടൊപ്പം ഈ പ്രശ്നങ്ങളെക്കുറിച്ച് കൃത്യമായ അവബോധം സമൂഹത്തിൽ ഉണ്ടാക്കിയെടുക്കണം.

3. സരസമായും മറ്റുള്ളവരെ ചെറുതാക്കുവാനും കളിയാക്കുവാനുമായും ഉപയോഗിക്കുന്ന വാക്കുകൾ വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉള്ളവയാണ് എന്ന ബോധ്യം കുടുംബത്തിലും സമൂഹത്തിലും വളർത്തിയെടുക്കണം. ഇത്തരം വാക്കുകൾ മനസ്സിൽ ഉണ്ടാക്കുന്ന മുറിവുകൾ ആ വ്യക്തിയുടെ സ്വഭാവരൂപവത്കരണപ്രക്രിയയിൽ വലിയ സ്വാധീനം ചെലുത്തും. ഉദാ: നിറത്തിന്റെയും രൂപത്തിന്റെയും പേരിൽ വിവേചനം ഉണ്ടാകുമ്പോൾ, സംസാരത്തിന്റെയും പെരുമാറ്റത്തിന്റെയും പേരിൽ തരംതാഴ്ത്തപ്പെടുമ്പോൾ.

4. ശാരീരികാരോഗ്യത്തിന് കൊടുക്കുന്ന അതേ പ്രാധാന്യം മാനസികാരോഗ്യത്തിനും കൊടുക്കണം.

5. മാനസിക ബുദ്ധിമുട്ടുകൾ ഉള്ളവരോട് കരുണ കാണിക്കുകയും അനുകമ്പയോടു കൂടി പെരുമാറുകയും അവർക്കും സമൂഹത്തിൽ പരിഗണന നൽകുകയും ചെയ്യണം.

6. പത്ര-ശ്രാവ്യ-ദൃശ്യ മാധ്യമങ്ങളിൽ മാനസികാരോഗ്യപ്രശ്നങ്ങളെ മോശമായോ അപമാനമായോ നാണക്കേടായോ ചിത്രീകരിക്കുകയാണെങ്കിൽ അതിനെതിരെ പ്രതികരിക്കണം.

## മാനസിക വൈകല്യങ്ങൾ തടയുന്നതിൽ സഭയുടെ പങ്ക്

മാനസികവൈകല്യങ്ങളെ അപമാനവും ദുഷ്കീർത്തിയുമായി കാണുന്ന പ്രവണതയ്ക്കെതിരെയുള്ള ബോധവത്ക്കരണക്ലാസ്സുകൾ പഠനോപാധികൾ എന്നിവ സംഘടിപ്പിക്കുവാൻ സഭ ബാധ്യസ്ഥയാണ്. ഇടവക, രൂപത തലങ്ങളിലും സഭാസ്ഥാപനങ്ങളിലും മാനസികവൈകല്യങ്ങൾ ഇല്ലാതാക്കുന്നതിനുള്ള മനഃശാസ്ത്ര ക്ലാസുകൾ ക്രമീകരിക്കണം. മാനസികാരോഗ്യം ആത്മീയാരോഗ്യവുമായും ബന്ധപ്പെട്ടിരിക്കുന്നു. അതേപോലെ, ആത്മീയമായ ശരിയായ വളർച്ചയ്ക്ക് നല്ല മാനസികാരോഗ്യം ഉണ്ടായിരിക്കണം. ആത്മഹത്യാനിരക്കിലും ഗാർഹികപീഡനനിരക്കിലും മദ്യ-ലഹരിവസ്തുക്കളുടെ ഉപയോഗത്തിലും കേരളം വളരെ മുന്നിലാണ്. ഇവയൊക്കെ വിരൽചൂണ്ടുന്നത് മാനസികാരോഗ്യവുമായി ബന്ധ

*(ശേഷം പേജ് 29)*

www.malankaralibrary.com

**മൂന്നര പതിറ്റാണ്ട് കാലം മതബോധനാദ്ധ്യാപികയായി, പ്രേഷിത പ്രവർത്തനങ്ങളിൽ സമർപ്പിതജീവിതം നയിക്കുന്ന, താനായിരിക്കുന്ന ചുറ്റുപാടിൽ വിശ്വാസചൈതന്യം മറ്റുള്ളവരിലേക്ക് പ്രോജ്ജ്വലിപ്പിക്കാൻ പരിശ്രമിക്കുന്ന ഒരു നിശബ്ദ പോരാളി അയിരൂർ– തേക്കുങ്കൽ, എരിച്ചമാക്കൽ അന്നമ്മ ചാക്കോയെന്ന ലില്ലി ടീച്ചർ.**

# അമർത്ത്യന്റെ സന്നിധിയിൽ അർച്ചനയോടെ...

ഓരോ വിത്തും നാളെയുടെ പ്രതീക്ഷയാണ്. അതിൽനിന്നും ലഭിക്കേണ്ട ഫലം, അതിനു ലഭിക്കുന്ന വളത്തിലും വെള്ളത്തിലും ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഈ വിത്ത് മൺക്കട്ടകൾക്കിടയിൽ അമർന്നുപോകുമ്പോൾ ഫലശൂന്യമാകുന്നു. ഇതിന് ഫലം പുറപ്പെടുവിക്കാൻ കഴിയാതെപോയത് വിത്തിന്റെ കുഴപ്പമോ വളത്തിന്റെ അപാകതയോ അല്ല മറിച്ച് ഇതിന്റെ വളർച്ചയെ തടസ്സപ്പെടുത്തിയ കട്ടകളാണ്.

ഓരോ കുട്ടിയുടേയും അവസ്ഥ ഇതിനു സമാനമാണ്. അവന് വളരാൻ വേണ്ട വിശ്വാസപരിശീലനവും പിന്തുണയും പ്രോത്സാഹനമാകുന്ന വളവും സ്നേഹജലവും ലഭിക്കുമ്പോൾ അവനും ഫലം പുറപ്പെടുവിക്കുന്നു. എന്നാൽ സാമൂഹ്യതിന്മകളാകുന്ന മൺകട്ടകൾക്കിടയിൽ പലരും അമർന്നുപോകുകയും ഫലം പുറപ്പെടുവിക്കാൻ കഴിയാതെ പോകുകയും ചെയ്യുന്നു. ഈ നഗ്നയാഥാർത്ഥ്യം നമുക്കായി ബോദ്ധ്യപ്പെടുത്തി നൽകുകയാണ് മൂന്നര പതിറ്റാണ്ട് കാലം മതബോധനാദ്ധ്യാപികയായി, പ്രേഷിതപ്രവർത്തനങ്ങളിൽ സമർപ്പിതജീവിതം നയിക്കുന്ന, താനായിരിക്കുന്ന ചുറ്റുപാടിൽ വിശ്വാസചൈതന്യം മറ്റുള്ളവരിലേക്ക് പ്രോജ്ജ്വലിപ്പിക്കാൻ പരിശ്രമിക്കുന്ന ഒരു നിശബ്ദ പോരാളി അയിരൂർ-തേക്കുങ്കൽ, എരിച്ചമാക്കൽ അന്നമ്മ ചാക്കോയെന്ന ലില്ലി ടീച്ചർ.

പത്തനംതിട്ട ജില്ലയിൽ ആത്മീയ ഉത്ഥാനത്തിനും വളർച്ചയ്ക്കും പുകഴ്പെറ്റ അയിരൂരിൽ പ്രശാന്തസുന്ദരവും പ്രകൃതിരമണീയവുമായ ഒരു ഉൾനാടൻ ഗ്രാമപ്രദേശമാണ് തേക്കുങ്കൽ. നിറയെ ഇലച്ചാർത്തും മഴക്കാടുകളും നിറഞ്ഞ സുന്ദരമായ ഭൂപ്രദേശം.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുനരൈക്യകാലത്തു തന്നെ തേക്കുങ്കൽ ഇടവകയുടെ ചരിത്രം ആരംഭിച്ചു എന്നു വേണം കരുതാൻ. 1930 കളിൽ അയിരൂർ പ്രദേശത്ത് അഞ്ചോളം മലങ്കര കത്തോലിക്കാദൈവാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇന്ന് തേക്കുങ്കൽ ഇടവകയുടെ അംഗങ്ങൾ ആയിരിക്കുന്ന ഒട്ടുമിക്ക കുടുംബങ്ങളും അയിരൂർ സെന്റ് പാട്രിക്ക് ഇടവകയിലെ അംഗങ്ങളായിരുന്നു. അയിരൂർ പള്ളിയുടെ ഒരു കുരിശുപള്ളിയായി, ഭാരതത്തിന്റെ അപ്പോസ്തലൻ വി. തോമാശ്ലീഹായുടെ നാമത്തിൽ ബഹു. തോമസ് ചാണ്ടി പള്ളിലച്ചൻ തേക്കുങ്കൽ സ്ഥാപിച്ച ചാപ്പൽ 1953 ൽ അഭി. ജോസഫ് മാർ സേവേറിയോസ് പിതാവ് കൂദാശ ചെയ്തു. റവ. ഡോ. തോമസ് പത്തിപറമ്പിൽ കോർഎപ്പിസ്കോപ്പ, ഫാ. മാത്യു പഞ്ഞിക്കാട്ടിൽ, ഫാ. മാത്യു ചെമ്പോത്തിനാൽ, ഫാ. ജോർജ് പത്തിപറമ്പിൽ, ഫാ. സൈമൺ പാലപുരത്ത്, ഫാ. പി.റ്റി. തോമസ് വട്ടത്തേത്ത്,



**ബേബിച്ചൻ തെക്കേടത്ത്**

www.malankaralibrary.com



ഫാ. ചാക്കോ മേലേടത്ത്, സിസ്റ്റർ ബിയാട്രീസ് എസ്.ഐ.സി., സിസ്റ്റർ റൂബിന എസ്.ഐ.സി., സിസ്റ്റർ ക്രിസ്റ്റാ എസ്.ഐ.സി.,സിസ്റ്റർ. വിമൽ എസ്. ഐ.സി., സിസ്റ്റർ വിൻസി എസ്.ഐ.സി., ബ്രദർ ടെന്നി പാലപുരത്ത് എന്നിങ്ങനെ പുണ്യാത്മാക്കളുടെ ഒരു നിരതന്നെ ഈ ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. 25 ഓളം വൈദികർ ഇതിനോടകം ഈ ദൈവാലയത്തിന് ആത്മീയനേതൃത്വം നൽകുകയുണ്ടായി. 65 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഈ വിശ്വാസസമൂഹത്തെ ഇപ്പോൾ നയിക്കുന്നത് ബഹു. ഇട്ടി മാത്യു പുളിക്കലച്ചനാണ്.

ദൈവത്തെക്കുറിച്ചുള്ള അറിവാണ് അഥവാ ദൈവസമ്പാദനമാണ് ഒരുവനെ നിത്യരക്ഷയിലേക്ക് നയിക്കുന്നത്. ഈ ദൗത്യം പ്രധാനമായും നിർവ്വഹിക്കപ്പെടുന്നത് മതബോധനത്തിലൂടെയാണ്. പൗരോഹിത്യത്തിലേക്കും സന്യാസജീവിതത്തിലേക്കും സമർപ്പിതജീവിതത്തിലേക്കും ഓരോ കുട്ടികളേയും നാം ഒരുക്കണം. വേദോപദേശത്തിലൂടെയുള്ള ഈ രൂപീകരണം അവരുടേതായുള്ള ആ ജീവിതാവസ്ഥയിൽനിന്നുകൊണ്ടായിരിക്കാൻ അദ്ധ്യാപകരായ നാം കടപ്പെട്ടിരിക്കുന്നു.

സങ്കീർത്തകൻ പറയുന്നു: "നിന്റെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും, പാതയിൽ പ്രകാശവുമാണ്." സാത്താൻ മനുഷ്യനെ വശീകരിക്കുന്നത് തെറ്റായ ബോദ്ധ്യങ്ങൾ നൽകിയും ബുദ്ധിയെ അന്ധകാരപ്പെടുത്തിയുമാണ്. ടീച്ചർ പറയുന്നു: "ഇന്നത്തെ ലോകത്തിന്റെ മായിക വലയത്തിൽപ്പെട്ട് നമ്മുടെ കുഞ്ഞുങ്ങൾ ഉഴറി നടക്കുമ്പോൾ അവർക്ക് സത്യത്തിന്റെ നേർപാത കാട്ടിക്കൊടുക്കാൻ മതബോധനത്തിലൂടെ കഴിയണം."

അയിരൂർ മേലേത്ത് തോമസ് വർഗീസിന്റെയും റേച്ചൽ വർഗീസിന്റെയും 8 മക്കളിൽ (7 പെണ്ണും 1 ആണും) 2-ാമത്തെ മകളായി 1956 ജനുവരി മാസം 4-ാം തീയതി ജനനം. അന്നത്തെ ജീവിതസാഹചര്യങ്ങൾ കഷ്ടപ്പാടുകളുടെയും പ്രതിസന്ധികളുടെയും കാലമായിരുന്നു. വണ്ടിയും കാളയും ആയിരുന്നു അച്ചാച്ചന്റെ ജീവിതസന്ധാരണത്തിനുള്ള മാർഗ്ഗം. അച്ചാച്ചനും അമ്മയും എല്ലുമുറിയെ പണിയെടുത്തു. ഭക്തിതീക്ഷ്ണതയിലും പ്രാർത്ഥനാചൈതന്യത്തിലും അവർ ജീവിതത്തെ കരുപ്പിടിപ്പിച്ചു. വിദ്യാഭ്യാസത്തിന്റെ മഹത്വം മനസ്സിലാക്കിയ അവർ ടീച്ചർ ഒഴിച്ച് 7 മക്കളേയും തങ്ങളാൽ കഴിയാവുന്ന രീതിയിൽ പ്രീഡിഗ്രി വരെ പഠിപ്പിച്ചു. ടീച്ചറെ എസ്.എസ്. എൽ.സി. പാസ്സായതോടെ ലാബ് ടെക്നീഷ്യൻ കോഴ്സിന് പഠിപ്പിച്ചു. പഠനശേഷം ചെന്നൈയിൽ മേരി മാതാ ഹോസ്പിറ്റലിൽ 2 വർഷം ജോലി ചെയ്തു. 1979 നവംബർ 29-ാം തീയതി വിവാഹം. അയിരൂർ തേക്കുങ്കൽ എരിച്ചമാക്കിൽ വീട്ടിൽ ചാക്കോച്ചൻ എന്ന എ. വി. ചാക്കോയെ വിവാഹം ചെയ്തു. അന്നമ്മ ടീച്ചറുടെ വീടും ഭർത്താവിന്റെ വീടും തമ്മിൽ ഒരു കി. മീ. ദൂരമേയുള്ളൂ. രണ്ട് വീട്ടുകാരുടേയും ഇടവകപ്പള്ളിയും ഒന്നുതന്നെ. തേക്കുങ്കൽ സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദൈവാലയം.

എ.വി. ചാക്കോയ്ക്ക് അബുദാബിയിൽ NPCL എന്ന ഓയിൽ കമ്പനിയിലായിരുന്നു ജോലി. വിവാഹത്തിനു ശേഷം 7 വർഷം കൂടി അവിടെ ജോലി ചെയ്തു. 1999 ൽ ഗൾഫ് റിട്ടേൺ ആയി, നാട്ടിൽ സ്ഥിരതാമസമാക്കി. കൃഷിയും ആത്മീയരംഗവും അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലങ്ങളായി. ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ സജീവസാന്നിദ്ധ്യം ഉണ്ടായിരുന്നു. ട്രസ്റ്റി, കണക്കൻ, ഭരണസമിതിയംഗം എന്നീ നിലകളിൽ ആത്മാർ

www.malankaralibrary.com

ത്ഥമായി പ്രവർത്തിച്ചു. 2018 ഓഗസ്റ്റ് 20-ാം തീയതി അപ്രതീക്ഷിതമായി ഹൃദയസ്തംഭനത്താൽ ചാക്കോച്ചൻ ഈ ലോകത്തോട് യാത്ര പറഞ്ഞു.

ദൈവം ഈ ദമ്പതികൾക്ക് അനുഗ്രഹീതരായ 3 ആൺമക്കളെ നൽകി. മൂത്തമകൻ ലിജോ ചാക്കോ യു.എസ്സിലുള്ള ചിക്കാഗോയിൽ സിറ്റി ബാങ്കിൽ ജോലി ചെയ്യുന്നു. ഭാര്യ ചങ്ങനാശ്ശേരി നാലുപറയിൽ ജെസു ലിജോ അവിടെത്തന്നെ സോഫ്റ്റ്വെയർ എൻജിനിയറാണ്. ഇവർക്ക് 2 മക്കൾ. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും.

രണ്ടാമത്തെ മകൻ ജിബി ചാക്കോ കുടുംബവീട്ടിൽത്തന്നെ താമസം. ഡ്രൈവറായി ജോലി ചെയ്യുന്നു. ഭാര്യ അയിരൂർ തേക്കുങ്കൽ മഞ്ചു. ഇളയമകൻ ജിജോ ചാക്കോ മലനാട് മിൽക്സിൽ സ്റ്റോർ കീപ്പറായി തിരുവനന്തപുരത്ത് ജോലി ചെയ്യുന്നു. വിവാഹിതനായിട്ടില്ല.

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽത്തന്നെ ജനിച്ചുവളർന്ന ടീച്ചറിന് സഭയ്ക്കുവേണ്ടി ഇടവകയുടെ ഒരു പ്രേഷിതപ്രവർത്തകയായി പ്രവർത്തിക്കാനാണ് താല്പര്യം. സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം സുവിശേഷ പ്രഘോഷണമാണെന്നുള്ള തിരിച്ചറിവിൽ വചനാധിഷ്ഠിതമായ മതബോധനത്തിനാണ് ടീച്ചർ ഏറെ പ്രാധാന്യം കൊടുക്കുന്നത്. 1980 കളിൽ സൺഡേസ്കൂൾ പഠിപ്പിക്കാൻ ആരംഭിച്ച അന്നമ്മ ടീച്ചർ 9-ാം ക്ലാസിലെ കുട്ടികളെ ഇപ്പോഴും തിരുവചനസത്യങ്ങൾ മനഃപാഠമാക്കൽ പരിശീലിപ്പിക്കുന്നു. ശരിയായ രീതിയിൽ മതബോധനം സിദ്ധിച്ച, ദൈവത്തെ അറിഞ്ഞ ഒരു കുട്ടിയും വഴിപിഴച്ച് പോകില്ല എന്ന് ടീച്ചർക്ക് ഉറപ്പുണ്ട്.

ഇടവകയുടെ ഭരണസമതിയംഗം, മാതൃസമാജം പ്രസിഡന്റ് തുടങ്ങിയ നിലകളിലും സേവനം അനുഷ്ഠിക്കുന്നു. ഇടവകയിൽ പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റി വഴി വളരെയേറെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ സാധിച്ചു. 2003 ൽ ഭർതൃമാതാവ് മരിക്കുന്നതുവരെ 25 വർഷത്തോളം അവരെ ശുശ്രൂഷിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി ടീച്ചർ കാണുന്നു. 2022 ജൂലൈ 7-ാം തീയതി തന്റെ വത്സലമാതാവ് 90-ാമത്തെ വയസ്സിൽ നിദ്രപ്രാപിച്ചു.

20-ഓളം കുട്ടികൾ പഠിക്കുന്ന ഈ ഇടവകയിൽ മതാദ്ധ്യാപനത്തിനും ഇടവകയുടെ ആത്മീയ ശുശ്രൂഷാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കാൻ കുമ്പളന്താനത്തുനിന്നും വരുന്ന ബഹു. സിസ്റ്ററിന്റെ സേവനം ലഭിക്കുന്നുണ്ട്. സിസ്റ്ററിനുള്ള ഭക്ഷണം ടീച്ചറിന്റെ ഭവനത്തിൽനിന്നാണ് മുടങ്ങാതെ കൊടുക്കുന്നത്.

ഇടവക വികാരി ബഹു. ഇട്ടി മാത്യു പുളിക്കലച്ചന്റെ പ്രശംസാർഹമായ ശുശ്രൂഷാനേതൃത്വം മതബോധനത്തിന് വലിയ അനുഗ്രഹമാണ്. എല്ലാ ദിവസവും സായാഹ്നനടത്തത്തിന് ഇറങ്ങുന്ന ബഹു. അച്ചൻ ഇടവകയിലെ 5 ഭവനങ്ങൾ വീതം കയറി അവിടെയുള്ള ക്ഷേമങ്ങൾ ആരായുന്നു. പ്രത്യേകിച്ച് സൺഡേസ്കൂൾ കുട്ടികൾ, രോഗാവസ്ഥയിൽ കഴിയുന്നവർ.

ബഹു. രാജീവ് മേലേടത്തച്ചനും, 2 സന്യസ്തർക്കും ടീച്ചർക്ക് മതബോധന പരിശീലനം നൽകാൻ കഴിഞ്ഞത് ദൈവം തന്ന ഒരു ഭാഗ്യമായി കാണുന്നു. 25 വർഷം പൂർത്തിയാക്കിയ സൺഡേസ്കൂൾ ശുശ്രൂഷയുടെ നിസ്തുലസേവനത്തിന് അഭി. കൂറിലോസ് പിതാവിൽനിന്നും ലഭിച്ച പുരസ്കാരം അഭിമാനത്തോടെ സൂക്ഷിക്കുന്നു.

പുലർച്ചെ 5 മണിക്ക് ഉണർന്നാൽ 1 മണിക്കൂർ പ്രാർത്ഥനയ്ക്ക് ശേഷമേ മറ്റ് ജോലികളിൽ ഏർപ്പെടാറുള്ളൂ. ബൈബിൾ 2 പ്രാവശ്യം പൂർണ്ണമായും വായിച്ചു കഴിഞ്ഞു. സഭാവിജ്ഞാനത്തിലൂടെ കരഗതമാകുന്ന അറിവിനെ വായനയിലൂടെ പരിപോഷിപ്പിക്കുന്ന ടീച്ചർ ഇപ്പോൾ കത്തോലിക്കാസഭയുടെ "മതബോധനഗ്രന്ഥം" വായനയിലാണ്.

ഇരുനില വസതിയിൽ ഭർതൃവിയോഗത്തിന്റെ ഹൃദയനൊമ്പരങ്ങൾ പേറി ജീവിക്കുന്ന ഈ സ്ത്രീക്ക് ഉൾക്കരുത്താകുന്നത് ദൈവത്തിലുള്ള അടിയുറച്ചവിശ്വാസവും പ്രത്യാശയുമാണ്. ഇന്ന് എന്തെങ്കിലും ഞാൻ ആയിട്ടുണ്ടെങ്കിൽ അതെല്ലാം ഒന്നുമില്ലായ്മയിൽനിന്നും ദൈവം തന്നതു മാത്രമാണ്. അതുകൊണ്ടുതന്നെ ഇനിയുള്ള തന്റെ ശിഷ്ടജീവിതം ആ തൃച്ചേവടികളിൽ സമർപ്പിക്കുവാനുള്ളതാണ്. സങ്കീർത്തകൻ 56:11 ൽ പറയുന്നതുപോലെ കർത്താവിൽ നിർഭയനായി ഞാൻ ആശ്രയിക്കും. ആത്മധൈര്യം സ്ഫുരിക്കുന്ന ആ വാക്കുകൾ പുഞ്ചിരിയോടെ അവർ പറഞ്ഞവസാനിപ്പിക്കുമ്പോൾ വീടിന് പുറത്ത് ഇരമ്പിയാർത്തു പെയ്യുന്ന കനത്ത മൺസൂൺ മഴ. എവിടെനിന്നോ കടന്നുവന്ന തണുത്ത മഴക്കാറ്റ് മുറിക്കുള്ളിലേക്ക് മെല്ലെ പടർന്നു കയറി ടീച്ചറിനെ തഴുകി കടന്നുപോയി, ഒരാശ്വാസ മന്ത്രണംപോലെ...

## ഉപകാരസ്മരണ



**ജോയൽ കോശി വർഗീസ്**
**നിരണം**

www.malankaralibrary.com

## കുറ്റവാളികളുടെ മനസ്സ് മനഃശാസ്ത്രക്കണ്ണുകളിലൂടെ

(25 – ാം പേജ് തുടർച്ച)

പ്പെട്ട മേഖലകളിൽ സഭ സത്വരമായ ഇടപെടലുകൾ നടത്തണമെന്നാണ്. ഫ്രാൻസിസ് മാർപ്പാപ്പാ മാനസിക വൈകല്യം അനുഭവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകത പല അവസരങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ സ്നേഹത്തിന്റെ സന്തുഷ്ടി (The Joy of Love - Amoris Laetitia) എന്ന ശ്ലൈഹികാഹ്വാനത്തിൽ (Apostolic Exhortation) കുടുംബബന്ധങ്ങളിൽ പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ മനഃശാസ്ത്രജ്ഞന്റെയോ മനോരോഗവിദഗ്ധന്റെയോ വിദഗ്ധ സഹായം സ്വീകരിക്കണമെന്ന് മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നു.

മനഃശാസ്ത്രപരമായ കൗൺസിലിംഗിന് പുറമേ, ആശ്വാസം കണ്ടെത്തുവാൻ യേശുവിന്റെ വാക്കുകൾ നമ്മെയും മറ്റുള്ളവരെയും സാഹായിക്കും. “അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം” (മത്താ. 11:28). വിവിധ തരത്തിലുള്ള മാനസികരോഗങ്ങൾ അനുഭവിക്കുന്ന ആളുകൾക്ക് സഭ ആത്മീയപിന്തുണ നല്കണം. ഇത്തരം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് പ്രത്യാശ വളർത്തുവാനും രോഗത്തിന്റെ മുറിവുകൾ ഉണക്കുവാനും സഭയ്ക്ക് സാധിക്കും. മാനസികാരോഗ്യ പോരാട്ടങ്ങളെ ചുറ്റിപ്പറ്റിയുള്ള പ്രാർത്ഥനകൾ രൂപപ്പെടുത്തുവാനും അവ വഴി രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും ശക്തിപകരുവാനും സഭയ്ക്ക് സാധിക്കണം. മാനസികവൈകല്യങ്ങൾ മറ്റ് രോഗങ്ങൾ പോലെതന്നെ ചികിത്സ ആവശ്യമുള്ളതാണെന്നും ചികിത്സ തേടുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും സഭ പഠിപ്പിക്കേണ്ടിയിരിക്കുന്നു. മാനസികരോഗം അനുഭവിക്കുന്ന ആളുകളെ വിശുദ്ധിയിൽ ജീവിക്കുവാനും മാനസികരോഗമുള്ളവരിൽ കാണുന്ന പ്രശ്നങ്ങൾ, പോരാട്ടങ്ങൾ, സന്തോഷങ്ങൾ എന്നിവയെക്കുറിച്ച് അവരെ അറിയിക്കുവാനും ക്രിസ്തീയ സമൂഹത്തെ ബോധവത്ക്കരിക്കുവാനും സഭ മുൻകൈ എടുക്കണം. "Prevention is better than cure"എന്ന ചൊല്ല് നമുക്ക് ചിരപരിചിതമാണ്. പ്രായപൂർത്തിയായ ഒരാളുടെ വ്യക്തിത്വവൈകല്യങ്ങൾ ചികിത്സിച്ചു ഭേദമാക്കുന്നത് എളുപ്പമല്ല. എന്നാൽ കുഞ്ഞുങ്ങളുടെ ജനനം മുതലുള്ള സമയത്ത് അവരെ മാനസികാരോഗ്യം ഉള്ളവരായി വളർത്താനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുവാൻ വ്യക്തിപരമായും സമൂഹപരമായും സഭാപരമായും പരിശ്രമിക്കുക എന്നുള്ളതാണ് കരണീയം. ●




The sun's last rays
swept the jungle's floors
the dark sky formed above
the sky bloomed with stars.

Silence crept into the jungle
no birds moved
Instead slept in their nests,
while the trees danced
to the melodious wind.


The moon shone brightly
across the jungle
where the predators and
preys slept in harmony
even the river flowed gently.

But the night knew that
she had to surrender
to dawn
and so the dawn broke
through the windows of the jungle.

Soon enough the jungle was awake
silence left the jungle
and the animals began
their morning chores.



**ALBERT JOSEN JOSEPH KALARIPARAMPIL**



www.malankaralibrary.com

“കർത്താവ് തന്ന
ജീവിതസൗകര്യങ്ങൾ
കൊണ്ടു
തൃപ്തിപ്പെട്ടുകൂടേ”
(തോബിത് 5:19).

# ദുര മൂത്താൽ ദുരന്തം



**മാത്യൂസ് പാണ്ടിശ്ശേരിൽ**
**തിരുമൂലപുരം**

ലോകത്തിലുണ്ടായിട്ടുള്ള സകല കലാപങ്ങളുടെയും മൂലകാരണം ചുരുക്കം ചിലരുടെ അതിമോഹവും അത്യാർത്തിയുമാണ് (ആഗ്ലിക്കൻ സാഹിത്യകാരൻ ടി.എസ്. എലിയറ്റ്). അതിമോഹത്താൽ സംഘർഷങ്ങളും അധഃപതനങ്ങളും ഉണ്ടാകുമെന്നതിന് ബൈബിളിൽ നിരവധി തെളിവുകൾ കാണാം. ആദിമാതാപിതാക്കളുടെ അനുസരണക്കേട് അവരുടെ അധഃപതനത്തിനിടയായി. ഈ അനുസരണക്കേടിന്റെ മൂലകാരണം അവരുടെ അതിമോഹമാണ്. ദൈവസാന്നിദ്ധ്യത്തിൽ ഏദൻതോട്ടത്തിൽ സന്തുഷ്ടജീവിതം നയിച്ചിരുന്ന ആ ദമ്പതികൾ ദൈവകല്പന മറന്ന് പോകരുതെന്നു പറഞ്ഞ നന്മതിന്മയുടെ (സാത്താന്റെ) വൃക്ഷത്തിന്റെ അരികിലേക്ക് അവർ പോയി. ദൈവം വിലക്കിയ ഫലം ഭക്ഷിച്ചാൽ അവർ ദൈവത്തെപ്പോലെയാകുമെന്ന് മണ്ണിലൂടെ ഇഴഞ്ഞുനടന്ന സർപ്പം അവരുടെ ഉള്ളിലൂടെ നുഴഞ്ഞു നടന്നു പറഞ്ഞത് അവർ വിശ്വസിച്ചു. ദൈവത്തെപ്പോലെയാകണമെന്ന അവരുടെ ദുർമോഹം വലിയ അധഃപതനത്തിനിടയായി.

ആകാശംമുട്ടുന്ന ഒരു ഗോപുരം (ബാബിലോൺ ഗോപുരം) പണിത് പ്രശസ്തി നിലനിർത്താൻ ജനം ശ്രമിച്ചപ്പോൾ ദൈവം അവരുടെ അതി

www.malankaralibrary.com

മോഹത്തെ നിലംപരിശാക്കി. ഒന്നാമൻ ആകാനുള്ള മനുഷ്യന്റെ മോഹം ബാബേൽ ഗോപുരം പോലെയാണ്. അത് അധികാരമോ, പാരമ്പര്യമോ, കുലമഹിമയോ, അറിവോ, കഴിവോ, സമ്പത്തോ എന്തുമാകാം. ദൈവത്തെ ഒഴിവാക്കി നാം നേടുന്ന സ്വപ്ന ഗോപുരങ്ങൾ ഒരുനാൾ നാമാവശേഷമാകും.

കീഴടക്കപ്പെട്ട ജറീക്കോ പട്ടണത്തിൽനിന്ന് യാതൊന്നും സ്വന്തമാക്കരുതെന്ന ദൈവകല്പന ആഖാൻ ലംഘിച്ചു. നിഷിദ്ധ വസ്തുക്കളിൽ ചിലത് രഹസ്യമായി അവൻ സ്വന്തമാക്കി. ഫലമോ, ഇസ്രായേൽ ജനം ആയിപ്പട്ടണക്കാരാൽ പരാജിതരാക്കപ്പെട്ടു. അതിനുകാരണക്കാരനായ ആഖാന്റെ ദുർമോഹം അവന്റെ മരണത്തിനിടയാക്കി.

കുഷ്ടരോഗത്തിൽനിന്നും സൗഖ്യമാക്കപ്പെട്ട നാമാൻ, ഏലിഷായുടെ അടുത്തുചെന്നു പറഞ്ഞു: ഭൂമിയിൽ ഇസ്രായേലിന്റേതല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഞാൻ ഇപ്പോൾ അറിയുന്നു. അങ്ങയുടെ ദാസനിൽനിന്ന് ഒരു സമ്മാനം സ്വീകരിച്ചാലും. ഏലിഷാ പറഞ്ഞു: ഞാൻ സേവിക്കുന്ന കർത്താവാണേ ഞാൻ സ്വീകരിക്കയില്ല; സമാധാനമായി പോകുക. നാമാൻ തിരികെ കുറച്ചു ദൂരം പോയപ്പോൾ ഏലിഷായുടെ ഭൃത്യൻ ഗഹസി, നാമാന്റെ പിറകെ ഓടിച്ചെന്ന് തന്റെ യജമാനൻ പറഞ്ഞതായി കള്ളം പറഞ്ഞ് നാമാനോട് രണ്ടു താലന്തു വെള്ളിയും രണ്ടു വിശേഷ വസ്ത്രങ്ങളും വാങ്ങി. വിവരമറിഞ്ഞ ഏലിഷാ, ഗഹസിയോടു പറഞ്ഞു: നാമാന്റെ കുഷ്ഠം നിനക്കും നിന്റെ സന്തതികൾക്കും എന്നേക്കുമായി വന്നു ചേരും. ഗഹസി അങ്ങനെ കുഷ്ഠ രോഗിയായി. ദുര മൂത്താൽ ദുരന്തം!

മരുഭൂമി യാത്രയ്ക്കിടയിൽ ഇസ്രായേൽ ജനത്തിന്റെ വിശപ്പകറ്റാൻ കർത്താവ് കാടപ്പക്ഷികളെ അയച്ചു. ഓരോ ദിവസത്തേക്കു മാത്രമുള്ളതേ ശേഖരിക്കാവൂ എന്ന ദൈവകൽപ്പന അനുസരിക്കാതെ പലരും രണ്ടും മൂന്നും ദിവസത്തേക്കുള്ളതു ശേഖരിച്ച് ആർത്തിയോടെ ഭക്ഷിച്ചു. കർത്താവ് അവരോടു കോപിക്കുകയും വളരെപ്പേർ മഹാമാരിമൂലം മരിക്കുകയും ചെയ്തു (സംഖ്യ 11:34). ഈ അത്യാഗ്രഹികളെ സംസ്കരിച്ച സ്ഥലം കിബ്രോത്ത്-ഹത്താവ അഥവാ ആർത്തിയുടെ താഴ്‌വര എന്നറിയപ്പെടുന്നു. ആർത്തിയുടെയും ഒന്നുകൊണ്ടും തൃപ്തിയാകാത്ത ആസക്തിയുടെയും സംസ്കാരം ശവക്കുഴിയിലേക്കാണ് നയിക്കുക. ഭക്ഷണം വസ്ത്രം, പാർപ്പിടം, വാഹനങ്ങൾ, ആഘോഷങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിൽ കിബ്രോത്ത്-ഹത്താവ പ്രസക്തം.

**കടലിലെ ഓളവും കരളിലെ ദാഹവും അടങ്ങുകില്ല" എന്ന ചൊല്ല് പ്രസക്തമാണ്. മനുഷ്യന്റെ പാപത്തിന്റെ മൂലകാരണം ഇനിയും കൂടുതൽ എന്ന ഒടുങ്ങാത്ത തൃഷ്ണയാണ്. ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു**

ആർത്തിയും ആസക്തിയും അലസതയും ശവക്കുഴികളായ കിബ്രോത്ത ഹത്താവ ആയിരിക്കും നിർമ്മിക്കുക.

ഇനിയും പുതിയ നിയമത്തിൽ ലൂക്ക 15 ൽ ധൂർത്തപുത്രന് എന്തിന്റെ കുറവായിരുന്നു? സമൃദ്ധിയുടെ നടുവിലായിട്ടും അവനു തൃപ്തിയില്ല. കൂടുതൽ ശാരീരിക മോഹങ്ങളുടെ പിന്നാലെ അവൻ ചാടി പുറപ്പെട്ടു. അവന്റെ ഈ അതിമോഹം എല്ലാം നഷ്ടപ്പെട്ട് അധഃപതനത്തിന്റെ കാരണമായി.

തന്റെ ഗുരുവായ യേശുവിനെ ഒറ്റിക്കൊടുക്കാൻ യൂദാസ് സ്കറിയോത്തയെ പ്രേരിപ്പിച്ച ഒരു പ്രധാന ഘടകം അവന്റെ ധനത്തോടുള്ള ദുർമോഹം തന്നെ (യോഹ. 16:6).

മനുഷ്യന്റെ അതിമോഹത്തിന്റെയും അഹന്തയുടെയും പടയോട്ടങ്ങൾക്ക് സംഭവിച്ച തകർച്ചയുടെ പ്രതീകമല്ലേ ടൈറ്റാനിക്? നമുക്കു ലഭിച്ചിരിക്കുന്ന ജീവിത സൗകര്യങ്ങളിൽ തൃപ്തിപ്പെടുന്നില്ലെങ്കിൽ അത് അസന്തുഷ്ടിക്കും അസമാധാനത്തിനും ഇടയാക്കുമെന്ന് ജീവിതാനുഭവങ്ങൾ നമുക്കു ചുറ്റും നിത്യേന അരങ്ങേറുകയല്ലേ? സങ്കല്പങ്ങളിലുള്ളതും യാഥാർത്ഥ്യത്തിലുള്ളതും തമ്മിൽ സംഘർഷമുണ്ടാകാൻ കാരണം അതിമോഹം തന്നെ. 'ഓരോ മത്സ്യവും തിമിംഗലമാകാൻ ആഗ്രഹിക്കുന്നു' എന്ന ജർമൻ പഴമൊഴി ഓർത്തു പോകുന്നു. ഭൗതിക ജീവിതത്തിൽ ഒന്നിനോടും അതിർ കവിഞ്ഞ മോഹം പാടില്ല. പത്തു കിട്ടുമ്പോൾ നൂറു വേണമെന്നും ശതമാകിൽ സഹസ്രം വരെയെന്നു ചിന്തിക്കുക മനുഷ്യസ്വഭാവ പ്രത്യേകതയാണ്.

"കടലിലെ ഓളവും കരളിലെ ദാഹവും അടങ്ങുകില്ല" എന്ന ചൊല്ല് പ്രസക്തമാണ്. മനുഷ്യന്റെ പാപത്തിന്റെ മൂലകാരണം ഇനിയും കൂടുതൽ എന്ന ഒടുങ്ങാത്ത തൃഷ്ണയാണ്. ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു (യാക്കോബ് 1:13). മനുഷ്യനെ ബാധിക്കുന്ന അടിസ്ഥാന തിന്മയാണ് ധനമോഹം. പാപത്തിന്റെ അടിവേരുകളിൽ മറ്റൊന്ന് കൂടുതൽ സ്നേഹത്തിനായുള്ള മനുഷ്യന്റെ ദാഹമാണ്. ചിലപ്പോൾ അത് ഭ്രാന്തായി മാറും. ഭ്രാന്തമായ സ്നേഹത്തിൽ തകർന്നടിഞ്ഞുപോയ എത്രയോ ജീവിതങ്ങളുണ്ട്. സ്വാതന്ത്ര്യം ഇന്ന് ചരടുപൊട്ടിയ പട്ടംപോലെ പറന്ന് പലരും പാപത്തിന്റെ മരച്ചില്ലുകളിൽ ഉടക്കി നിൽക്കുകയാണ്. മോഹത്തിനും സ്വാതന്ത്ര്യത്തിനും പരിധികളും പരിമിതികളുമുള്ള ലക്ഷ്മണരേഖ വേണം.

●

www.malankaralibrary.com





# 92–ാമത് പുനരൈക്യവാർഷിക ആഘോഷം













www.malankaralibrary.com


















www.malankaralibrary.com



# അന്ത്യോക്യൻ ആരാധനക്രമം



**സുറിയാനി സഭാപാരമ്പര്യം**


**ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ**

ഒരു സഭയുടെ തനിമ പ്രധാനമായും വെളിവാകുന്നത് അതിന്റെ ആരാധനക്രമത്തിലൂടെയും അതിനെ അടിസ്ഥാനമാക്കിയുള്ള ദൈവശാസ്ത്രത്തിലൂടെയുമാണ്. കത്തോലിക്കാസഭയിൽ, ആരാധനക്രമം പൊതു ആരാധനയെ സൂചിപ്പിക്കുന്നു, പ്രത്യേകിച്ചും അത് ദൈവാലയശുശ്രൂഷകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ആരാധനക്രമം എന്ന വാക്കിന്റെ അർത്ഥം ജനങ്ങളുടെ പ്രവൃത്തിയാണ്, കത്തോലിക്കാസഭയ്ക്കുള്ളിൽ, നടക്കുന്ന എല്ലാ പൊതു ആരാധനകളെയും വിവരിക്കാൻ ഇത് ഉപയോഗിക്കുന്നു, അത് ആളുകളെ ദൈവത്തിന്റെ വേലയിലേക്ക് ആകർഷിക്കുന്നു. കുർബാനയുടെ ആഘോഷം നമ്മുടെ വിശ്വാസത്തിന്റെ ഉറവിടവും ഉച്ചകോടിയുമാണ്, അതിനാൽ മറ്റെല്ലാ ആരാധനകളും കുർബാനയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ആരാധനക്രമത്തിലൂടെ നാം ദൈവത്തെ കണ്ടുമുട്ടുകയും സഭയിലുടനീളമുള്ള നമ്മുടെ സഹോദരീസഹോദരന്മാരുമായി ഐക്യപ്പെടുകയും ചെയ്യുന്നു. ആരാധനക്രമത്തെക്കുറിച്ച് പറയുമ്പോൾ വിശുദ്ധകുർബാന മാത്രമല്ല, യാമപ്രാർത്ഥനകളും കൂദാശകളുടെആഘോഷവും കൂടിയാണ് അർത്ഥമാക്കുന്നത്. ആരാധനക്രമത്തിന്റെ മുഖ്യകാർമ്മികൻ ക്രിസ്തുവാണ്, അവന്റെ ശരീരത്തിലെ സ്നാനമേറ്റ അംഗങ്ങളെന്ന നിലയിൽ നാം അവന്റെ നിത്യമായ യാഗത്തിൽ അവനോട് ചേർന്നിരിക്കുന്നു.

ക്രൈസ്തവ ആരാധനയുടെ കളിത്തൊട്ടിലായ ജറുസലേമിൽനിന്നാണ് പശ്ചിമ സുറിയാനി അഥവാ അന്ത്യോക്യൻ ആരാധനക്രമം ഉത്ഭവിക്കുന്നത്.

www.malankaralibrary.com

അന്ത്യോക്യൻ ആരാധനക്രമകുടുംബത്തിൽപെടുന്ന സീറോ മലങ്കരസഭ പടിഞ്ഞാറൻ സുറിയാനി ഭാഷയിൽ അപ്പസ്തോലനായ വിശുദ്ധ യാക്കോബിന്റെ കുർബാനക്രമത്തെ (അനാഫൊറാ) അടിസ്ഥാനമാക്കി രൂപം പ്രാപിച്ച പടിഞ്ഞാറൻ സുറിയാനി ആരാധനക്രമം പിന്തുടരുന്നു. വിശുദ്ധ കുർബാനക്രമങ്ങളുടെയും യാമപ്രാർത്ഥനകളുടെയും കാര്യത്തിൽ പടിഞ്ഞാറൻ സുറിയാനി സഭയ്ക്ക് ഏറ്റവും സമ്പന്നവും വൈവിധ്യപൂർണ്ണവുമായ പൈതൃകമുണ്ട്. നാലാം നൂറ്റാണ്ട് മുതൽ ജെറുസലേമിലെ സഭയിൽനിന്ന് നിരവധി ആരാധനാശുശ്രൂഷകൾ കടം കൊണ്ട അന്ത്യോക്യൻ ആരാധനക്രമം കാൽസിഡോൺ കൗൺസിലിനെ തുടർന്നുണ്ടായ വിഭജനത്തിനുശേഷം ആരാധനക്രമത്തിന്റെ സമ്പന്നമായ ഒരു പാരമ്പര്യം രൂപപ്പെടുത്തിയെടുത്തു.



അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ഏറ്റവും പഴയ രൂപം ഗ്രീക്കിലാണ്. പ്രത്യക്ഷത്തിൽ ആ ഭാഷയിലാണ് ഇത് രചിക്കപ്പെട്ടത്. സുറിയാനി രൂപത്തിൽ അവശേഷിക്കുന്ന നിരവധി ഗ്രീക്ക് പദങ്ങൾ ഇത് ഗ്രീക്കിൽനിന്ന് ഉരുത്തിരിഞ്ഞതാണെന്ന് കാണിക്കുന്നു. സിറിയയുടെ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യൻ സമൂഹങ്ങൾ ഉയർന്നുവന്നപ്പോൾ, ഗ്രീക്കിൽ ചൊല്ലിയിരുന്ന പ്രാർത്ഥനകൾ അന്നാട്ടുകാരുടെ തനത് ഭാഷയിലേക്ക് (സുറിയാനി) വിവർത്തനം ചെയ്യപ്പെട്ടുവെന്നതിൽ സംശയമില്ല. സീറോ-മലങ്കര സഭയിൽ ഉപയോഗത്തിലുള്ള മോർ യാക്കോബിന്റെ (St James, the Apostle) അനാഫൊറാ, എല്ലാ ക്രിസ്ത്യൻ ആരാധനക്രമങ്ങളിൽ ഏറ്റവും പുരാതനവും അപ്പസ്തോലികവുമായി കണക്കാക്കപ്പെടുന്നു. പാശ്ചാത്യ സുറിയാനി ആരാധനക്രമം പൂർണ്ണമായും അന്ത്യോക്യൻ അല്ല, മറിച്ച് വ്യത്യസ്ത പാരമ്പര്യങ്ങളുടെ സംയോജനത്തിന്റെ ഫലമാണ്. അനാഫൊറയുടെ കാര്യത്തിൽ, വിശുദ്ധ യാക്കോബിന്റെ ജറുസലേം അനാഫൊറയാണ് മാതൃകയായി സ്വീകരിച്ചിരിക്കുന്നത്. ഈ അനുരൂപത ശരിയായ അനഫൊറയിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല, എന്നാൽ അനാഫൊറായ്ക്കു മുമ്പും, അനാഫൊറായ്ക്കു ശേഷവുമുള്ള ഘടകങ്ങളിൽ പ്രാദേശിക സുറിയാനി മൂലകങ്ങളുടെ ഒരു സമന്വയമുണ്ട്. 1653-ലെ ദൗർഭാഗ്യകരമായ കേരളസഭയിലെ പിളർപ്പിനെത്തുടർന്ന് ഇന്ത്യയിലെത്തിയ പശ്ചിമ സുറിയാനി മെത്രാന്മാരിൽനിന്നാണ് മലങ്കര സഭയ്ക്ക് ഈ മനോഹരവും ഗഹനവുമായ ആരാധനക്രമം ലഭിച്ചത്. 1930-ൽ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യ പ്രസ്ഥാനത്തെ തുടർന്ന് മലങ്കര കത്തോലിക്കാസഭയ്ക്ക് അന്ത്യോക്യൻ ആരാധനക്രമവും പാരമ്പര്യവും നിലനിർത്തുവാൻ സാധിച്ചു.

പാശ്ചാത്യ സുറിയാനി ആരാധനക്രമം അതിന്റെ കവി-ദൈവശാസ്ത്രജ്ഞരുടെ സമൃദ്ധമായ കൃതികളിൽനിന്ന് ഉരുത്തിരിഞ്ഞതാണ്. മോർ അപ്രേം, സാറൂഗിലെ മോർ യാക്കോബ്, മാബ്ബൂഗിലെ മോർ ഫിലക്സിനോസ്, മോർ ബാലായ് തുടങ്ങിയവരുടെ കൃതികളിൽനിന്ന് എടുത്തിട്ടുള്ള പദ്യഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് പാശ്ചാത്യ സുറിയാനി ആരാധനക്രമം വികാസം പ്രാപിച്ചത്. സുറിയാനി ആരാധനക്രമം കാവ്യാത്മകമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ എല്ലാ രഹസ്യങ്ങളും ത്രിത്വവും ക്രിസ്തുവിന്റെ മനുഷ്യാവതാരവും കുരിശുമരണവും പുനരുത്ഥാനവും രണ്ടാം വരവും ക്രിസ്തുവിന്റെ മണവാട്ടിയായ സഭ, മറിയം-ദൈവമാതാവ്, വിശുദ്ധന്മാർ, പരേതർ, പറുദീസയിലേക്കുള്ള തിരിച്ചുവരവിന്റെ പ്രതീക്ഷ എന്നീ വിഷയങ്ങളെല്ലാം കാവ്യസൗന്ദര്യത്തിന്റെ സമ്പന്നതയോടെ പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിൽ കൈകാര്യം ചെയ്തിരിക്കുന്നു. സുറിയാനി ആരാധനക്രമത്തിന്റെ അപാരമായ കാവ്യസൗന്ദര്യം ഈ ഗാനങ്ങളിലാണ് കാണപ്പെടുന്നത്. അന്ത്യോക്യൻ ആരാധനക്രമം അതിന്റെ വൈവിധ്യമായ പ്രാർത്ഥനക്രമങ്ങളാലും ആരാധനക്രമത്താലും സമ്പുഷ്ടമാണ്. ക്രിസ്തുരഹസ്യത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിനും ധ്യാനിക്കുന്നതിനുമായാണ് ആരാധനക്രമം രൂപപ്പെടുത്തിയിരിക്കുന്നത്. തദ്ഫലമായി പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിൽ ഓരോ ദിവസത്തെയും ആഴ്ചയെയും വർഷത്തെയും രക്ഷാകരരഹസ്യത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേകമായി ക്രമീകരിച്ചിരിക്കുന്നു. പ്രധാനമായും രണ്ട് പ്രാർത്ഥനക്രമങ്ങളാണ് അന്ത്യോക്യൻ ആരാധനക്രമത്തിൽ ഉള്ളത്: പെങ്കീസായും ശ്ഹീമ്മോയും. ഞായറാഴ്ചകൾക്കും പെരുന്നാൾ ദിനങ്ങൾക്കുമുള്ള ആരാധനക്രമങ്ങളുടെ ശേഖരമാണ് പെങ്കീസാ. സാധാരണദിവസങ്ങളിലെ പ്രാർത്ഥനകളടങ്ങി

www.malankaralibrary.com

യതാണ് ശ്ഹീമ്മോ. ആരാധനക്രമ വർഷത്തിലെ എല്ലാ മഹത്തായ ഉത്സവങ്ങൾക്കും ഇവിടെ ഗംഭീരമായ ഓഫീസുകൾ ഉണ്ട്.

“അങ്ങയുടെ നീതിയുക്തമായ കല്പനകളെപ്രതി ദിവസം ഏഴുപ്രാവശ്യം ഞാൻ അങ്ങയെ സ്തുതിക്കുന്നു” (സങ്കീർത്തനങ്ങൾ 119, 164). രാജാവും ദീർഘദർശിയുമായ ദാവീദിന്റെ ഈ പ്രാർത്ഥന മാതൃകയുമായി ബന്ധപ്പെട്ട്, സഭ ഏഴ് യാമങ്ങളിലായി പ്രാർത്ഥന വികസിപ്പിച്ചെടുത്തിട്ടുണ്ട്. അന്ത്യോക്യൻ ആരാധനക്രമപ്രകാരം സന്ധ്യാപ്രാർത്ഥനയോടു കൂടിയാണ് ദിവസം ആരംഭിക്കുന്നത്. സൃഷ്ടിവിവരണത്തിൽ ഒരോ ദിവസവും ആരംഭിക്കുന്നത് സന്ധ്യയ്ക്കാണ് ‘സന്ധ്യയായി, പ്രഭാതമായി – ഒന്നാംദിവസം” (ഉൽപത്തി 1, 4). ഒരോ യാമങ്ങളും ക്രിസ്തീയവിഷയങ്ങളുമായി ബന്ധപ്പെടുത്തിയാണ് രൂപപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ കർത്താവിന്റെ പീഡാസഹനങ്ങളെ അടിസ്ഥാനമാക്കിയും ക്രിസ്തീയജീവിതവുമായി ബന്ധപ്പെടുത്തിയും ഈ യാമപ്രാർത്ഥനകളുടെ വിഭജനത്തെ മനസ്സിലാക്കാം.

### 1. സന്ധ്യ (റംശോ)

കർത്താവ് സെഹിയോൻ മാളികയിൽ വെച്ച് വിശുദ്ധ കുർബാന സ്ഥാപിച്ചതിനെ അനുസ്മരിക്കുന്നു.

മനുഷ്യന്റ അധ്വാനവും കൃഷിക്കായി നിലമൊരുക്കുന്നതും അടിസ്ഥാനമാക്കുന്നു.

### 2. സൂത്താറ (സൂത്തോറോ)

– കർത്താവ് ഗത്സെമൻതോട്ടത്തിൽ രക്തം വിയർത്തു പ്രാർത്ഥിക്കുന്നു.

വിത്ത് വിതയ്ക്കുന്നു.

### 3. രാത്രി (ലിലിയോ)

– പ്രധാനപുരോഹിതരും ഹേറോദോസും യേശുവിനെ വിസ്തരിക്കുന്നു.

രാത്രിപ്രാർത്ഥനയുടെ നാല് കൗമാകൾ മുളച്ചു വരുന്ന ചെടിയെ കളകളിൽനിന്നും മുൾച്ചെടികളിൽ നിന്നും സംരക്ഷിക്കുന്നു.

### 4. പ്രഭാതം (സപ്രോ)

– പീലാത്തോസ് യേശുവിനെ വിസ്തരിക്കുന്നു.

– കൊയ്ത്ത് നടത്തുന്നു.

### 5. മൂന്നാംമണി (ത്ലോസ് ശോഈൻ)

– കുരിശും ചുമന്നുകൊണ്ടുള്ള യേശുവിന്റെ യാത്ര.

– കറ്റകൾ ചുമന്നുകൊണ്ടുപോകുന്നു.

### 6. ആറാംമണി (ശേത് ശോഈൻ)

– യേശുവിനെ കുരിശിൽ തറയ്ക്കുന്നു.

–ധാന്യം കളപ്പുരയിൽ ശേഖരിക്കുന്നു.

### 7. ഒമ്പതാംമണി (ത്ശാ ശോഈൻ)

– യേശു തന്റെ പ്രാണൻ വെടിയുന്നു.

–ദാനധർമ്മം, ആദ്യഫലം മുതലായവ നല്കുന്നു.

ഇതു കൂടാതെ സൂത്താറ പ്രാർത്ഥനയിൽ അനുതാപത്തിന്റെ ചിന്തകളും ആറാംമണിയുടെ പ്രാർത്ഥനയിൽ ദൈവമാതാവിനെയും ഒമ്പതാംമണിക്ക് പരേതരെയും അനുസ്മരിക്കുന്നു. നമ്മുടെ കർത്താവിന്റെ പീഡാസഹനത്തെക്കുറിച്ചും കുരിശുമരണത്തെക്കുറിച്ചും ധ്യാനിക്കുവാൻ പ്രാർത്ഥനയുടെ മണിക്കൂറുകൾ നമ്മെ സഹായിക്കുന്നു. ഇതേപോലെ ആഴ്ചയിലെ ഏഴ് ദിവസങ്ങളും ക്രിസ്തീയവിഷയങ്ങളുമായി ബന്ധപ്പെടുത്തിയാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഞായറാഴ്ച കർത്താവിന്റെ ഉത്ഥാനത്തെ അനുസ്മരിക്കുന്നു. തിങ്കൾ, ചൊവ്വ ദിവസങ്ങൾ അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ചിന്തകൾ പ്രാർത്ഥനകളിൽ പ്രകടമായി കാണാം. ബുധനാഴ്ച ദൈവമാതാവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ വ്യാഴാഴ്ച അപ്പസ്തോലന്മാരെയും മല്പാന്മാരെയും അനുസ്മരിക്കുന്നു. വിശുദ്ധ കുരിശിനെയും സഹദേന്മാരെയും വെള്ളിയാഴ്ച അനുസ്മരിക്കുമ്പോൾ ശനിയാഴ്ച പരേതരെ ഓർക്കുന്നു.

ആരാധനക്രമവത്സരത്തിലെ ഏഴ് കാലങ്ങൾ പുത്രൻതമ്പുരാന്റെ മനുഷ്യാവതാരം മുതൽ രണ്ടാം ആഗമനം വരെയുള്ള ക്രിസ്തുരഹസ്യങ്ങളെ അടിസ്ഥാനമാക്കി ക്രമീകരിച്ചിരിക്കുന്നു. പെങ്കീസാ നമസ്കാരത്തിലെ ക്രമങ്ങൾ ഈ ഏഴ് കാലങ്ങളുമായി ബന്ധപ്പെടുത്തിയാണ്. ആരാധനക്രമവത്സരത്തിലെ ആദ്യത്തെ രണ്ട് ഞായറാഴ്ചകൾ – വിശുദ്ധീകരണത്തിന്റെ തിരുനാളും (കൂദോസ് ഈത്തോ), സമർപ്പണത്തിന്റെ തിരുനാളും (ഹൂദോസ് ഈത്തോ) ആണ്. ഈ രണ്ട് ഞായറാഴ്ചകൾ ആരാധനവത്സരത്തിലേക്കുള്ള പ്രവേശനത്തിനുള്ള തയ്യാറെടുപ്പിന്റെ സമയമായി കണക്കാക്കാം.

1. അറിയിപ്പ് കാലം (സുബോറോ)
2. യൽദോ (ക്രിസ്തുമസ്)–ദനഹാക്കാലം
3. വലിയനോമ്പുകാലം
4. ക്യംതാക്കാലം (ഉയിർപ്പ്)
5. പെന്തിക്കൊസ്തിക്കാലം
6. തേജസ്കരണകാലം
7. സ്ലീബാക്കാലം

ഇപ്രകാരം ആരാധനക്രമം ഒരു വ്യക്തിയെ ക്രിസ്തീയരഹസ്യങ്ങൾ കൂടുതൽ മനസ്സിലാക്കുവാൻ സഹായിക്കുന്നു. ശ്ഹീമ്മോ നമസ്കാരം പ്രധാനമായും സമർപ്പിതജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ആരാധനയ്ക്കായി ഉപയോഗിക്കുന്നത്.

www.malankaralibrary.com

ജാലകം



# ജീവിതം വിചാരിക്കുന്ന വഴിയേ പോകാൻ...



മെർലിൻ മേരി മാത്യു

നമ്മളിൽ പലർക്കും പരാതിയാണ്, ജീവിതം വിചാരിക്കുന്ന വഴിയിൽ പോകുന്നില്ലെന്ന്. എന്റെ ജീവിതം പൊട്ടിയ ഒരു കണ്ണാടി പോലെ ആണെന്ന് ഒക്കെ പരാതി പറയുന്നവർ ഏറെയാണ് നമ്മുടെ കൂട്ടത്തിൽ.

ഒരിക്കൽ രണ്ടു സുഹൃത്തുക്കൾ കാറിൽ യാത്ര ചെയ്യുകയാണ്. പോകും വഴിക്ക് ഒരു വലിയ അപകടം അവർ കണ്ടു. അവർ വണ്ടി നിർത്തി നോക്കി. കണ്ണാടി ചില്ല് റോഡിൽ ചിന്നിച്ചിതറി കിടക്കുകയാണ്. തിരിച്ച് വണ്ടിയിലേക്ക് കയറി, സുഹൃത്ത് മറ്റേ ആളോട് പറഞ്ഞു, എന്റെ ജീവിതവും ആ കണ്ണാടി പോലെയാണ്. അയാൾ ചോദിച്ചു, എന്തുപറ്റി? ഇതു പോലെ ചിന്നിച്ചിതറിയ ഒരു അവസ്ഥയാണ് എന്റെ ജീവിതം. പെട്ടെന്ന് തന്നെ വണ്ടി നിർത്തിയിട്ട് ആ കൂട്ടുകാരൻ പുറകിലേക്ക് നടന്ന് ആ പൊട്ടിയ കണ്ണാടി കഷണത്തിൽ ഒന്നെടുത്തു. എന്നിട്ട്, സങ്കടപ്പെട്ടിരിക്കുന്ന തന്റെ കൂട്ടുകാരന്റെ കൈയ്യിൽ കൊടുത്തിട്ട് ചോദിച്ചു, എന്ത് കാണുന്നു? പൊട്ടിയ കണ്ണാടി അല്ലാതെ എന്ത് കാണാനാണ്. കൂട്ടുകാരൻ വീണ്ടും പറഞ്ഞു, സൂക്ഷിച്ചു നോക്കൂ. എന്ത് കാണുന്നു? അയാൾ പറഞ്ഞു, എന്റെ മുഖം കാണുന്നു. ഇനി കണ്ണാടി അല്പമൊന്ന് ചരിച്ചുപിടിക്കൂ. ചരിച്ചുപിടിച്ചിട്ട് ചോദിച്ചു, ഇപ്പോൾ നീ എന്ത് കാണുന്നു? അയാൾ മറുപടിയായി പറഞ്ഞു, പിന്നിലുള്ള കാറിന്റെ സീറ്റ് കാണുന്നു. വീണ്ടും അത് പ്രകാശത്തിന് അഭിമുഖമായി വച്ചിട്ട് ചോദിച്ചു. ഇപ്പോൾ നീ എന്ത് കാണുന്നു? അതിലേക്ക് പ്രകാശം അടിച്ചിട്ട് എന്റെ മുഖത്തേയ്ക്ക് പ്രകാശം വരുന്നു സുഹൃത്തേ, എന്താണ്? ഇത് കേട്ടുനിന്ന കൂട്ടുകാരൻ അയാളുടെ തോളിൽ തട്ടിയിട്ട് പറഞ്ഞു, പ്രിയ കൂട്ടുകാരാ, ഇതു പോലെതന്നെയാണ് നമ്മുടെ പരാതികളും. നമ്മൾ പലപ്പോഴും പറയും ചിന്നിച്ചിതറിപ്പോയി എന്റെ ജീവിതം. ഞാൻ വിചാരിച്ചതുപോലെ പോകുന്നില്ല എന്റെ ജീവിതം. എന്നാലും പൊട്ടിയ കഷണമാണ് നീയെങ്കിലും, നീ നിന്നിലേക്ക് നോക്കുക. ഇനിയും അനന്തമായ സാധ്യത നിന്നിലുണ്ട്. കാരണം, ബുദ്ധിഭ്രമമോ, ബുദ്ധിമാന്ദ്യമോ ഒന്നും നിനക്കില്ല. നിനക്ക് കണ്ണുണ്ട്, കൈയ്യുണ്ട്, കാലുകളുണ്ട്. ദൈവം നല്കിയ എന്തെല്ലാം അനുഗ്രഹങ്ങളുണ്ട്. പരിശ്രമിച്ചാൽ ഇനിയും ഉയിർത്തെഴുന്നേല്ക്കാൻ നിന്നിൽ ഒരു ശക്തിയുണ്ട്. ഒരു ഇത്തിരിപ്പോന്ന പ്രകാശം മതി ഒരു വലിയ കാട് കത്തിക്കാൻ എന്നു പറയുന്നതു പോലെ, ഇത്തിരിയുള്ള നിന്റെ ഉള്ളിലെ വെട്ടം ഒന്നു പുറത്തേയ്ക്ക് കൊണ്ടുവരുക. ഇനി നീ ഒന്ന് പുറകിലേക്ക് നോക്കുക. എത്രയോ ആളുകൾ നിന്നിലെ പകുതി കഴിവുകൾ പോലും ഇല്ലാതെ ലോകത്തിൽ ജീവിക്കുന്നു. അംഗവൈകല്യത്തോടുകൂടി ജീവിച്ചിട്ട് ലോകപ്രശസ്തനായ ശാസ്ത്രജ്ഞനായി മാറിയില്ലേ സ്റ്റീഫൻ ഹോക്കിൻസ്. വീണ്ടും നീ നോക്കുക, എത്രയോ പേർ ഇന്ന് പട്ടിണിയിൽ കിടക്കുന്നു. എത്രയോ പേർ നമ്മൾ ആഹാരം കഴിക്കുമ്പോൾ ദാരിദ്ര്യത്തിൽ ജീവിച്ചുപോരുന്നു. അവരിലേക്ക് നോക്കുക. നിന്റെ മുന്നിലുള്ളവരിൽ നോക്കി നിരാശപ്പെടാതെ നിന്നോളം എത്താൻ കൊതിക്കുന്നവരെ, അവരുടെ കണ്ണുകളിലേക്ക് ഒന്ന് നോക്കുക. ഇനി പ്രകാശത്തിന് അഭിമുഖമായി നിൽക്കുക. എപ്പോഴും പോസിറ്റീവ് ചിന്താഗതികളോടുകൂടി, നിന്റെ ചിന്തകളെ പ്രകാശത്തിന് അഭിമുഖമാക്കുമ്പോൾ നിന്നിലേക്ക് ആ പ്രകാശം വരുകയും മറ്റുള്ളവരിലേക്ക് ആ പ്രകാശം കൊടുക്കുവാൻ നിനക്ക് സാധിക്കുകയും ചെയ്യും. ആയതിന്, നിന്റെ അനുഗ്രഹങ്ങളെ നിനക്ക് എണ്ണി നോക്കാം. പൊട്ടിയ കണ്ണാടിയിൽ പോലും നിന്റെ മുഖം കാണുവാൻ, പിന്നിലുള്ളതിനെ കാണുവാൻ, സ്വയം പ്രകാശിക്കുവാൻ നമുക്ക് സാധിക്കുമ്പോൾ മാത്രമാണ് ജീവിതം ധന്യമാകുന്നത്. നമുക്ക് നമ്മുടെ അനുഗ്രഹങ്ങളെ എണ്ണി നോക്കാം. ●

www.malankaralibrary.com



ആരോഗ്യം

# പേവിഷബാധ പ്രതിരോധം അറിയേണ്ടതെല്ലാം



**Dr. Joe Abraham**

Assistant Professor, Department of Community Medicine

Pushpagiri Medical College Hospital & Research Center

ഒക്ടോബർ ആദ്യവാരം വരെയുള്ള കണക്കുകൾ നോക്കുമ്പോൾ 21 മരണങ്ങളാണ് റാബീസ് മൂലം ഈ വർഷം കേരളത്തിൽ സ്ഥിരീകരിച്ചിരിക്കുന്നത്. വാക്സിന്റെ ഫലപ്രാപ്തിയും തെരുവുനായ ശല്യവും ഇതിനോടകം മിക്ക ചാനൽചർച്ചകളിലെയും ചൂടേറിയ വിഷയം ആയിരുന്നു. മിക്കവാറും എല്ലാ ദിവസവും നായ മനുഷ്യനെ കടിച്ചതിന്റെ റിപ്പോർട്ടുകൾ നമ്മൾ പത്രങ്ങളിൽ കാണാറുമുണ്ട്. പേവിഷബാധയേറ്റാൽ ഏറെക്കുറെ മരണം ഉറപ്പാണ് എന്നുള്ളതിനാൽ കേരള സമൂഹം ഈ വിഷയത്തിൽ അത്യധികം ആശങ്കയിലാണ്.

## എന്താണ് Rabies അഥവാ പേവിഷബാധ?

Rabies Virus എന്ന രോഗാണുക്കൾ ബാധിച്ച മൃഗങ്ങളുടെ തുപ്പൽ വഴിയാണ് മനുഷ്യരിലേക്ക് ഈ രോഗം പകരുന്നത്. കടിക്കുമ്പോഴോ, മുറിവിൽ നക്കുമ്പോഴോ രോഗം പകരാം. മുറിവിൽനിന്ന് രോഗാണുക്കൾ നാഡികൾ വഴി തലച്ചോറിൽ എത്തുമ്പോഴാണ് രോഗലക്ഷണങ്ങൾ കാണിച്ചുതുടങ്ങുന്നത്. 96 ശതമാനം ആളുകൾക്കും അസുഖം പകരുന്നത് നായയിൽനിന്നാണ്. പൂച്ച, വളർത്തുമൃഗങ്ങൾ, വന്യജീവികൾ ഒക്കെ അസുഖം പരത്താൻ കഴിവുള്ളവരാണ്. എലി, അണ്ണാൻ തുടങ്ങിയ Rodents വിഭാഗത്തിൽ പെടുന്ന മൃഗങ്ങൾ സാധാരണ പ്രശ്നക്കാരല്ല. ചിലതരം വാവലുകൾ (Bats) അസുഖം പരത്താറുണ്ട്.

www.malankaralibrary.com

## നായ കടിച്ചാൽ?

മൃഗങ്ങളുടെ കടി, പോറൽ, നക്കൽ എന്നിവയേൽക്കുന്ന ഭാഗം 15 മിനിറ്റെങ്കിലും സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക. കഴിവതും ടാപ്പ് വെള്ളത്തിൽ കഴുകുക. വൈറസ് ശരീരത്തിൽ പ്രവേശിക്കുന്നത് തടയാൻ ഇത് സഹായിക്കും. വന്യമൃഗങ്ങളുടെ കടിയോ നഖം കൊണ്ടോ, ഉണ്ടാവുന്ന മുറിവുകളെ, പ്രതിരോധ മരുന്നും മറ്റു ചികിത്സയും നൽകാനായി മൂന്നായി തരംതിരിച്ചിട്ടുണ്ട്.

Category 1 : മൃഗങ്ങളെ തൊടുക, ഭക്ഷണം കൊടുക്കുക, മുറിവുകൾ ഇല്ലാത്ത തൊലിപ്പുറത്തു മൃഗങ്ങൾ നക്കുക

– കുത്തിവയ്പ്പ് നൽകേണ്ടതില്ല, സോപ്പും ധാരാളം വെള്ളവും ഉപയോഗിച്ച് കഴുകുക.

Category 2 : തൊലിപ്പുറത്തുള്ള മാന്തൽ, രക്തം വരാത്ത ചെറിയ പോറലുകൾ

– മേൽപറഞ്ഞതുപോലെ കഴുകണം. പ്രതിരോധ കുത്തിവയ്പ്പ് എടുക്കണം.

Category 3 : രക്തം പൊടിഞ്ഞ മുറിവുകൾ, മുറിവുള്ള തൊലിപ്പുറത്തെ നക്കൽ, ചുണ്ടിലോ, വായിലോ നക്കൽ, വന്യമൃഗങ്ങളുടെ കടി

– മേൽപറഞ്ഞതുപോലെ കഴുകണം. ഇൻട്രാഡെർമൽ/ഇൻട്രാ മസ്ക്കുലാർ റാബീസ് വാക്സിനേഷൻ, ഹ്യൂമൻ റാബീസ് ഇമ്മ്യൂണോ ഗ്ലോബുലിൻ എടുക്കണം.

മുഖത്തോ കഴുത്തിലോ വിരലുകളിലോ ഉള്ള കടി ഗുരുതരമാകാം. നാഡികളിലൂടെ വൈറസുകൾ വേഗം തലച്ചോറിലേക്ക് പകരാൻ സാധ്യത ഉണ്ട്. അതുകൊണ്ടുതന്നെ എത്രയും വേഗം ചികിത്സ നൽകണം.

## വാക്സിൻ മാത്രം പോരെ? ഇമ്മ്യൂണോ ഗ്ലോബുലിൻ വേണോ?

കാറ്റഗറി 3 മുറിവുകൾക്കും വന്യമൃഗങ്ങൾ കടിച്ചുള്ള മുറിവുകൾക്കും ഈ മരുന്ന് നിർബന്ധമായും എടുക്കണം. പറ്റുന്നത്ര മുറിവിനുള്ളിലും ചുറ്റുമായും എടുക്കുകയാണ് ചെയ്യുന്നത്. ഒരാളുടെ ഭാരം അനുസരിച്ചാണ് മരുന്നിന്റെ അളവ് നിശ്ചയിക്കുന്നത്. വൈറസിനെ നേരിട്ട് പ്രതിരോധിക്കാൻ ഉള്ള കഴിവ് ഈ മരുന്നിനുണ്ട്. പ്രതിരോധകുത്തിവയ്പ്പിലൂടെ (വാക്സിൻ) ശരീരത്തിൽ പ്രതിരോധ ആന്റിബോഡികൾ ഉണ്ടാക്കാനെടുക്കുന്ന കാലയളവിൽ ഇമ്മ്യൂണോ ഗ്ലോബുലിൻ സുരക്ഷ ഉറപ്പാക്കും.

എത്ര ദിവസം കൂടുമ്പോൾ കുത്തിവയ്പ്പ് എടുക്കണം?

പലരും കരുതുന്ന പോലെ പൊക്കിളിന് ചുറ്റും പത്തു പതിനാല് വട്ടം എടുക്കുന്ന രീതി ഒന്നും അല്ല ഇപ്പോൾ ഉള്ളത്.

മസിലിൽ എടുക്കുന്ന കുത്തിവെപ്പ് (Intra muscular regimen-ARV) ആണെങ്കിൽ, കുത്തിവെപ്പ് തുടങ്ങുന്ന ദിവസത്തെ 0 ദിവസം ആയി കരുതിയാൽ 0, 3, 7, 14, 28 ദിവസങ്ങളിൽ എടുക്കണം. സ്വകാര്യ ആശുപത്രികളിൽ ഈ രീതിയാണ് തുടരുന്നത്.

തൊലിപ്പുറത്ത് എടുക്കുന്ന കുത്തിവെപ്പ് (Intra dermal rabies vaccine- IDRV) ആണെങ്കിൽ 0, 3, 7, 28 ദിവസങ്ങളിലാണ് കുത്തിവെപ്പുകൾ. ഇപ്പോൾ എല്ലാ സർക്കാർ ആശുപത്രികളിലും ഈ രീതിയാണ് തുടരുന്നത്.



## പട്ടികടിക്കുന്നതിന് മുന്നേ പ്രതിരോധത്തിനായി കുത്തിവെപ്പ് എടുക്കാമോ?

പട്ടിയേയും പൂച്ചയേയും ഒക്കെ സ്ഥിരം കൈകാര്യം ചെയ്യുന്നവരും വന്യമൃഗങ്ങളുമായി ഇടപഴകുന്നവരും ഒക്കെ മുന്നേ ഈ കുത്തിവെപ്പ് (പ്രീ എക്സ്പോഷെർ പ്രൊഫിലാക്സിസ്) എടുക്കുന്നത് നല്ലതാണ്. 0, 7, 21/28 ദിവസങ്ങളിൽ 3 കുത്തിവെപ്പാണ് എടുക്കേണ്ടത്. പിന്നീട് മൃഗങ്ങളുടെ കടിയേറ്റാൽ ഇമ്മ്യൂണോഗ്ലോബുലിൻ കുത്തിവയ്ക്കേണ്ടതില്ല.

## ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ

വീട്ടിൽ വളർത്തുന്ന മൃഗങ്ങൾക്കു നിർബന്ധമായും പ്രതിരോധക്കുത്തിവയ്പ്പ് എടുത്ത് അവരുടെയും നമ്മുടെയും സുരക്ഷ ഉറപ്പു വരുത്തുക.

പേവിഷബാധ ഉണ്ടാകുന്ന 40% ആളുകളും 15 വയസിനു താഴെ പ്രായമുള്ളവരാണ്. മൃഗങ്ങളോട് സൗമ്യമായി പെരുമാറുന്നതിനു കുട്ടികളെ ചെറുപ്പത്തിൽത്തന്നെ ശീലിപ്പിക്കുക. മൃഗങ്ങളോടൊത്തു കളിക്കുമ്പോഴും അവരെ ഓമനിക്കുമ്പോഴും ശ്രദ്ധ പുലർത്താൻ കുട്ടികളെ പരിശീലിപ്പിക്കുക. കടിയോ മാന്തോ കിട്ടിയാൽ മാതാപിതാക്കളെ അറിയിക്കാൻ കുട്ടികളെ ശീലിപ്പിക്കുക. ●

www.malankaralibrary.com



# തകർച്ചയിൽ തളരാതെ

**1988** ഡിസംബർ ഏഴാം തീയതി അർമേനിയ എന്ന രാജ്യത്ത്, അർമണ്ട് എന്ന കുട്ടി പതിവുപോലെ രാവിലെ വീട്ടിൽനിന്നും സ്കൂളിലേക്ക് യാത്ര തിരിച്ചു. അവന്റെ പിതാവ് സാമുവേൽ അവനെ യാത്രയാക്കിയപ്പോൾ അവനോട് സ്നേഹത്തോടെ പറഞ്ഞു, "മോനേ, സന്തോഷത്തോടെ പോയി വരൂ. എന്തു തന്നെ സംഭവിച്ചാലും നീ ഒട്ടും ഭയപ്പെടേണ്ട. നിനക്കെന്ത് ആവശ്യമുണ്ടെങ്കിലും അവിടെ അപ്പോൾ ഞാൻ നിന്റെ കൂടെ ഉണ്ടാകും".

ഉച്ചയോടടുത്ത സമയത്ത് ഞെട്ടിക്കുന്ന ഒരു വാർത്ത റേഡിയോയിലൂടെ അർമണ്ടിന്റെ മാതാപിതാക്കൾ കേട്ടു. അവിടെ ഉണ്ടായ അതിശക്തമായ ഭൂകമ്പത്തിൽപ്പെട്ട് അനേകം കെട്ടിടങ്ങൾ തകരുകയും ആയിരക്കണക്കിന് ആളുകൾ മരണമടയുകയും ചെയ്തു എന്നതായിരുന്നു ആ ദുഃഖവാർത്ത. സാമുവേൽ മകന്റെ സ്കൂളിലേക്ക് ഓടിയെത്തി. അവന്റെ സ്കൂൾകെട്ടിടം പൂർണ്ണമായി തകർന്നുകിടക്കുന്നതും കാണാതായ കുട്ടികളെയോർത്ത് അവരുടെ കൂട്ടുകാരും വീട്ടുകാരും നാട്ടുകാരും പൊട്ടിക്കരയുന്നതും സാമുവേൽ കണ്ടു.



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

അർമണ്ടിന്റെ ക്ലാസ്മുറി നിന്നിരുന്ന സ്ഥലത്ത് എത്തിയ സാമുവേൽ, അവിടെ കൂടിക്കിടന്ന വലിയ കല്ലുകളും തടികളും ഓരോന്നായി അതിവേഗം നീക്കുവാൻ തുടങ്ങി. കുട്ടികളെല്ലാം മരിച്ചുപോയെന്നു കരുതി പലരും സാമുവേലിനെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ അയാൾ ക്ഷീണം മറന്ന്, ക്ഷമയോടെ, വിശ്വാസത്തോടെ, പ്രാർത്ഥനാപൂർവ്വം തന്റെ മകനുവേണ്ടിയുള്ള തിരച്ചിൽ തുടർന്നു. മുപ്പത്തിയെട്ടു മണിക്കൂർ നീണ്ട അദ്ധ്വാനത്തിന്റെ ഒടുവിൽ, അവശിഷ്ടങ്ങൾക്കിടയിൽനിന്നും, "രക്ഷിക്കണേ, പപ്പാ!" എന്ന മകന്റെ ക്ഷീണിച്ച സ്വരം സാമുവേൽ കേട്ടു. മകന്റെ തളർന്ന മുഖം കണ്ട സാമു




വേൽ അവനോട്, തന്റെ കൈയിൽ പിടിച്ച് കയറി വരാൻ പറഞ്ഞു. എന്നാൽ അർമണ്ട് പറഞ്ഞു, "പപ്പാ, എന്നോടൊപ്പം എന്റെ കൂടെ പഠിക്കുന്ന കുറേ കുട്ടികളും ഉണ്ട്. പപ്പ അവരെയെല്ലാം രക്ഷിക്കണേ".

സാമുവേൽ, കുട്ടികളെ ഓരോരുത്തരെയായി പിടിച്ചു കയറ്റി രക്ഷിച്ചു. ഒടുവിൽ അർമണ്ടും കയറി വന്നു. പപ്പയെ കെട്ടിപ്പിടിച്ചുകൊണ്ട് അവൻ പറഞ്ഞു, "എനിക്കറിയാമായിരുന്നു, രാവിലെ എന്നോടു പറഞ്ഞതുപോലെ പപ്പാ എന്നെ രക്ഷിക്കാൻ എത്തുമെന്ന്. എന്റെ കൂട്ടുകാരെയും ഞാൻ ധൈര്യപ്പെടുത്തി." അന്ന് അവിടെനിന്നും പതിനാലു പിഞ്ചുകുഞ്ഞുങ്ങളാണ് ആ പിതാവിന്റെ സ്നേഹം നിറഞ്ഞ പരിശ്രമത്തിലൂടെ ജീവിതത്തിലേക്ക് തിരികെ വന്നത്.

സ്നേഹനിധിയായ നമ്മുടെ പിതാവായ ദൈവം ഒരിക്കലും നമ്മെ ഉപേക്ഷിക്കുകയില്ല. ജീവിതത്തിൽ പ്രശ്നങ്ങളും പ്രയാസങ്ങളും പ്രതിബന്ധങ്ങളും പ്രതിസന്ധികളും പ്രലോഭനങ്ങളും പ്രതികൂലസാഹചര്യങ്ങളും പ്രത്യക്ഷപ്പെട്ടാലും തകരാത്ത പ്രത്യാശയോടെ, തളരാത്ത മനസ്സോടെ നമ്മുടെ കർത്താവിന്റെ കരുതലിലും കരുണയിലും നമുക്ക് ആശ്രയിക്കാം. അവിടുന്ന് നമ്മെ ആശ്വസിപ്പിക്കുകയും നന്മയിലേക്ക് നയിക്കുകയും ചെയ്യും. ●

www.malankaralibrary.com


# Remembrance - October - November



Fr. Philipose
Vakkanampadath
07 October 1947



Fr. Zacharias
Padinjarekutt
07 October 1965



Fr. Thomas Moolamannil
Malpan
14 October 1959



Fr. George
Thundiyil
14 October 2019



Fr. Eapen
Nechikattil
27 October 1980



Fr. Thomas
Neelampilalil
27 October 2003



Fr. K.M. Pathrose
Karamel Koickel
03 November 1992



Fr. Thomas
Kalekattil
05 November 1947




Msgr John
Kachiramattam
05 November 1958



Fr. Paulose
Thykattil
06 November 1959



Fr Alex
Payyampallil
12 November 1997



Fr. Abraham
Madathirampil
14 November 1997



Fr. George
Purackal
15 November 1975



Fr. Mathew
Vazhappally
15 November 1975



Fr. Thomas
Angadiyil
15 November 2017



Fr. Koshy
Elavatta
20 November 1973



Fr. Jacob
Cheriamadom
24 November 1989



Fr. Thomas
Neriamparampil
28 November 1981

www.malankaralibrary.com

# ܩܪܝܢܐ ܕܟܬܒܐ ܣܘܪܝܝܐ

# സുറിയാനി ഭാഷാ പഠനം



ഫാ. ഡോ. രാജു പറക്കോട്ട്

## പാഠം 11
## വിഭക്തികൾ

നാമത്തിന് വാക്യത്തിലെ മറ്റ് പദങ്ങളോടുള്ള ബന്ധം കാണിക്കുവാൻ നാമത്തിലോ സർവ്വനാമത്തിലോ ചേർക്കുന്ന ശബ്ദത്തിന് വിഭക്തി (case) എന്ന് പറയുന്നു.

പ്രയോജിക വിഭക്തി (Ablative case), സംബന്ധിക വിഭക്തി (Genitive/Possessive case), പ്രതിഗ്രാഹിക വിഭക്തി (Accusative case) എന്നിവയാണ് സുറിയാനി ഭാഷയിലെ മൂന്നു വിഭക്തികൾ.

ബേത്ത് (ܒ), ദോലാത് (ܕ), ലോമാദ് ( ܠ) എന്നീ അക്ഷരങ്ങളാണ് വിഭക്തികളായി ഉപയോഗിക്കുന്നത്.

'ഉം' (and) എന്ന അർത്ഥത്തിൽ സമുച്ചയം (conjunction) ആയി ഉപയോഗിക്കുന്ന ܘ (വാവ്) എന്ന അക്ഷരത്തെയും ഈ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിഭക്തികളുടെ അർത്ഥങ്ങളും പ്രയോഗങ്ങളും താഴെ ചേർക്കുന്നു.

### 11.1. പ്രയോജിക വിഭക്തി (Ablative case)

**(with, by, in, at) ആൽ, ഇൽ** = ܒ

(by the servant) സേവകനാൽ = ܒܥܒܕܐ

(in the well) കിണറ്റിൽ = ܒܓܘܒܐ

www.malankaralibrary.com

**11.2. സംബന്ധിക വിഭക്തി** (Genitive/Possessive case).

**(of, 's) ന്റെ, ഉടെ, ലെ = ܕ**

(salt of the sea) സമുദ്രത്തിലെ ഉപ്പ് = ܡܶܠܚܳܐ ܕܝܰܡܳܐ

(law of the Lord) കർത്താവിന്റെനിയമം = ܢܳܡܽܘܣܳܐ ܕܡܳܪܝܳܐ

(child's brother) കുട്ടിയുടെ സഹോദരൻ = ܐܰܚܳܐ ܕܒܳܒܳܐ

**11.3. പ്രതിഗ്രാഹിക വിഭക്തി** (Accusative case)

**(to, for) ന്, നോട്, ലേക്ക്, നെ = ܠ**

അമ്മാവന്, അമ്മാവനോട്, അമ്മാവനെ = ܠܕܳܕܳܐ
(to uncle, for uncle)

(to the house) വീട്ടിലേക്ക് = ܠܒܰܝܬܳܐ

**11.4. സമുച്ചയം** (Conjunction)

**(and) ഉം = ܘ**

(uncle and baby) അമ്മാവനും ശിശുവും = ܕܳܕܳܐ ܘܒܳܒܳܐ

രണ്ട് പദങ്ങൾ തമ്മിൽ ബന്ധിപ്പിക്കുമ്പോൾ രണ്ടാമത്തെ പദത്തിന്റെ മുൻപിലായിട്ടാണ് വാവ് (ܘ) ചേർക്കുന്നത്.

**11.5. സൂത്രവാക്യം**

ഈ നാല് അക്ഷരങ്ങൾ ഓർമ്മിക്കുന്നതിന് ദോലാത് (ܕ) എന്ന അക്ഷരത്തിന് ◌ܽ (ഉ) എന്ന സ്വരം ചേർത്ത് ܒܕܽܘܠ (ബ്ദൂൽ) എന്ന് വിളിക്കാം.

****************************************

www.malankaralibrary.com

പുസ്തക അവലോകനം

# ചിന്തേരിട്ട് പെയ്തിറങ്ങുന്ന ഒരു സ്നേഹസങ്കീർത്തനം




ഷാജി ജോർജ്

ഈ നോവലിന്റെ രചയിതാവായ ആദരണീയനായ ഫാ. ജോസ് മരിയാദാസ് അച്ചൻ ആമുഖത്തിൽ 'ഇത് ജോനാഥന്റെ കഥയാണ്. എന്റെയും... ഒരുപക്ഷേ 'അവന്റെ' പിന്നാലെ പോകുവാനിറങ്ങിത്തിരിച്ച പലരുടെയും കഥയാണ്...." എന്ന് പ്രസ്താവിക്കുന്നുണ്ട്.

"ഉളിയുടെ നെറുകയിൽ കൊട്ടുവടി വീഴുന്ന താളം ഭേദിച്ചുകൊണ്ട് റബേക്കയുടെ സ്വരം: "ദേ, ആരോ കാണാൻ വന്നു നിൽക്കുന്നു" എന്ന വാചകത്തോടു കൂടിയാണ് 'ചിന്തേര്' ആരംഭിക്കുന്നത്. ആരാണ് വന്നുനിൽക്കുന്നത്?- സ്വാഭാവികമായും ഈ ചോദ്യം അവിടെ ഉയരുന്നുണ്ട്. വായനക്കാരുടെ ഉള്ളിലും ഈ ചോദ്യം ഉയരുന്നുണ്ട്. നസ്രേത്തിലെ ഗദ്ദാലിയ എന്ന ആശാരിയുടെ ഭവനവാതിൽക്കലാണ് ആരോ വന്നു നിൽക്കുന്നത്. അദ്ദേഹത്തിന്റെ ഭാര്യ റബേക്കയാണ് ഈ വിവരം ഗദ്ദാലിയോടു പറയുന്നത്. അവരുടെ മകനാണ് ബാലനായ ജോനാഥൻ. വന്നുനിന്നത് യോസേഫും മറിയയും യേശു എന്ന ബാലനുമാണ്. ജീവിക്കാനായി ഒരു തൊഴിലിടം തേടിയാണ് ജോസഫും കുടുംബവും അവിടെ വന്നത്. പിന്നീട് നാം കാണുന്നത് ആ രണ്ടു കുടുംബങ്ങളും ഒരുമിച്ച് ഒരു ഭവനത്തിൽ പാരസ്പര്യത്തിൽ പല സങ്കീർത്തനങ്ങൾ ഒരുമിച്ചു ചേർന്ന ഒരൊറ്റ സങ്കീർത്തനം പോലെ ജീവിക്കുന്ന കാഴ്ചയാണ്. ഹെറോദ് അന്തിപ്പാസ് ഗലീലി പ്രദേശത്തിന്റെ തലസ്ഥാനമായി സെഫോറിസിനെ ഉയർത്തുന്ന വാർത്ത കേട്ട്, അവിടെ പുതിയ മന്ദിരങ്ങൾ പലതും നിശ്ചയമായും പണിയപ്പെടും എന്നു വിചാരിച്ച്, അങ്ങനെയെങ്കിൽ അവിടെ തച്ചന്മാരെ ആവശ്യമായി വരുമല്ലോ എന്ന ചിന്തയിലാണ് യോസേഫ് അവിടെ എത്തിയിരിക്കുന്നത്. ആ സ്വപ്നം സഫലമാകുകയും ചെയ്തു.

യേശുവിന്റെ പരസ്യശുശ്രൂഷയ്ക്കു മുമ്പുള്ള കാലങ്ങൾ ഈ നോവലിൽ സുന്ദരമായി വർണ്ണിക്കപ്പെട്ടിട്ടുണ്ട്. കൃതഹസ്തനായ ഒരു നോവലിസ്റ്റിന്റെ അവധാനതയോടെയാണ് നോവലിസ്റ്റ് നോവലിലെ ഓരോ ഘട്ടവും ഭാവനാദീപ്തമായി അവതരിപ്പിക്കുന്നത്. തൊഴിൽ തേടി ഗദ്ദാലിയായും ജോസഫും കെട്ടിട നിർമ്മിതി തൊഴിലായി സ്വീകരിച്ച അക്കീലസ് എന്ന യവനനെ കാണുന്ന ഒരു രംഗം ഈ നോവലിലുണ്ട്. അക്കീലസ് അവരോടു പറയുന്നു- "നാം നിർമ്മിക്കുന്നത് നമ്മെ അതിജീവിക്കും. നിർമ്മാതാവിനെ അതിജീവിക്കാത്തത് ഒരു നിർമ്മിതിയേ അല്ല. യവനദേശം, എന്റെ നാട് ലോകത്തെ പഠിപ്പിക്കുന്നത് അതാണ്." ചിന്തോദ്ദീപകമായ ഇത്തരം മൊഴികളാൽ ഏറെ സമ്പന്നമാണ് ഈ നോവൽ. 'ചിന്തേര്' എന്ന നോവലിനെ സംബന്ധിച്ചും അക്കീലസിന്റെ വാക്കുകൾ ശരിയാണ്.




യേശു ജോനാഥനെയും വീടിനെയും വിട്ട് ഇറങ്ങിത്തിരിക്കുമ്പോൾ ജോനാഥൻ ചോദിക്കുന്നു- "യേശു... പക്ഷേ എന്തുകൊണ്ട്... നീ എന്തിനാണ് ഞങ്ങളെ ഉപേക്ഷിച്ചുപോകുന്നത്.... എന്റെ ഭാഗത്തെ തെറ്റുകൾ കൊണ്ടാണോ? എന്നോടു ക്ഷമിക്കുവാൻ


www.malankaralibrary.com

നിനക്ക് കഴിയില്ലെ?" അപ്പോൾ യേശു പറയുന്നത് ഇങ്ങനെയാണ്– "ഉപേക്ഷിക്കയല്ല ജോനാഥൻ.... നേടുവാൻ വേണ്ടിയാണ്.... ജോനാഥനെയും കുടുംബത്തെയും മാത്രമല്ല.... എല്ലാവരെയും... എല്ലാവരെയും നേടുവാനാണീ യാത്ര...." ഈ യാത്രയിൽ യേശുവിനോടൊപ്പം നോവലിസ്റ്റ് വായനക്കാരെയും കൂടെക്കൂട്ടി യാത്ര ചെയ്യുന്ന ഒരു തീർത്ഥാടനമാണ് ഈ നോവലിന്റെ വായനാനുഭവം.

തന്റെ ഭവനത്തിൽ തന്നോടൊപ്പം തടിക്കഷ്ണങ്ങൾ ചിന്തേരിടുന്ന യേശുവിനെ ജോനാഥൻ നിരീക്ഷിക്കുന്ന രംഗം അതിമനോഹരമായ ഒരു വർണ്ണനയാണ്– "തോളൊപ്പം വളർന്നു ചുരുണ്ട തലമുടി അവൻ ചിന്തേരിടുമ്പോൾ ശരീരത്തിന്റെ ആയത്തിനൊപ്പം ഇളകിയാടുന്നത് നോക്കി ജോനാഥനിരുന്നു. ഒരു സങ്കീർത്തനം പെയ്തിറങ്ങുന്നതുപോലെയാണ് യേശു ചിന്തേരിടുന്നത്. മരപ്പൂളുകൾ പൂക്കളായി വിരിഞ്ഞ് തടിയിൽ വസന്തം വിരിയിക്കുന്നു. ഒരു ബലപ്രയോഗമല്ല മറിച്ച് മരത്തിൽ തഴുകുന്നതുപോലെയാണ് യേശുവിന്റെ കരങ്ങളിൽ ചിന്തേര് വഴങ്ങുന്നത് എന്ന് ജോനാഥന് തോന്നി!" എത്ര സുന്ദരമായ വർണ്ണന! "മരപ്പൂളുകൾ പൂക്കളായി വിരിഞ്ഞ് തടിയിൽ വസന്തം വിരിയുന്ന"തുപോലെയാണ് വാക്കുകൾ പൂക്കളായി വിരിഞ്ഞ് ഈ നോവലിൽ യേശു എന്ന വസന്തം വിരിയുന്നത്.

യേശുവിന്റെ ഉയിർപ്പിനുശേഷം ജോനാഥനു ലഭ്യമാകുന്ന ക്രിസ്തുവിന്റെ ഒരു പ്രത്യക്ഷതയിൽ ജോനാഥൻ യേശുവിനോടു ചോദിക്കുന്നു– "യേശു ഇതെങ്ങനെ സംഭവിച്ചു... നീ മരിച്ചില്ലേ–?" അതിനു യേശു നൽകുന്ന മറുപടി– "ജ്യേഷ്ഠാ..... ഞാൻ മരിക്കുന്നതെപ്പോഴാണ് എന്നറിയുമോ? ജ്യേഷ്ഠന്റെ ഹൃദയത്തിനുള്ളിൽ എന്നോടുള്ള സ്നേഹം മരിക്കുമ്പോൾ. അതാണെന്റെ മരണം... എന്റെ മരണം, സ്നേഹം മരിക്കുമ്പോഴാണ്. സ്നേഹമുള്ളിടത്തോളം കാലം ഞാൻ മരിക്കുന്നില്ല." തുടർന്ന് യേശു പറയുന്ന വാക്കുകൾ എല്ലാ കാലഘട്ടങ്ങളിലുമുള്ളവരോടുള്ള വാക്കുകൾ തന്നെയാണ്– "ഉയിർപ്പ്... ഞാൻ പറഞ്ഞില്ലേ ജോനാഥൻ, സ്നേഹം മരിക്കുന്ന ഇടങ്ങളിൽ ഞാൻ മരിക്കുന്നു. സ്നേഹം വീണ്ടെടുക്കപ്പെടുന്ന ഇടങ്ങളിലെല്ലാം ഞാൻ ഉയിർത്തെഴുന്നേൽക്കുന്നു. സഹോദരങ്ങൾക്ക് എതിരെ തിന്മ വിഭാവനം ചെയ്യുന്ന ഇടങ്ങളിലെല്ലാം എന്റെ കുരിശ് നാട്ടപ്പെടുന്നു. സഹോദരങ്ങൾക്കെതിരെ തിന്മ ചെയ്യുന്നിടങ്ങളിലെല്ലാം എന്റെ ക്രൂശുമരണം സംഭവിക്കുന്നു. പക്ഷേ, അങ്ങനെയുള്ള ഇടങ്ങളിലെല്ലാം ഒരു ഉയിർപ്പിന്റെ സാദ്ധ്യത അവശേഷിക്കുന്നുണ്ടുതാനും." 'ചിന്തേര്' എന്ന നോവൽ നമ്മുടെ ഉള്ളങ്ങളിൽ കാഴ്ചവെയ്ക്കുന്ന പ്രധാന സന്ദേശം ഈ വാക്കുകളിൽ ദൃശ്യമാണ്.

നോവൽ അവസാനിക്കുന്നത് ജോനാഥാന്റെ കുഞ്ഞിന്റെ ജനനത്തെക്കുറിച്ചും ആ കുഞ്ഞിന്റെ പേരിടീലിനെക്കുറിച്ചും വർണ്ണിച്ചുകൊണ്ടാണ്. ജോനാഥൻ തന്റെ കുഞ്ഞിന് പേരിട്ടത് 'അഹാവ' എന്നാണ്. "പക്ഷേ നിങ്ങളുടെ ചാർച്ചക്കാരിലാർക്കും അങ്ങനെ ഒരു പേരില്ലല്ലോ" എന്നു ചോദിക്കുന്ന അയൽക്കാരോട് ജോനാഥൻ പറയുന്നു– "അഹാവ– അവന്റെ പേരാണത്... അവൻ സ്നേഹമായിരുന്നു." തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടേണ്ട സ്നേഹത്തെക്കുറിച്ച് പ്രകീർത്തിക്കുന്ന 'ചിന്തേര്' എന്ന നോവൽ അതുകൊണ്ടുതന്നെ ഫാ. ജോസ് മരിയാദാസ് അച്ചൻ മലയാള സാഹിത്യത്തിനു സമ്മാനിക്കുന്ന ചിന്തേരിട്ട ഒരു സ്നേഹസങ്കീർത്തനം തന്നെയാണ്. ●



www.malankaralibrary.com



Holy Communion

കാക്കാനപ്പള്ളിയിൽ ബിജു മാത്യു – ഷിൻസി ബിജു ദമ്പതികളുടെ മക്കൾ **എദൻ മാത്യു വർഗീസിന്റെയും എറിക്ക് ജോൺ വർഗീസിന്റെയും** ആദ്യ കുർബാന സ്വീകരണം 2022 സെപ്റ്റംബർ 10–ാം തീയതി ചെത്തോങ്കര ക്രിസ്തുരാജ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽവച്ച് ബഹു. സ്കറിയ പുത്തൻപുരയ്ക്കൽ അച്ചന്റെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു.



Wedding

സേവ്യർ പൗവ്വത്ത്
സൂസൻ പൗവ്വത്ത്
ദമ്പതികളുടെ മകൻ
**ആന്റണി പൗവ്വത്തും**
തങ്ങളത്തിൽ ജോസ്–ഷേർലി
ദമ്പതികളുടെ മകൾ
**ആൻ എൽസായും**
തമ്മിലുള്ള വിവാഹം
2022 ഓഗസ്റ്റ് 17 ന്
തിരുവല്ല സെന്റ് ജോൺസ്
മെത്രാപ്പോലീത്തൻ കത്തീഡ്രൽ
ദൈവാലയത്തിൽവച്ച് പത്തനംതിട്ട
മുൻ രൂപതാദ്ധ്യക്ഷൻ
**അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ** ആശീർവ്വദിച്ചു.

www.malankaralibrary.com

# കാലഘട്ടത്തിന്റെയും ഐക്യത്തിന്റെയും പ്രവാചകൻ

(21 – ാം പേജ് തുടർച്ച)

ഗ്രിഗോറിയോസ് പിതാവിനുണ്ടായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനു മുൻപ് വ്യത്യസ്ത സഭകളിലെ പിതാക്കന്മാർ ഒരേ വേദിയിൽ ഒന്നിച്ചു വരുകയോ പരസ്പരം കൂടിക്കാണുകയോ ചെയ്യുന്നത് വിരളമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ആദ്യവസാനം സംബന്ധിച്ച ഗ്രിഗോറിയോസ് പിതാവ് കൗൺസിലിന്റെ സഭാദൈവശാസ്ത്രവും സഭൈക്യ ദൈവശാസ്ത്രവും നല്ലതുപോലെ മനസ്സിലാക്കിയിരുന്നു. ഒരുകാലത്ത് മറ്റ് സഭകളെ സുവിശേഷത്തിലെ ധൂർത്തപുത്രനെപ്പോലെയാണ് കത്തോലിക്കാസഭ കരുതിയിരുന്നത്. ധൂർത്തപുത്രൻ മാനസാന്തരമുണ്ടായി മാതൃസഭയിലേയ്ക്ക് തിരികെ വരണം എന്നായിരുന്നു സഭയുടെ നിലപാട്. പത്രോസിന്റെ പിൻഗാമിയായ റോമായിലെ മെത്രാനുള്ള പ്രധാന ഉത്തരവാദിത്വം "സഹോദരരെ ശക്തിപ്പെടുത്തുക" (ലൂക്കാ 22:32) എന്നതാണെന്ന ചിന്തയായിരുന്നു പിതാവിനുണ്ടായിരുന്നത്. വ്യക്തിപരമായ പുനരൈക്യം എന്നതിലുപരി സഭകൾ ഒരേ വിശ്വാസത്തിലും ഒരേ കൂദാശകളിലും ഒരേ ഹയരാർക്കിയിലും ഒന്നിച്ചു വരണമെന്നും എന്നാൽ അവരവരുടെ പൈതൃകങ്ങളും പാരമ്പര്യങ്ങളും ആരാധനക്രമ വ്യക്തിത്വവും ദൈവശാസ്ത്ര ചിന്തകളും ആദ്ധ്യാത്മിക ശൈലിയും ഉപേക്ഷിക്കാതെ തന്നെ അപ്പസ്തോല പൈതൃക സഭകൾ ഒന്നാകണമെന്നതുമായിരുന്നു അഭി. പിതാവ് ആഗ്രഹിച്ചത്.

മലങ്കര ഓർത്തഡോക്സ് സഭയുടെ നിയുക്ത കാതോലിക്കാ ആയിരുന്ന മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത (പിന്നീട് ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ), മലങ്കര മാർത്തോമ്മാ സഭാതലവൻ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്ത, ക്നാനായ യാക്കോബായ സഭാതലവൻ അഭി. ഏബ്രഹാം മാർ ക്ലീമീസ് മെത്രാപ്പോലീത്ത, സി.എസ്.ഐ. സഭാമെത്രാൻ ബിഷപ്പ് എം.സി. മാണി തുടങ്ങിയ പിതാക്കന്മാർ അഭി. പിതാവിന്റെ അടുത്ത സുഹൃത്തുക്കളായിരുന്നു.

പ്രശസ്തമായ കല്ലൂപ്പാറ എക്യുമെനിക്കൽ കൺവെൻഷന്റെ സ്ഥാപക പിതാവ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ആയിരുന്നു. തിരുവനന്തപുരത്ത് യാക്കോബായ ഓർത്തഡോക്സ് പള്ളികളിലെ വിശ്വാസികളുടെ മൃതദേഹം അടക്കുവാനുള്ള സ്ഥലം വിട്ടുനല്കിയത് അഭി. പിതാവിന്റെ എക്യുമെനിക്കൽ ഹൃദയത്തിന്റെ ഉത്തമ ഉദാഹരണമാണ്. തിരുവനന്തപുരം യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ സ്ഥാപക രക്ഷാധികാരി അഭി. പിതാവായിരുന്നു. ഇതു കൂടാതെതന്നെ അനേകം എക്യുമെനിക്കൽ സംരംഭങ്ങൾ സ്ഥാപിക്കാനും വളർത്താനും അഭി. പിതാവ് മുന്നിട്ടുനിന്നിരുന്നു.

## സമാപനം

ഒരു യുഗപുരുഷനായിരുന്നു ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത. സഭാവ്യത്യാസമില്ലാതെ, ജാതിമത വ്യത്യാസമില്ലാതെ, രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരെയും ഒരേപോലെ കാണുവാൻ പിതാവിന് കഴിഞ്ഞു. മനുഷ്യരെല്ലാവരും ദൈവപിതാവിന്റെ മക്കളാണെന്ന ചിന്തയായിരുന്നു പിതാവിനുണ്ടായിരുന്നത്. സഭകൾ തമ്മിൽ ഐക്യപ്പെടേണ്ടതിന്റെ പ്രാധാന്യം പോലെ തന്നെ എല്ലാ മതവിശ്വാസികളും മതവിശ്വാസമില്ലാത്തവരും ഐക്യത്തിലും സഹവർത്തിത്വത്തിലും ജീവിക്കണമെന്ന് പിതാവ് ആഗ്രഹിച്ചു. അഭിപ്രായവ്യത്യാസങ്ങൾ ഉള്ളിടത്തെല്ലാം അദ്ദേഹം ഐക്യത്തിന്റെ ദൂതനായി ഓടിയെത്തിയിരുന്നു. സംവാദത്തിന്റെ മാർഗമാണ് സുവിശേഷത്തിന്റെ മാർഗം എന്ന ബോധ്യം അഭി. പിതാവിനുണ്ടായിരുന്നു. എല്ലാ ജനങ്ങളെയും ഒന്നായി കാണാൻ ശ്രമിച്ച അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ഒരായിരം പ്രണാമങ്ങൾ അർപ്പിക്കുന്നു. ●


വേർപാടിന്റെ 3 – ാം വാർഷികം

11–11–2019



മോളി കുര്യൻ

w/o കുര്യൻ വർക്കി

തോട്ടോടിപ്പറമ്പിൽ, നെടുമ്പ്രം, തിരുവല്ല

പ്രാർത്ഥനയോടെ,

മക്കൾ : ജയന്തി കുര്യൻ, ജനി മേരി കുര്യൻ

മരുമകൻ: ടിജോ വറുഗീസ്

www.malankaralibrary.com




**MM - 110**



തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 28 വയസ്, EMARITES TENTS (SHARJAH) UAE യിൽ WELDING FOREMAN ആയി ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**CONTACT - +971557976698 (WhatsApp)**

**MM - 111**



Name - SHEBIN T RAJU
Age - 30, Height - 172 c.m.
Job - Showroom Mechanic
Qualification - SSLC, ITI, Automobile
Caste - Christian Orthodox
District - Kottayam
**Contact - 7560973529**

**MM - 112**



തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ യുവാവ്, 32 വയസ്, 165 c.m., ഖത്തറിൽ ഓട്ടോ മൊബൈൽ ടെക്നീഷ്യനായി ജോലി ചെയ്യുന്നു. വിദ്യാഭ്യാസം - ഐ.റ്റി.ഐ., ഓട്ടോ മൊബൈൽ ടെക്നീഷ്യൻ. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact : **9446561928, 9400238928**

**MM - 113**

തിരുവല്ല രൂപതയിൽപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ യുവാവ്, 40 വയസ്, 158 c.m., കുവൈറ്റിൽ ഇലക്ട്രീഷ്യൻ, സാമ്പത്തികം കുറഞ്ഞതുമാകാം. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : **9497124771, 9074258216**

**MM - 114**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ യുവാവ്, 30 വയസ്, 172 c.m., B.Tech. MNC കൊച്ചിയിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : **9446091810, 9497616600**

www.malankaralibrary.com

**MM - 115**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ യുവാവ്, 30 വയസ്, 175 c.m., MBA. ദുബായിൽ ബാങ്കിംഗ് മേഖലയിൽ ജോലി ചെയ്യുന്നു. Nurse/B.tech വിദ്യാഭ്യാസമുള്ളവർക്ക് മുൻഗണന. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact : 9847590565, 9436805709

**MM - 116**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ യുവാവ്, 33 വയസ്, 168 c.m., MBA, നാട്ടിൽ പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്നു. ഡിഗ്രിയിൽ കുറയാതെ വിദ്യാഭ്യാസവും നാട്ടിൽഉള്ളവർക്കും മുൻഗണന. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact : 9747854563

**MM - 117**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ യുവാവ്, 30 വയസ്, 177 c.m., ഇലക്ട്രിക്കൽ എഞ്ചിനിയർ, അബുദാബിയിൽ ജോലി ചെയ്യുന്നു. നഴ്സുമാർക്ക് മുൻഗണന. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact : 9778363805

**MM - 118**

BDS പാസായ തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 25 വയസ്, ഉയരം 158 c.m., അനുയോജ്യരായ ആൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact : 9544577422, 9961330684




## Renju C. Daniel



APJ Abdul Kalam Technological യൂണിവേഴ്സിറ്റിയിൽ M.Tech Computer Integrated Manufacturing കോഴ്സിൽ ഒന്നാം റാങ്ക് നേടിയ Renju C. Daniel (TKM College of Engineering, Kollam) തിരുവല്ല (കടപ്ര-മാന്നാർ) മാന്നാർ ഈസ്റ്റ് ഇടവകയിൽ ചിറയിൽ വീട്ടിൽ ദാനിയേൽ സി.എം. ന്റെയും മോളിക്കുട്ടി ദാനിയേലിന്റെയും മകനാണ്.

www.malankaralibrary.com



# മല്പാനോട് ചോദിക്കാം ? 6

# ശ്ലേമോന്റെ ഉറുമാൽ

വി. കുർബാനക്രമത്തിൽ നൽകിയിരിക്കുന്ന പരിശുദ്ധ ദൈവമാതാവിനോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥനയിലെ ഒരു ഗീതത്തിൽ ഇപ്രകാരം കാണുന്നു:

മന്നാ നിക്ഷേപിത ചെപ്പും
തളിർത്തോരഹറോൻ തൻ വടിയും
ഉൾക്കൊണ്ടോരു നിയമപ്പെട്ടി
ശ്ലേമോൻ തന്നുറുമാലുമിവ

ഇവിടെ പരാമർശിക്കപ്പെടുന്ന ശ്ലേമോന്റെ ഉറുമാൽ എന്താണ്? “ശൂശേപ്പൊശ്ലേമൂനൊയ്ത്തൊ” എന്ന സുറിയാനി വാക്കാണ് ഇവിടെ ശ്ലേമോൻ തന്നുറുമാൽ എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. സുറിയാനിയിലുള്ള ഗീത ഭാഗത്തിന്റെ ഗദ്യവിവർത്തനം ഇപ്രകാരമാണ്:

“നിന്റെ ഉദരത്തിലുള്ള രഹസ്യത്തെ
ശ്ലേമോന്യ ശോശപ്പ ചിത്രീകരിച്ചിരിക്കുന്നു.”

ശ്ലേമോന്യ ശോശപ്പ (ശ്ലേമോൻ തന്നുറുമാൽ) എന്ന പദത്തിന് ആധാരം സുഭാഷിതങ്ങൾ 30-ാം അദ്ധ്യായം 4-ാം വാക്യവും ഇതിന് വി. അപ്രേം അദ്ദേഹത്തിന്റെ 10-ാംവിശ്വാസഗീതത്തിൽ നല്കുന്ന വ്യാഖ്യാനവുമാണ്. പ്ശീത്താ ബൈബിളിലെ സുഭാഷിതങ്ങൾ 30:4 ഇപ്രകാരമാണ്:

ആരാണ് വെള്ളത്തെ ശോശപ്പായിൽ
പൊതിഞ്ഞു വെച്ചിരിക്കുന്നത്?

ഈ വേദഭാഗത്തിന് വി. അപ്രേം നല്കുന്ന വ്യാഖ്യാനമനുസരിച്ച് ശോശപ്പ മറിയത്തിന്റെ ഉദരവും വെള്ളം (ജീവജലത്തിന്റെ ഉറവ) യേശുവുമാണ്. ശോശപ്പ (ശൂശെപ്പൊ) എന്ന സുറിയാനി വാക്കിന്റെ അർത്ഥം വിരി, തൂവാല (...., towel, handkerchief) എന്നാണ്.

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല – 689 101. ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com



www.malankaralibrary.com

Date of Publication : 01-11-2022
Price Rs. 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
October - November 2022




വിവാഹ മുഹൂർത്തങ്ങൾക്കും ആഘോഷങ്ങൾക്കും പുതിയ നിറം നൽകാൻ പുളിമൂട്ടിൽ സിൽക്ക്സ് അവതരിപ്പിക്കുന്നു ഏറ്റവും പുതിയൊരു കളക്ഷൻ. ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും ശേഖരിച്ച ഏറ്റവും പ്രഗത്ഭരായ നെയ്ത്തുകലാകാരന്മാരുടെ അപൂർവ സൃഷ്ടികൾ. കാഞ്ചിപുരം, ബനാറസ് സാരികൾ അവിടെയുള്ള അതേ വിലയിൽ സ്വന്തമാക്കാം. കൂടാതെ, Ladies, Men's, Kids, Home Linen, Dress Material എന്നിവയിൽ ഏറ്റവും പുതിയ കളക്ഷനുകൾ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.

കണ്ടെത്തൂ നിങ്ങളുടെ ബോൾഡ് ആൻഡ് ബ്യൂട്ടിഫുൾ സ്റ്റൈൽ.

Pulimoottil SILKS
MC ROAD, THIRUVALLA
0469-2602221

SILK EXPERTS SINCE 1924

KOTTAYAM I KOLLAM | THODUPUZHA I THRISSUR

+91-97782 94521

Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil